بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

The weekly
**BADAR** Qadian
Malayalam

വാല്യം 3

വാർഷിക വരിസംഖ്യ 500 രൂപ

ലക്കം 23

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 ജൂൺ 07/ഹി:ശം:1397 ഇഹ്സാൻ 07/ഹി:ഖ:1439 റമളാൻ 22

## അല്ലാഹുവിന്റെ വചനം

وَاَتِمُّوا الۡحَجَّ وَالۡعُمۡرَۃَ لِلّٰہِ

അല്ലാഹുവിനുവേണ്ടി ഹജ്ജും ഉംറയും പൂർത്തിയാക്കുവിൻ (2:197)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറഞ്ഞു: കശ്തിയെ നൂഹ് എന്ന ഗ്രന്ഥത്തിലുള്ള നമ്മുടെ അധ്യാപനം എന്ന ഭാഗം ഒരു അഹ്മദി തീർച്ചയായും വായിക്കേണ്ടതാണ്. എന്നല്ല കശ്തിയെ നൂഹ് മുഴുവനും തന്നെ വായിക്കേണ്ടതാണ്.**

**നിങ്ങളെത്രയും വേഗം പരസ്പരം ഐക്യപ്പെടുകയും നിങ്ങളുടെ സഹോദരങ്ങളുടെ തെറ്റുകുറ്റങ്ങൾ പൊറുത്തുകൊടുക്കുകയും ചെയ്യുക. എന്തുകൊണ്ടെന്നാൽ, തന്റെ സഹോദരനുമായി ഐക്യത്തിനിഷ്ടപ്പെടാത്ത മനുഷ്യൻ ദുഷ്ടനാണ്. അവൻ മുറിച്ചുനീക്കപ്പെടും. കാരണം അവൻ ഭിന്നിപ്പുണ്ടാക്കുന്നു. നിങ്ങൾ നിങ്ങളുടെ ഇന്ദ്രിയാശകളെ എല്ലാ വശത്തൂടെയും ഉപേക്ഷിക്കുകയും പരസ്പരമുള്ള വെറുപ്പ് കൈവെടിയുകയും ചെയ്യുക. നിങ്ങൾ പൊറുക്കപ്പെടുന്നവരാകാൻ സത്യവാനായിക്കൊണ്ട് വ്യാജനെപ്പോലെ വിനയം കൈക്കൊള്ളുക.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

“കാരുണ്യത്തിന്റെ അടയാളങ്ങൾ കാണിക്കുകയെന്നത് ദൈവത്തിന്റെ സനാതനമായ ചര്യയാണ്. എന്നാൽ, നിങ്ങൾക്ക് ഈ ചര്യയിൽ പങ്കാളിയാകാൻ കഴിയുന്നത്, നിങ്ങളും അവനും തമ്മിൽ അകൽച്ച ഇല്ലാതിരിക്കുകയും നിങ്ങളുടെ ഇഷ്ടം അവന്റെ ഇഷ്ടവും നിങ്ങളുടെ ആഗ്രഹങ്ങൾ അവന്റെ ആഗ്രഹങ്ങളും ആയിത്തീരുകയും അവനിഷ്ടമുള്ളത് അവൻ ചെയ്യട്ടെ എന്ന ഉദ്ദേശ്യത്തോടെ ഫലസിദ്ധിയിലും പരാജയത്തിലും നിങ്ങളുടെ ശിരസ്സ് എപ്പോഴും എല്ലാ അവസ്ഥയിലും അവന്റെ സന്നിധിയിൽ വീണു കിടക്കുമ്പോഴും മാത്രമാണ്. അങ്ങനെ നിങ്ങൾ ചെയ്യുകയാണെങ്കിൽ ദീർഘകാലമായി തന്റെ മുഖം മറച്ചുവെച്ചിരുന്ന ദൈവം നിങ്ങളിൽ വെളിപ്പെടുന്നതാണ്. ഇപ്രകാരം പ്രവർത്തിക്കുന്നവനും അവന്റെ തൃപ്തി തേടുന്നവനും അവന്റെ വിധിനിയമത്തെ പഴിക്കാത്തവനുമായി നിങ്ങളിലാരെങ്കിലുമുണ്ടോ? അതിനാൽ നിങ്ങൾ വിപത്തുകൾ കണ്ടുകൊണ്ട് പിന്നേയും ചുവട് മുന്നോട്ടുവയ്ക്കുക. ഇത് നിങ്ങളുടെ അഭിവൃദ്ധിയ്ക്കുള്ള മാർഗമാണ്. അവന്റെ ഏകത്വം ഭൂമിയിൽ പ്രചരിപ്പിക്കുന്നതിനുവേണ്ടി സകലശക്തിയോടുംകൂടി നിങ്ങൾ പരിശ്രമിക്കുക. അവന്റെ ദാസന്മാരുടെമേൽ കരുണ കാണിക്കുകയും അവരോട് നാവുകൊണ്ടോ കൈകൊണ്ടോ മറ്റേതെങ്കിലും ശ്രമത്തിലോ അക്രമം ചെയ്യാതിരിക്കുക. സൃഷ്ടികളുടെ ക്ഷേമത്തിനായി പരിശ്രമിച്ചുകൊണ്ടിരിക്കുക. തങ്ങളുടെ കീഴിലുള്ള ആരോടും അഹങ്കാരം കാണിക്കാതിരിക്കുക. നിങ്ങളെ ചീത്തവിളിക്കുന്നവരായിരുന്നാലും നിങ്ങൾ ആരേയും ചീത്തവിളിക്കരുത്. ദൈവിക സവിധത്തിൽ സ്വീകരിക്കപ്പെടുന്നതിന്, നിങ്ങൾ വിനയാന്വിതരും സൗമ്യരും സദുദ്ദേശ്യരും സൃഷ്ടികളോട് സഹതാപമുള്ളവരുമായിത്തീരുക. സൗമ്യത പ്രകടിപ്പിക്കുന്ന ഒരുപാടാളുകളുണ്ട്. എന്നാൽ, അവർ ഉള്ളിൽ ചെന്നായ്ക്കളാണ്. പുറത്ത് ശുദ്ധരും അകത്ത് പാമ്പുകളുമായിട്ടുള്ള നിരവധിയാളുകളുണ്ട്. നിങ്ങളുടെ പുറവും അകവും ഒരുപോലെ ആകാത്തിടത്തോളം അവന്റെ സന്നിധിയിൽ നിങ്ങൾ സ്വീകരിക്കപ്പെടുകയില്ല. വലിയവരായിരിക്കെ ചെറിയവരോട് കരുണ കാണിക്കുക; അവരെ പുച്ഛിക്കരുത്. പണ്ഡിതനായിക്കൊണ്ട് അജ്ഞരെ ഉപദേശിക്കുക; അല്ലാതെ അഹംഭാവം കാണിച്ച് അവരെ അപമാനിക്കരുത്. ധനികരായിരിക്കെ ദരിദ്രരെ സേവിക്കുക; പൊങ്ങച്ചം കാണിച്ച് അവരുടെമേൽ അഹങ്കരിക്കരുത്. നാശത്തിന്റെ വഴികളെ ഭയപ്പെടുക. ദൈവത്തെ ഭയപ്പെട്ടുകൊണ്ടിരിക്കുകയും തഖ്‌വ അഥവാ ഭയഭക്തിമാർഗ്ഗം കൊക്കൊള്ളുകയും ചെയ്യുക. സൃഷ്ടികളെ ആരാധിക്കരുത്. നിങ്ങളുടെ യജമാനന്റെ പിന്നാലെ കൂടുന്നവരായിത്തീരുക. ഭൗതികതയിൽനിന്ന് വിരക്തരാവുകയും അവന്റേതു മാത്രമായിത്തീരുകയും അവനുവേണ്ടിമാത്രം ജീവിക്കുകയും അവനുവേണ്ടി എല്ലാവിധ മാലിന്യങ്ങളേയും പാപങ്ങളേയും വെറുക്കുകയും ചെയ്യുക. കാരണം അവൻ പരിശുദ്ധനാണ്. നിങ്ങൾ ഭയഭക്തിയോടുകൂടി രാത്രി കഴിച്ചുകൂട്ടിയെന്ന് ഓരോ പ്രഭാതവും നിങ്ങൾക്കായി സാക്ഷി പറയട്ടെ. നിങ്ങൾ ഭയന്ന് ഭയന്ന് പകൽ കഴിച്ചുകൂട്ടിയെന്ന് ഓരോ പ്രദോഷവും നിങ്ങൾക്കായി സാക്ഷിപറയട്ടെ.

നോക്കിക്കൊണ്ടിരിക്കെ അപ്രത്യക്ഷമാകുന്ന ധൂമപടലങ്ങളെപോലുള്ള ശാപവചനങ്ങളെ നിങ്ങൾ ഭയക്കരുത്. പകലിനെ രാത്രിയാക്കാൻ അതിന് സാധ്യമല്ല. ആകാശത്തിൽനിന്നിറങ്ങുന്ന ദൈവശാപത്തെ നിങ്ങൾ ഭയപ്പെടുക. ആരിലാണോ അത് പതിക്കുന്നത് ഇരുലോകത്തുനിന്നും അത് അവനെ ഉന്മൂലനം ചെയ്യും. പ്രദർശനപരതകൊണ്ട് നിങ്ങൾക്ക് നിങ്ങളെ രക്ഷിക്കാൻ സാധ്യമല്ല. എന്തുകൊണ്ടെന്നാൽ മനുഷ്യന്റെ അന്തർഭാഗം (പാതാളം)വരെ നിങ്ങളുടെ ദൈവമായ ആ ദൈവത്തിന്റെ ദൃഷ്ടിയുണ്ട്. നിങ്ങൾക്ക് അവനെ വഞ്ചിക്കാൻ സാധിക്കുമോ? അതിനാൽ, നിങ്ങൾ നേരെയാവുകയും പവിത്രരും പരിശുദ്ധരും നിഷ്കളങ്കരുമായിത്തീരുകയും ചെയ്യുക. അണുമാത്ര അന്ധകാരം നിങ്ങളിൽ അവശേഷിക്കുന്നെങ്കിൽ നിങ്ങളുടെ സകല വെളിച്ചവും അതകറ്റിക്കളയുന്നതാണ്. നിങ്ങളുടെ ഏതെങ്കിലും ഭാഗത്ത് അഹങ്കാരമോ പ്രദർശനപരതയോ പൊങ്ങച്ചമോ അലസതയോ ഉണ്ടെങ്കിൽ നിങ്ങൾ സ്വീകാരാർഹരാകുകയില്ല. അല്പം ചില കാര്യങ്ങൾ ചെയ്തുകൊണ്ട് ചെയ്യേണ്ടതെല്ലാം ചെയ്തിരിക്കുന്നുവെന്നു നിനച്ച് സ്വയം വഞ്ചിതരാകരുത്. കാരണം, നിങ്ങളുടെ അസ്തിത്വത്തിൽ സമ്പൂർണമായ പരിവർത്തനം ഉണ്ടാകണമെന്ന് അല്ലാഹു ആഗ്രഹിക്കുകയും നിങ്ങളിൽനിന്ന് ഒരു മരണം ആവശ്യ

(ശേഷം പേജ് 11ൽ)

## 124-ാമത് ജൽസ സാലാന ഖാദിയാൻ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് 124-ാമത് ജൽസ സാലാന (വാർഷികസമ്മേളനം) ഖാദിയാൻ 2018 ഡിസംബർ 28,29,30(വെള്ളി, ശനി, ഞായർ) തിയതികളിൽ നടത്താൻ സമ്മതം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾമുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഉപകാരമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ജൽസസാലാന എല്ലാവിധത്തിലും വിജയകരവും അനുഗൃഹീതവും ആകുന്നതിനും സൗഭാഗ്യരായ ആളുകൾക്ക് സന്മാർഗപ്രാപ്തിക്ക് കാരണമാകുന്നതിനുംവേണ്ടി ദുആചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ്

*(നാളിർ ഇസ്‌ലാഹ് -ഒ-ഇർശാദ് മർക്കസിയ്യ ഖാദിയാൻ)*

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദർ ബോർഡ്,ഖാദിയാൻ

# ചിന്താർഹമായൊരു ഒരു വസിയ്യത്ത്

നബി(സ) തിരുമേനി ഒരുദിവസം ഹദ്റത്ത് മുആദ്(റ)നോടു പറഞ്ഞു.

*മുആദു ഇന്നീ മുഹദിഥുക്ക ബിഹദീഥിൻ ഇൻ അൻത ഹഫിള്തഹൂ നഫ്അക്ക*

മുആദേ, ഞാൻ നിന്നോടു ഒരു കാര്യം പറയുകയാണ്. അത് നീ ഓർമവെച്ചാൽ നിനക്ക് ഫലം ചെയ്യും. നീ അതു മറന്നുകളഞ്ഞാൽ *ഇൻഖത്അത്ത് ഹുജ്ജത്തുക്ക ഇൻദല്ലാഹി* അല്ലാഹുവിന്റെ അനുഗ്രഹം നിനക്ക് കരസ്ഥമാക്കാൻ സാധിക്കുകയില്ല. മോക്ഷം പ്രാപിക്കുന്നതിന് തൃപ്തികരമായ ഒരു തെളിവും നിന്റെയടുക്കൽ അവശേഷിക്കുകയുമില്ല.

*യാ മുആദു ഇന്നല്ലാഹ തബാറക്ക വ തആല ഖലഖ സബ്അത്ത അംലാക്കിൻ ഖബ്ല അൻയ്യഖ്ലുക്കസ്സമാവാത്തി വൽ അർളി*

മുആദേ! അല്ലാഹു ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുന്നതിനുമുമ്പേ കാവൽക്കാരായ ഏഴു മലക്കുകളെ സൃഷ്ടിച്ചു. (ആകാശങ്ങൾ എന്നു പറഞ്ഞതിന്റെ വിവക്ഷിതം ആത്മീയമായി ഉയർന്ന ആളുകൾ താമസിക്കുന്ന ആത്മീയാകാശങ്ങളാണെന്ന് ഈ ഹദീഥിന്റെ ഉള്ളടക്കത്തിൽനിന്ന് മനസ്സിലാകുന്നു). ആ മലക്കുകളെ ഓരോ ആകാശത്തിന്റേയും കാവൽക്കാരായി നിയമിച്ചിരിക്കുന്നു. തങ്ങളുടെ സ്ഥാനത്ത് നില്ക്കുകയും അല്ലാഹുവിന്റെ അനുമതിയുള്ള ആളുകളുടെ കർമങ്ങൾ അതുവഴി മുന്നോട്ടുകൊണ്ടുപോകാനനുവദിക്കുകയുമായിരുന്നു അവരുടെ ജോലി. നബി കരീം(സ) പറഞ്ഞു: മനുഷ്യന്റെ കർമങ്ങൾ സൂക്ഷിക്കുകയും നിത്യേനയുള്ള പ്രവർത്തനങ്ങൾ എഴുതിവെക്കുകയും ചെയ്യുന്ന മലക്കുകൾ, അല്ലാഹുവിന്റെ ഒരു ദാസൻ രാവിലെ മുതൽ വൈകുന്നേരംവരെ ചെയ്ത കർമങ്ങളുമായി ആകാശത്തേക്കുയർന്നു. ആ കർമങ്ങൾ പരിശുദ്ധമാണെന്നും, അത് വളരെയധികമുണ്ടെന്നും ആ മലക്കുകൾ ധരിച്ചു. അവർ ഒന്നാം ആകാശത്തെത്തി. അവിടെ കാവൽ നില്ക്കുന്ന മലക്കിനോടു പറഞ്ഞു: 'അല്ലാഹുവിന്റെ സന്നിധിയിൽ അവന്റെ ഒരു ദാസന്റെ കർമങ്ങൾ സമർപ്പിക്കാനാണ് ഞങ്ങൾ വന്നിട്ടുള്ളത്. അത് വളരെ പരിശുദ്ധമാണ്.' അപ്പോൾ കാവൽക്കാരനായ മലക്ക് പറഞ്ഞു. നിൽക്കൂ! നിങ്ങൾക്ക് മുന്നോട്ടു പോകാൻ അനുവാദമില്ല. നിങ്ങൾ മടങ്ങിപ്പോകുക. ഈ കർമങ്ങൾ കൊണ്ടുപോയി ഇതിന്റെ ഉടമസ്ഥന്റെ മുഖത്തെറിയുക. പരദൂഷണം പറയുന്നവന്റെ കർമങ്ങൾ ഇതുവഴി മുന്നോട്ടുകൊണ്ടുപോകാനനുവദിക്കരുതെന്ന നിർദ്ദേശത്തോടെയാണ് അല്ലാഹു എന്നെ ഇവിടെ നിറുത്തിയിരിക്കുന്നത്. നിങ്ങൾ ഏതൊരുത്തന്റെ കർമങ്ങളുമായാണോ വന്നിട്ടുള്ളത് അവൻ സദാ പരദൂഷണം പറയുന്നവനാകുന്നു.

നബി(സ)തിരുമേനി പറഞ്ഞു: മറ്റൊരു ദാസന്റെ കർമങ്ങളുമായി വേറെ ചില മലക്കുകൾ ആകാശത്തേക്കുയർന്നു. ഈ കർമങ്ങൾ വളരെ ശുദ്ധമാണ്. ഇയാൾ ഇത് ധാരാളമായി അനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്. എന്നൊക്കെ അവർ അന്യോന്യം പറഞ്ഞുകൊണ്ടിരുന്നു. കാരണം അവയിൽ പരദൂഷണത്തിന്റെ കലർപ്പില്ലായിരുന്നു. അതുകൊണ്ടുതന്നെ ഒന്നാം ആകാശത്തിന്റെ കാവൽക്കാരൻ അവരെ കടന്നുപോകാൻ അനുവദിച്ചു. പക്ഷേ, അവർ രണ്ടാനാകാശത്തെത്തിയപ്പോൾ അവിടെ കാവൽനിന്നിരുന്ന മലക്ക് അവരെ വിളിച്ചു. അദ്ദേഹം പറഞ്ഞു നിൽക്കൂ! തിരിച്ചുപോകൂ! ഈ കർമങ്ങൾകൊണ്ടുപോയി അവരുടെ ഉടമസ്ഥന്റെ മുഖത്തെറിയുക. ഞാൻ അന്തസിന്റേയും വമ്പുപറയുന്നതിന്റേയും കാര്യങ്ങൾ നോക്കുന്ന മലക്കാകുന്നു. അന്തസും, വമ്പും കലർന്ന കർമങ്ങൾ ഇതുവഴി മുന്നോട്ടു പോകാതിരിക്കാനാണ് ഞാനിവിടെ നിയോഗിതനായിട്ടുള്ളത് ഈ കർമങ്ങളുടെ ഉടമസ്ഥൻ ജനങ്ങളുടെ സദസ്സിലിരുന്ന് തന്റെ കർമങ്ങളിൽ അന്തസും വമ്പും പ്രകടിപ്പിച്ചിരുന്നു.'

നബിതിരുമേനി(സ) പറഞ്ഞു: മലക്കുകളുടെ ഒരു കൂട്ടം വേറൊരാളുടെ കർമങ്ങളുമായി ആകാശത്തേക്കുയർന്നു. ആ മലക്കുകളുടെ ദൃഷ്ടിയിൽ അയാളുടെ കർമങ്ങൾ പ്രകാശപൂരിതമായിരുന്നു. ആ കർമങ്ങളിൽ ദാനധർമങ്ങളും അടങ്ങിയിട്ടുണ്ട്. നോമ്പും നമസ്കാരവും അതിലുണ്ടായിരുന്നു. തന്റെ നാഥനായ അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി ആ ദാസൻ ചെയ്ത കഠിനപ്രയത്നം കണ്ട് ആ മലക്കുകൾ അത്ഭുതപ്പെട്ടു. ആ കർമങ്ങളിൽ പരദൂഷണത്തിന്റേയോ ആത്മാഭിമാനത്തിന്റേയോ കലർപ്പുണ്ടായിരുന്നില്ല. തന്നിമിത്തം ഒന്നും രണ്ടും ആകാശങ്ങളിലെ മലക്കുകൾ കടന്നുപോകാൻ അവരെ അനുവദിച്ചു. എന്നാൽ, മൂന്നാം ആകാശത്തിന്റെ പ്രവേശനകവാടത്തിൽ ചെന്നപ്പോൾ അവിടെ കാവൽ നിൽക്കുന്ന മലക്ക് പറഞ്ഞു. 'നില്ക്കൂ! ഈ കർമങ്ങളുടെ ഉടമസ്ഥന്റെ അടുത്തേക്ക് മടങ്ങിച്ചെല്ലുക. അവ അയാളുടെ മുഖത്തെറിയുക. അഹങ്കാരത്തിന്റെ കാര്യങ്ങൾ നോക്കുന്ന മലക്കാണ് ഞാൻ. അഹങ്കാരത്തിന്റെ ചുവ കലർന്നിട്ടുള്ള ഒരു കർമവും ഇതുവഴി കടന്നുപോകാനനുവദിക്കരുതെന്ന നിർദ്ദേശത്തോടെയാണ് എന്നെ നിറുത്തിയിരിക്കുന്നത്. ഈ കർമങ്ങളുടെ ഉടമസ്ഥൻ കൊടുംഅഹങ്കാരിയാണ്. എല്ലാം താൻതന്നെയെന്ന് അയൾ കരുതി. മറ്റുള്ളവരെ അയാൾ നിസ്സാരരായി കണ്ടു. അവരോട് അഹങ്കാരത്തോടും ഗർവോടുംകൂടി അയാൾ പെരുമാറി. സദസ്സുകളിൽ തന്റെ വ്യക്തിത്വം അയാൾ പ്രകടിപ്പിച്ചു. അയാളുടെ കർമങ്ങൾ നിങ്ങളുടെ ദൃഷ്ടിയിൽ നല്ലതാണെന്നു തോന്നുന്നുവെങ്കിലും അത് അല്ലാഹുവിന്റെയടുക്കൽ സ്വീകാര്യമല്ല.

നബി(സ) തിരുമേനി പറഞ്ഞു: 'മലക്കുകളുടെ ഒരു സംഘം പിന്നൊരാളുടെ കർമങ്ങളുമായി ആകാശത്തേയ്ക്കുയർന്നു. ആ കർമങ്ങൾ മലക്കുകൾക്ക് തിളക്കമാർന്ന വലിയ നക്ഷത്രംപോലെ ഭംഗിയുള്ളതായി തോന്നി. അവയിൽ നമസ്കാരവും തസ്ബീഹും ഹജ്ജും ഉംറയുമെല്ലാമുണ്ടായിരുന്നു. മൂന്നാകാശവും പിന്നിട്ട് അവർ നാലാനാകാശത്തിന്റെ കവാടത്തിലെത്തി. അപ്പോൾ അവിടെ കാവൽ നില്ക്കുന്ന മലക്ക് പറഞ്ഞു: നിൽക്കൂ! ആ കർമങ്ങളുമായി ഇതിന്റെ ഉടമസ്ഥന്റെ അടുത്തേക്കുതന്നെ ചെല്ലുക. അത് അവന്റെ മുഖത്തെറിയുക. ഞാൻ, തന്നിഷ്ടക്കാരന്റെ കാര്യങ്ങൾ നോക്കുന്ന മലക്കാകുന്നു. തന്നിഷ്ടം പ്രവർത്തിക്കുന്നതാരാണോ, തന്റെ കർമം മുഖേന തന്നെ അല്ലാഹുവിന് പങ്കാളിയായി കരുതുന്നതാരാണോ അയാളുടെ കർമങ്ങൾ ഈ നാലാം ആകാശത്തിന്റെ കവാടത്തിലൂടെ കടന്നുപോകാൻ വിടരുതെന്ന് അല്ലാഹു കല്പിച്ചിരിക്കുന്നു. ഈ വ്യക്തിയുടെ എല്ലാ പ്രവൃത്തിയിലും തന്നിഷ്ടം പ്രകടമായിരുന്നു. അയാളുടെ കർമങ്ങൾ അല്ലാഹുവിന്റെ ദൃഷ്ടിയിൽ സ്വീകാര്യമല്ല.

നബി(സ)തിരുമേനി പറഞ്ഞു: മലക്കുകളുടെ അഞ്ചാമതൊരു വിഭാഗം മറ്റൊരാളുടെ കർമങ്ങളുമായി ആകാശത്തേക്കുയർന്നു. വിവാഹരാത്രിയിൽ സർവാലങ്കാരങ്ങളോടെ അണിഞ്ഞൊരുങ്ങി മണവാളന്റെ മണിയറയിലേക്ക് പൂമണം ചൊരിഞ്ഞ് വന്നെത്തിയ ഒരു മണവാട്ടിയെപോലെയാണ് ആ കർമങ്ങളുടെ സ്ഥിതിയെന്ന് പ്രസ്തുത മലക്കുകൾ ധരിച്ചു. എന്നാൽ, നാലാകാശവും കടന്ന് അഞ്ചാമാകാശത്തെത്തിയപ്പോൾ അവിടെ കാവൽനിന്ന മലക്ക് പറഞ്ഞു: നിൽക്കൂ! ഈ കർമങ്ങൾ തിരിച്ചുകൊണ്ടുപോയി ഇതിന്റെ ഉടമസ്ഥന്റെ മുഖത്തെറിയുക. ഇതു സ്വീകരിക്കാൻ നിന്റെ ദൈവം തയ്യാറല്ലെന്ന് അയാളോടു പറയുക. ഞാൻ അസൂയയുടെ കാര്യങ്ങൾ നോക്കുന്ന മലക്കാകുന്നു. അസൂയ കലർന്ന കർമങ്ങൾ ഈ അഞ്ചാമാകാശത്തിന്റെ വാതിലിലൂടെ കടന്നുപോകാൻ അനുവദിക്കരുതെന്ന് എന്റെ രക്ഷിതാവ് എന്നോടു ആജ്ഞാപിച്ചിരിക്കുന്നു. ഈ വ്യക്തി അറിവു സമ്പാദിക്കുന്നവരോടും സൽകർമങ്ങളനുഷ്ഠിക്കുന്നവരോടും അസൂയപ്പെട്ടിരുന്നു. ഇയാളുടെ കർമങ്ങൾ ഇതുവഴി കൊണ്ടുപോകാൻ ഞാൻ അനുവദിക്കുകയില്ല."

നബി(സ)തിരുമേനി പറഞ്ഞു: 'മലക്കുകളുടെ ആറാമതൊരു സംഘം അടുത്തൊരാളുടെ കർമങ്ങളുമായി ആകാശത്തേക്കുയർന്നു. അഞ്ച് ആകാശവും താണ്ടി അവർ ആറാമാകാശത്തെത്തി. ആ കർമങ്ങളിൽ നോമ്പും നമസ്കാരവും സക്കാത്തും ഹജ്ജും ഉംറയുമൊക്കെയുണ്ടായിരുന്നു. ഇവയെല്ലാം അല്ലാഹുവിന്റെ സന്നിധിയിൽ സ്വീകാര്യമായതാണെന്നാണ് മലക്കുകൾ കരുതിയത്. പക്ഷേ, ആറാമത്തെ ആകാശത്തെത്തിയപ്പോൾ അവിടെ കാവൽ നില്ക്കുന്ന മലക്ക് പറഞ്ഞു: 'നിൽക്കൂ! മുന്നോട്ടുപോകരുത്. അല്ലാഹുവിന്റെ ദാസന്മാരോട് ഒരിക്കലും കരുണ കാണിക്കാത്തയാളാണ് ഈ വ്യക്തി. കരുണ കാണിക്കാത്തവരുടെ കർമങ്ങൾ ഈ വാതിലിലൂടെ വിടാതിരിക്കാനാണ് എന്നെ നിയോഗിച്ചിട്ടുള്ളത്. നിങ്ങൾ മടങ്ങിപൊയ്ക്കൊള്ളുക. അല്ലാഹുവിന്റെ ദാസന്മാരോട് കരുണ കാണിക്കുന്നതിനുപകരം അവരോട് അക്രമം പ്രവർത്തിക്കുകയായിരുന്നു നീ ചെയ്തതെന്ന് പറഞ്ഞ് ഈ കർമങ്ങൾ അതിന്റെ ഉടമസ്ഥന്റെ മുഖത്തെറിയുകയും അങ്ങനെയുള്ള നിന്നോടു കരുണ ചെയ്ത് നിന്റെ കർമങ്ങൾ അല്ലാഹു എങ്ങനെ സ്വീകരിക്കാനാണെന്ന് അവനോടു ചോദിക്കുകയും ചെയ്യുക.

നബി(സ)തിരുമേനി പറഞ്ഞു: മറ്റു ചില മലക്കുകൾ ഒരു ദാസന്റെ കർമങ്ങളുമായി ആകാശത്തിനു ശേഷം ആകാശവും വിവിധ കവാടങ്ങളും പിന്നിട്ട് ഏഴാനാകാശത്തെത്തി. നമസ്കാരവും നോമ്പും ഇസ്ലാമിക കർമശാസ്ത്രവും അവയിലടങ്ങിയിരുന്നു. തേനീച്ചയുടെ മൂളൽപോലുള്ള ശബ്ദം ആ കർമങ്ങളിൽനിന്ന് കേൾക്കാമായിരുന്നു. മലക്കുകൾ അയാളുടെ കർമങ്ങളെപ്പറ്റി അഭിമാനത്തോടെ അന്യോന്യം സംസാരിക്കുന്നതായിരുന്നു ആ ശബ്ദം.

(ശേഷം പേജ് 12ൽ)




"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു." (ബുഖാരി)

ജൽസസാലാന ഖാദിയാൻ 2018
എല്ലാ ജമാഅത്തംഗങ്ങൾക്കും
ആശംസകളോടെ......

എം. അബ്ദുൽ വഹാബ് (Business)
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം– 689 695. Phone: 9744653179.

# ഖുത്ബ ജുമുഅ

## അല്ലാഹുവിന്റെ സിംഹവും അല്ലാഹുവിന്റെ റസൂലിന്റെ സിംഹവുമായ ഹദ്റത്ത് ഹംസാ(റ)യുടെ ഇസ്‌ലാംമത സ്വീകരണത്തിന്റേയും ധാർമികരോഷത്തിന്റേയും ധീരതയുടേയും വീരത്വത്തിന്റേയും അന്തസിന്റേയും ആത്മാഭിമാനത്തിന്റേയും ദുആകളോടുള്ള തീവ്രസ്നേഹത്തിന്റേയും ചാർച്ചയെ ചേർക്കുന്നതിന്റേയും ശഹാദത്തിന്റേയും സംഭവങ്ങളുടെ മനസ്സലിയിക്കുന്ന ചർച്ച

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

ഖുത്ബ ജുമുഅ 4-5-2018/1397 ഹിജ്റത്ത് 04
മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു അവസരത്തിൽ പറഞ്ഞു: "നബി(സ)തിരുമേനിയുടെ ആഗമനകാലത്ത് അറേബ്യൻ സമൂഹത്തിലെ സംസ്കാരത്തിന്റേയും ധാർമികതയുടേയും ആധ്യാത്മികതയുടേയും അവസ്ഥയെന്തായിരുന്നു? വീടുകൾതോറും അടിപിടി, മദ്യപാനം, വ്യഭിചാരം, കൊള്ള തുടങ്ങിയ എല്ലാ തിന്മകളും അവരിലുണ്ടായിരുന്നു. ദൈവവുമായോ ധാർമികതയുമായോ ഒരു ബന്ധവും അവർക്കുണ്ടായിരുന്നില്ല. ഓരോരുത്തരും ഫിർഔൻ ചമഞ്ഞു നടക്കുകയായിരുന്നു. എന്നാൽ, നബി(സ)തിരുമേനിയുടെ ആഗമനത്തോടെ അവർ ഇസ്‌ലാമിൽ പ്രവേശിച്ചപ്പോൾ ദൈവസ്നേഹത്തിന്റേയും ഐക്യത്തിന്റേയും എങ്ങനെയുള്ള ആത്മാവാണ് അവരിലു≠ായിരുന്നതെന്നാൽ ദൈവമാർഗത്തിൽ മരണം വരിക്കാൻ തയ്യാറായി. അവർ ബയ്അത്തിന്റെ പൊരുൾ പ്രകടിപ്പിച്ചു. തങ്ങളുടെ കർമംകൊണ്ട് അതിന്റെ മാതൃക കാണിച്ചുതന്നു."

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ആത്മാർഥതയുടെ എത്രമാത്രം ഉദാത്തമായ മാതൃകയാണ് നബി(സ)തിരുമേനിയുടെ സ്വഹാബികൾ കാണിച്ചത്. അതുപോലുള്ളത് മുമ്പേ ഉണ്ടായിരുന്നില്ല; ശേഷം കാണപ്പെടുന്നുമില്ല."

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "എന്നാൽ, അല്ലാഹു ഉദ്ദേശിക്കുന്നതായാൽ അതുപോലെ അവന് വീണ്ടും ചെയ്യാൻ സാധിക്കുന്നതാണ്. ആ മാതൃകകൾകൊണ്ട് മറ്റുള്ളവർക്ക് പ്രയോജനമുണ്ട്. ഈ ജമാഅത്തിൽ (അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ജമാഅത്തിനെസ്സംബന്ധിച്ച് പറയുകയാണ്) അത്തരത്തിലുള്ള മാതൃക ഉണ്ടാക്കാൻ അല്ലാഹുവിനു കഴിയുന്നതാണ്." ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "അല്ലാഹു സ്വഹാബാക്കളെ പ്രകീർത്തിച്ചുകൊണ്ട് എത്ര മനോഹരമായാണ് പറഞ്ഞിട്ടുള്ളത്: *മിനൽ മുഅ്മിനീന രിജാലുൻ സ്വദഖൂ മാ ആഹദുല്ലാഹ അലയ്ഹി ഫമിൻഹും മൻ ഖളാ നഹ്ബഹു വ മിൻഹും മൻ യ്യൻതളിർ.(33:24)*

അതായത്, അല്ലാഹുവുമായിച്ചെയ്ത കരാർ പാലിച്ച ചിലയാളുകൾ ആ സത്യവിശ്വാസികളിലുണ്ട്. അങ്ങനെ(ജീവനർപിച്ച) അവരിൽ ചിലർ തങ്ങളുടെ പ്രതിജ്ഞ പൂർത്തിയാക്കിയിരിക്കുന്നു. മറ്റു ചിലർ ജീവൻ അർപിക്കാൻ അവസരം പാർത്തിരിക്കുകയാണ്." ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "സ്വഹാബാക്കളെ പ്രശംസിച്ചുകൊണ്ടുള്ള ഖുർആനിക വചനങ്ങൾ ഒരുമിച്ചുകൂട്ടുന്നപക്ഷം അതിനേക്കാൾ ഉദാത്തമായ മറ്റൊരു ജീവിതമാതൃകയുമുണ്ടാകുകയില്ല. നന്മകളുടെ, ത്യാഗങ്ങളുടെ ഈ മാതൃകകൾ നമുക്ക് ഉത്തമ മാതൃകകളാണ്."

കഴിഞ്ഞ കുറച്ചു കാലമായി ഞാൻ സ്വഹാബാക്കളുടെ സംഭവങ്ങളായിരുന്നു വിവരിച്ചുകൊണ്ടിരുന്നത്. അവരിൽ ബദ്രീംകളുമുണ്ടായിരുന്നു ഏതാനും ചില മറ്റു സ്വഹാബാക്കളുമുണ്ടായിരുന്നു. എന്നാൽ, ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത സ്വഹാബാക്കൾക്ക് സവിശേഷസ്ഥാനം ഉള്ളതിനാൽ ആദ്യം അവരെക്കുറിച്ച് പറയാമെന്ന് ഞാൻ വിചാരിച്ചു. അല്ലാഹു തൃപ്തിപ്പെട്ട ആളുകളാണവർ; അല്ലാഹുവിന്റെ പ്രത്യേക തൃപ്തി കരസ്ഥമാക്കിയവരാണവർ.

ഇന്നു ഞാൻ ഹദ്റത്ത് ഹംസത്തുബ്നു അബ്ദിൽ മുത്ത്വലിബിനെക്കുറിച്ച് പറയുന്നതാണ്. എങ്ങനെയാണ് അദ്ദേഹം മുസ്‌ലിമായതെന്നതിനെ കുറിച്ച് വിശദമായി ചരിത്രത്തിലും ഹദീഥുകളിലുമുണ്ട്; ഇപ്രകാരംതന്നെ അദ്ദേഹത്തിന്റെ വീരമൃത്യുവിന്റെ സംഭവവും. സയ്യിദുശ്ശുഹദാഅ് അഥവാ ശുഹദാക്കളുടെ നേതാവ് എന്ന സ്ഥാനപ്പേരിൽ പ്രസിദ്ധനാണദ്ദേഹം. അതുപോലെതന്നെ അസദുല്ലാഹ് എന്നും അസദ് റസൂലെന്നുമുള്ള (അല്ലാഹുവിന്റെ സിംഹം, റസൂലിന്റെ സിംഹം) കീർത്തീനാമങ്ങളും അദ്ദേഹത്തിനുണ്ട്. ഹദ്റത്ത് ഹംസ(റ) ഖുറയ്ശികളുടെ നേതാവായിരുന്ന ഹദ്റത്ത് അബ്ദുൽമുത്ത്വലിബിന്റെ മകനും നബി(സ)തിരുമേനിയുടെ പിതൃവ്യന്മാരിൽ ഒരാളും മുലകുടി ബന്ധമൂലമുള്ള അവിടത്തെ സഹോദരനുമായിരുന്നു. ഹദ്റത്ത് ഹംസയുടെ മാതാവിന്റെ പേര് ഹാല എന്നായിരുന്നു. അവർ നബി(സ)തിരുമേനിയുടെ മാതാവ് ഹദ്റത്ത് ആമിനയുടെ കൊച്ചാപ്പയുടെ മകളായിരുന്നു. ഹദ്റത്ത് ഹംസയ്ക്ക് നബിതിരുമേനിയെക്കാൾ 2 വയസ്സ് കൂടുതലുണ്ട്. നാലു വയസ്സ് കൂടുതലുണ്ടെന്നും മറ്റൊരു നിവേദനമുണ്ട്. (ഇസ്തീആബ് നബി, വാല്യം 1 പേജ് 369, ഹംസത്തുബ്നു അബ്ദിൽ മുത്ത്വലിബ്, ദാറുൽ ജയ്ൽ ബേറൂത്ത് 1992)(അസ്ദുൽഗാബ, വാല്യം 2 പേജ് 67, ഹംസത്തുബ്നു അബ്ദിൽ മുത്ത്വലിബ്, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1996)

ഥൗബിയഃ എന്ന് പേരുള്ള ഒരു ദാസി ഇരുവരേയും മുലയൂട്ടിയിരുന്നു.(ശറഹ് സർഖാനീ വാല്യം 4 പേജ് 499, ബാബു ദിക്റു ബഅ്‌ള മനാഖിബുൽ അബ്ബാസ് ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1996)

നബി(സ)തിരുമേനിയുടെ പ്രവാചകവാദത്തിനുശേഷം ആറാം വർഷം ദാറു അർഖമിലെ കാലഘട്ടത്തിലാണ് ഹദ്റത്ത് ഹംസക്ക് ഇസ്‌ലാം സ്വീകരിക്കാനുള്ള തൗഫീഖ് ലഭിച്ചത്. (അത്ത്വബഖാത്തുൽ കുബ്റ ലിഇബ്നി സഅ്ദ് വാല്യം 3 പേജ് 6 ഹംസത്തുബ്നു അബ്ദിൽ മുത്ത്വലിബ്, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). ഹദ്റത്ത് ഹംസ ഇസ്‌ലാം സ്വീകരിച്ച സംഭവം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ചരിത്രസംഭവങ്ങളുടെ വെളിച്ചത്തിൽ തന്റെ സ്വതസിദ്ധമായ ശൈലിയിൽ വിവരിച്ചിട്ടുണ്ട്. അതിന്റെ ചുരുക്കം ഞാൻ വിവരിക്കുകയാണ്;കുറച്ചു വിശദീകരണവും. എങ്ങനെയാണ് ഹദ്റത്ത് ഹംസ ഇസ്‌ലാം സ്വീകരിച്ചതെന്നും അതിനു എന്തു കാരണമാണ് ഉണ്ടായതെന്നും അബൂജഹ്ൽ നബി(സ) തിരുമേനിയുടെമേൽ അക്രമം ചെയ്തപ്പോൾ എങ്ങനെയാണ് അദ്ദേഹത്തിന് നബി(സ)തിരുമേനിയെ കുറിച്ച് ധാർമികരോഷമുണ്ടായതെന്നുമൊക്കെ മനുഷ്യൻ ഭാവനയിലൂടെ കാണേണ്ടതാണ്. എന്തായാലും ആ സംഭവം ഇങ്ങനെയാണ്. 'ഒരിക്കൽ നബി(സ)തിരുമേനി സ്വഫാ-മർവാ കുന്നുകൾക്കിടയിലെ പാറമേൽ ഇരിക്കുകയായിരുന്നു. ദൈവത്തിന്റെ ഏകത്വം എങ്ങനെ സ്ഥാപിക്കാമെന്ന ആലോചനയിലായിരുന്നു തിരുമേനി. അന്നേരം അബൂജഹ്ൽ അവിടെയെത്തി. അയാൾ നബി(സ)തിരുമേനിയെ വളരെ മ്ലേഛമായ രീതിയിൽ ചീത്തവിളിക്കാൻ തുടങ്ങി. ആ ചീത്തവിളിയൊക്കെയും നബി(സ)തിരുമേനി സഹനത്തോടെ കേട്ടുകൊണ്ടിരുന്നു. ഒരു വാക്കുപോലും അവിടന്ന് ഉരിയാടിയില്ല. അബൂജഹ്ൽ തൃപ്തി വരുന്നതുവരെ ചീത്ത പറഞ്ഞുകൊണ്ടിരുന്നു. അതിനു ശേഷം ആ നീചൻ മുന്നോട്ടു വന്ന് തിരുമേനിയുടെ കരണത്തടിച്ചു. നബി(സ)തിരുമേനി പക്ഷേ, അയാളെ ഒന്നും പറഞ്ഞില്ല. നബി(സ) തിരുമേനി ഇരിക്കുകയും അബൂജഹ്ൽ ചീത്ത വിളിക്കുകയും ചെയ്ത സ്ഥലത്തിന്നടുത്തായിരുന്നു ഹദ്റത്ത് ഹംസയുടെ വീട്. ഹദ്റത്ത് ഹംസ അതുവരെ ഇസ്‌ലാം സ്വീകരിച്ചിരുന്നില്ല. അദ്ദേഹം പതിവായി എല്ലാ ദിവസവും രാവിലെ അമ്പും വില്ലുമെടുത്ത് നായാട്ടിന് പോകുമായിരുന്നു. വൈകുന്നേരമാണ് തിരിച്ചു വരിക. പിന്നീട് ഖുറയ്ശികളുടെ മജ്‌ലിസുകളിൽ പോയിരിക്കാറുണ്ടായിരുന്നു. അബൂജഹ്ൽ ഇങ്ങനെ നബി(സ)തിരുമേനിയെ ചീത്ത വിളിക്കുകയും മോശമായി പെരുമാറുകയും ചെയ്ത ദിവസം അദ്ദേഹം നായാട്ടിനു പോയിരിക്കുകയായിരുന്നു. പക്ഷേ, അബൂജഹ്ൽ ഇങ്ങനെ ചെയ്തു കൊണ്ടിരിക്കുമ്പോൾ ഹദ്റത്ത് ഹംസയുടെ കുടുംബത്തിലെ ഒരു അടിമപ്പെണ്ണ് വാതിൽക്കൽ നിന്ന് ഈ ദൃശ്യം യാദൃച്ഛികമായി കാണുകയായിരുന്നു. അബൂജഹ്ൽ പല പ്രാവശ്യവും നബി(സ)തിരുമേനിയുടെമേൽ ആക്രമണം നടത്തുകയും ചീത്തവിളിക്കുകയും ചെയ്തു. അവിടന്ന് നിശബ്ദമായി അതെല്ലാം സഹിക്കുകയായിരുന്നു. ആ അടിമപ്പെണ്ണ് വാതി

ൽക്കൽനിന്ന് അതെല്ലാം നോക്കിക്കൊണ്ടിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: അവർ ഒരു സ്ത്രീയായിരുന്നു. അവിശ്വാസിനിയുമായിരുന്നു. പക്ഷേ, പഴയകാലത്ത് മക്കാവാസികൾ തങ്ങളുടെ അടിമകളുടെമേൽ അക്രമം കാണിച്ചിരുന്നപ്പോൾ ചില മാന്യന്മാർ തങ്ങളുടെ അടിമകളോടു സൽപെരുമാറ്റവും കാഴ്ചവെച്ചിരുന്നു. അവസാനം കുറെ കാലം കഴിയുമ്പോൾ ആ അടിമ അതേ കുടുംബത്തിലെ ഒരു ഭാഗമായി മനസ്സിലാക്കപ്പെട്ടിരുന്നു. ഇപ്രകാരം അവളും ഹംസയുടെ കുടുംബത്തിലെ ഒരു അടിമപെണ്ണായിരുന്നു. അവൾ ഈ ദൃശ്യങ്ങളെല്ലാം കണ്ടപ്പോൾ, സ്വന്തം കണ്ണുകൊണ്ട് കാണുകയും ചെവികൊണ്ട് കേൾക്കുകയും ചെയ്തപ്പോൾ അത് അവളെ സ്വാധീനിച്ചു. അവൾക്കാണെങ്കിൽ ഒന്നും ചെയ്യാൻ കഴിയുമായിരുന്നില്ല. അതു കണ്ടുകൊണ്ടിരിക്കുമ്പോൾ അവളുടെ ഉള്ളു നീറിപ്പുകയുകയായിരുന്നു. നബി(സ)തിരുമേനി അവിടെനിന്നെഴുന്നേറ്റു പോയപ്പോൾ അവളും തന്റെ ജോലിയിൽ വ്യാപൃതയായി.

നബി(സ)തിരുനബിയുടെ പിതൃവ്യൻ ഹംസ നായാട്ടു കഴിഞ്ഞു ചുമലിൽ വില്ലും കുലച്ചിട്ടു തിരിച്ചെത്തി. വലിയ ഗാംഭീര്യത്തോടെയാണദ്ദേഹം വീട്ടിൽ പ്രവേശിച്ചത്. നഗരത്തിലുള്ളവർക്കെല്ലാം ഹംസ ഒരു പേടിസ്വപ്നമായിരുന്നു. രാവിലത്തെ സംഭവങ്ങൾ അടിമപ്പെണ്ണിന്റെ മനസ്സിൽ മായാതെ കിടന്നു. വലിയ പ്രതാപത്തിൽ ഹംസ കയറി വരുന്നത് കണ്ടപ്പോൾ അവൾക്കു പുച്ഛം തോന്നി. 'ധീരത നടിച്ചു ആയുധം കുലച്ചു നടക്കുന്ന താൻ നിരപരാധിയായ സഹോദരപുത്രനു രാവിലെ സംഭവിച്ചതെന്താണെന്നു അറിഞ്ഞിട്ടുണ്ടോ' എന്നു അവൾ ചോദിക്കാതിരുന്നില്ല. രാവിലെ നടന്നതെന്തെന്നു ഹംസ(റ) വിശദമായി ചോദിച്ചറിഞ്ഞു. സത്യവിശ്വാസം കൈകൊണ്ടിരുന്നില്ലെങ്കിലും ഹംസ(റ) അന്തസ്സും മാന്യതയും പുലർത്തിപ്പോന്ന ഒരു ധീരപുരുഷനായിരുന്നു. നബിയുടെ സന്ദേശം അദ്ദേഹത്തെ ആകർഷിച്ചിരുന്നിരിക്കാം. എങ്കിലും തുറന്ന നിലയിൽ അതംഗീകരിക്കുവോളം അടുത്തു കഴിഞ്ഞിരുന്നില്ല. അബൂജഹ്ൽ ഈ അതിക്രമം പ്രവർത്തിച്ചതറിഞ്ഞപ്പോൾ അദ്ദേഹത്തിനു മാറിനിൽക്കാൻ തോന്നിയില്ല. പുതിയ സന്ദേശത്തിനു നേരെയുള്ള അദ്ദേഹത്തിന്റെ എല്ലാ എതിർപ്പുകളും ഇതോടെ പമ്പ കടന്നു. താനിതുവരെ അലംഭാവം പുലർത്തിയതു തെറ്റായിപ്പോയെന്ന് അദ്ദേഹത്തിനു തോന്നി. അദ്ദേഹം നേരെ കഅ്ബയിലേക്കാണ് പുറപ്പെട്ടത്. മക്കയിലെ നേതാക്കൻമാർ അവിടെയിരുന്ന് കൂടിയാലോചനകൾ നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. ഹംസ(റ) കടന്നു ചെന്നു വില്ലെടുത്തു അബൂജഹ്‌ലിന്റെ മണ്ടക്ക് ഒരു മേട് കൊടുത്തുകൊണ്ട് പറഞ്ഞു: "ഞാൻ ഇന്നു മുതൽ മുഹമ്മദിന്റെ ഒരനുയായിയാണെന്നറിഞ്ഞോളൂ! രാവിലെ താൻ മുഹമ്മദിനെ കണ്ടമാനം ശകാരിച്ചതായി കേട്ടുവല്ലോ! മറുപടിയൊന്നും പറയില്ലെന്നു കരുതിയിട്ടാവാം! ഉശിരുണ്ടെങ്കിൽ വാ, എന്നോടൊരു കൈ നോക്കൂ!" അബൂജഹ്ൽ, തലയും താഴ്ത്തി നിശ്ശബ്ദനായിരുന്നതേയുള്ളൂ. കൂട്ടുകാർ സഹായത്തിന് ചാടിയെണീറ്റെങ്കിലും ഹംസയേയും അദ്ദേഹത്തിന്റെ ഗോത്രത്തേയും പേടിച്ച് മാറിക്കളഞ്ഞു. അബൂജഹ്ൽത്തന്നെ അവരെ തടഞ്ഞു നിറുത്തി. ആ തുറന്ന സമരം വലിയ നാശനഷ്ടങ്ങൾക്കിടയാക്കുമെന്ന് അബൂജഹ്‌ലിനറിയാമായിരുന്നു. രാവിലത്തെ സംഭവത്തിൽ താൻ തന്നെയാണ് യഥാർഥത്തിൽ കുറ്റക്കാരനെന്നു ഏറ്റുപറഞ്ഞുകൊണ്ട് രംഗം ശാന്തമാക്കാൻ അബൂജഹ്ൽ പണിപ്പെട്ടു.'

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) സ്വതസിദ്ധമായ ശൈലിയിൽ പറയുന്നു: 'സ്വഫാ മർവായുടെ കുന്നുകളിലൂടെ നബി(സ)തിരുമേനി തിരിച്ച് വീട്ടിലേക്കു വരുമ്പോൾ, പോരടിക്കുകയല്ല തന്റെ ജോലി; ചീത്ത വിളികളെ ക്ഷമയോടെ സഹിക്കലാണ് എന്ന് മനസ്സിൽ പറയുകയായിരുന്നപ്പോൾ, 'അല്ലയോ മുഹമ്മദേ നീ പോരിന് സന്നദ്ധനല്ലായിരിക്കാം; എന്നാൽ, നിന്റെ ശത്രുക്കളെ നേരിടാൻ നിന്റെ സ്ഥാനത്ത് നാം ഇല്ലേ? എന്ന് അല്ലാഹു അർശിലിരുന്നു കൊണ്ടു പറയുകയായിരുന്നു. അങ്ങനെ അല്ലാഹു അന്നേ ദിവസം തന്നെ അബൂജഹ്‌ലിനെ നേരിടാൻ ഒരു ത്യാഗധനനെ ആ പുണ്യാത്മാവിനു നല്കി. അബൂജഹ്‌ലിനെ വില്ലുകൊണ്ടടിച്ച അതേ സദസ്സിൽ വെച്ചുകൊണ്ട് ഹദ്റത്ത് ഹംസ തന്റെ വിശ്വാസം വിളംബരപ്പെടുത്തുകയായിരുന്നു. അബൂജഹ്‌ലിനെ സംബോധന ചെയ്തുകൊണ്ട് അദ്ദേഹം ഇപ്രകാരം പറഞ്ഞു: "ഞാൻ ദൈവദൂതനാകുന്നു; എന്നിൽ മലക്കുകളിറങ്ങുന്നു എന്ന് മുഹമ്മദ്(സ) പറഞ്ഞതു കൊണ്ടു മാത്രമാണ് നീ അദ്ദേഹത്തെ തെറിവിളിച്ചത്. ഇനി കാതു തുറന്ന് കേട്ടുകൊള്ളുക, ഇന്നു മുതൽ ഞാൻ മുഹമ്മദി(സ)ന്റെ മതത്തിലാണ് നിലകൊള്ളുന്നത്. മുഹമ്മദ്(സ) പറയുന്നതു തന്നെയാണ് ഞാനും പറയുന്നത്. നീ ഉശിരുള്ളവനാണെങ്കിൽ എന്നെ നേരിടാൻ വരിക." ഇങ്ങനെ പറഞ്ഞു കൊണ്ട് ഹംസ മുസ്‌ലിമായി. (അൻവാറുൽ ഉലൂം വാള്യം 19 പേജ് 137–139)

ഹംസ മുസ്‌ലിമായതിനുശേഷം മക്കയിലെ മുസ്‌ലിംകളുടെ വിശ്വാസത്തിന് കൂടുതൽ ദൃഢത കൈവന്നുവെന്ന് നിവേദനങ്ങളിലുണ്ട്.(അത്ത്വബഖാത്തുൽകുബ്റ ലിഇബ്നി സഅ്ദ് വാള്യം 3 പേജ് 6, ഹംസത്തുബ്നു അബ്ദിൽ മുത്ത്വലിബ്, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). എന്നല്ല, മുഹമ്മദു(സ)ന്റെ ലക്ഷ്യത്തിന് ഹദ്റത്ത് ഹംസയും ഉമറും ഇസ്‌ലാം സ്വീകരിച്ചതോടെ കരുത്ത് കിട്ടിയെന്ന കാര്യം ഇംഗ്ലീഷ് ചരിത്രകാരനായ വില്യം മ്യൂയറും സമ്മതിച്ചിട്ടുണ്ട്.(The life of Muhammed by sir William Muir, heading the Prophet Insulted pg 89 Edition 1923)

മറ്റു മുസ്‌ലിംകളോടൊപ്പം ഹദ്റത്ത് ഹംസയും മദീനയിലേക്ക് ഹിജ്റത്ത് ചെയ്തു. ഹദ്റത്ത് കുൽഥൂം ബിൻ ഹിദമിന്റെ വീട്ടിൽ താമസിച്ചു. ഒരു നിവേദനമനുസരിച്ച് അവിടന്ന് താമസിച്ചത് ഹദ്റത്ത് സഅ്ദ്ബിൻ ഖയ്ഥമയുടെ വീട്ടിലായിരുന്നു. എന്തായാലും മദീനയിൽ ഹിജ്റത്ത് ചെയ്തതിനുശേഷം നബി(സ) തിരുമേനി ഹദ്റത്ത് ഹംസയുടേയും ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയുടേയും ഇടയിൽ സാഹോദര്യബന്ധം സ്ഥാപിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഉഹുദ് യുദ്ധത്തിനു പോകുമ്പോൾ ഹദ്റത്ത് ഹംസ, ഹദ്റത്ത് സയ്ദിനുവേണ്ടി വസിയ്യത്ത് ചെയ്തിരുന്നു. (അത്ത്വബഖാത്തുൽ കുബ്റ ലിഇബ്നി സഅ്ദ് വാള്യം 3 പേജ് 6 ഹംസത്തുബ്നു അബ്ദിൽ മുത്ത്വലിബ്, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

മദീനയിലേക്ക് ഹിജ്റത്ത് ചെയ്തതിനുശേഷവും അവിശ്വാസികളുടെ ദ്രോഹപ്രവർത്തനങ്ങൾക്ക് അറുതി വന്നില്ല. അവരുടെ പരിഹാസവും മുസ്‌ലീംകളെ ബുദ്ധിമുട്ടിക്കലും അവസാനിച്ചില്ല. അതുകൊണ്ടു തന്നെ മുസ്‌ലിംകൾക്ക് വളരെ കരുതലോടെ പ്രവർത്തിക്കേണ്ടി വന്നു. അവിശ്വാസികളുടെ നീക്കങ്ങളെ ശ്രദ്ധാപൂർവം വീക്ഷിക്കേണ്ടിവന്നു. ഖുറയ്ശികളുടെ നീക്കങ്ങളും കുടില പ്രവർത്തനങ്ങളും അറിയുന്നതിനു വേണ്ടി നബി(സ)തിരുമേനിക്ക് ചില സംഘങ്ങളെ നിയോഗിക്കേണ്ട ആവശ്യം വന്നു. ഹദ്റത്ത് ഹംസയ്ക്ക് അത്തരം സന്ദർഭങ്ങളിൽ അതിമഹത്തായ സേവനങ്ങളർപ്പിക്കാൻ തൗഫീഖ് ലഭിച്ചു. റബീഉൽ അവ്വൽ ഹിജ്‌രി 2ന് നബി(സ)തിരുമേനി ഹദ്റത്ത് ഹംസയുടെ നേതൃത്വത്തിൽ 30 പേരടങ്ങിയ ഒട്ടകസംഘത്തെ 'ഈസ്' എന്ന സ്ഥലത്തേക്ക് അയച്ചു. ഹംസയും കൂട്ടരും താമസിയാതെ അവിടെ എത്തിയപ്പോൾ കണ്ടത് മക്കയിലെ വലിയ നേതാവായ അബൂജഹ്ൽ 300 ഒട്ടകവസാരിക്കാരുടെ സൈന്യവുമായി അവരെ വരവേൽക്കാൻ നില്ക്കുന്നതാണ്. എണ്ണത്തിൽ മുസ്‌ലിംകളെക്കാൾ പത്തിരട്ടിയായിരുന്നു അവർ. എന്നാൽ, മുസ്‌ലീംകൾ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനയനുസരിച്ച് പ്രവർത്തിക്കാൻ വീട്ടിൽനിന്നിറങ്ങിയതായിരുന്നു. മരണഭീതി അവരെ പിന്നാക്കം മാറ്റുമായിരുന്നില്ല. ഇരുകൂട്ടരും നേർക്കുനേർ പോരാടാൻ നിലയുറപ്പിച്ചു. യുദ്ധം തുടങ്ങാൻ പോകുമ്പോഴേക്കും ഇരുപാർട്ടികളുമായി നല്ല ബന്ധത്തിലായിരുന്ന ആ നാട്ടിലെ നേതാവായ മജ്ദീ ബിൻ അംറിൽ ജുഹ്നി ഇടപെട്ടുകൊണ്ട് യുദ്ധം ഉണ്ടാകുന്നത് ഒഴിവാക്കി.' (സീറത്തു ഖാത്തമുന്നബിയ്യീൻ ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് എം.എ പേജ് 329).

ഇങ്ങനെയും നിവേദനത്തിൽ വന്നിരിക്കുന്നു: ആദ്യത്തെ പതാക നബി(സ) തിരുമേനി ഹദ്റത്ത് ഹംസയെയാണ് ഏല്പിച്ചത്. മറ്റു ചില രിവായത്തുകളിൽ ഹ്ദറത്ത് അബൂഉബയ്ദയുടേയും ഹദ്റത്ത് ഹംസയുടേയും സൈന്യം ഒരുമിച്ചാണ് പുറപ്പെട്ടിരുന്നത്. അതുകൊണ്ട് സംശയമുണ്ടാകാം. (പതാക ആർക്കാണ് നല്കിയതെന്ന്). പക്ഷേ, എന്തായാലും ഹിജ്റ രണ്ടാം വർഷം നടന്ന ബനൂഖയ്നഖാഅ് യുദ്ധത്തിൽ നബി(സ) തിരുമേനിയുടെ പതാക വഹിച്ചിരുന്നത് ഹദ്റത്ത് ഹംസ തന്നെയായിരുന്നു (സീറത്തുഇബ്നു ഹിശാം, പേജ് 283 ബേറൂത്ത് 2009).

'സ്വന്തം അന്തസിനേയും ആത്മാഭിമാനത്തേയും നിലനിറുത്തുന്നതാണ് ഉത്തമം അതെപ്പോഴും നിലനിറുത്തേണ്ടതാണ്' എന്ന നബി(സ)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക." (ഖുത്ബ ജുമുഅ, 2017 മെയ് 5)

**ത്വാലിബെ ദുആ:**
മുഹമ്മദ് സ്വഫ്‌വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

"ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തു കടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്." (ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)

**ത്വാലിബെ ദുആ:**
ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യാ ആലപ്പുഴ(കേരള)

തിരുമേനിയുടെ നിർദ്ദേശമനുസരിച്ച് ഹദ്റത്ത് ഹംസ എപ്പോഴും പ്രവർത്തിക്കുകയും അതിൽ നിലകൊള്ളുകയും ചെയ്തിരുന്നു.

നിവേദനത്തിൽ വന്നിരിക്കുന്നു, മദീനയിലേക്ക് ഹിജ്റത്ത് ചെയ്തതിനു ശേഷം മുസ്ലിംകളെപ്പോലെ ഹദ്റത്ത് ഹംസയും സാമ്പത്തികമായി പ്രയാസത്തിലായി. ഹദ്റത്ത് അബ്ദുല്ലാഹിബ്നു അംറ് വിവരിക്കുന്നു: ആ ദിനങ്ങളിൽ ഒരിക്കൽ നബി(സ)തിരുമേനിയുടെ സമക്ഷം ഹാജരായിക്കൊണ്ടു ഹദ്റത്ത് ഹംസ പറഞ്ഞു: "എന്റെ നിത്യവൃത്തിക്കുള്ള മാർഗമായിത്തീരാൻ വല്ല സേവനവും എനിക്ക് തന്നാലും."

നബി(സ)തിരുമേനി പറഞ്ഞു: അല്ലയോ ഹംസ! ആത്മാഭിമാനം നിലനിറുത്താനാണോ കൂടുതൽ ഇഷ്ടപ്പെടുന്നത്, അതല്ല അതിനെ ഇല്ലാതാക്കാനോ? താൻ അത് നിലനിറുത്താനാണ് ഇഷ്ടപ്പെടുന്നതെന്ന് ഹദ്റത്ത് ഹംസ പറഞ്ഞു. "എങ്കിൽ നിന്റെ ആത്മാഭിമാനത്തെ സംരക്ഷിക്കുക" എന്ന് നബി(സ)തിരുമേനി പറഞ്ഞു.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാല്യം 2 പേജ് 624 ഹദീഥ് 6639 ആലമുൽ കുതുബ് ബേറൂത്ത് 1998)

പിന്നീട് അവിടന്ന് അദ്ദേഹത്തെ ദുആ ചെയ്യാൻ പ്രേരിപ്പിക്കുകയും ചില ദുആകൾ പഠിപ്പിച്ചു കൊടുക്കുകയും ചെയ്തു. ഹദ്റത്ത് ഹംസ ഇപ്രകാരം നിവേദനം ചെയ്യുന്നു: *അല്ലാഹുമ്മ ഇന്നീ അസ്അലുക്ക ബി ഇസ്മിക്കൽ അഅ്ളമി വ രിള്വാനിക്കൽ അക്ബർ* എന്ന ദുആ സ്ഥിരമായി ചെയ്യാൻ നബി(സ)തിരുമേനി പറഞ്ഞു. (അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ വാല്യം 2 പേജ് 106,ഹംസത്തുബ്നു അബ്ദിൽ മുത്ത്വലിബ്, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995)

അതായത് അല്ലാഹുവേ! നിന്റെ മഹത്തായ നാമത്തേയും ഉന്നതമായ തൃപ്തിയേയും മുൻനിറുത്തി ഞാൻ ചോദിക്കുന്നു. പിന്നീടിങ്ങോട്ട് അദ്ദേഹം എപ്പോഴും അതിന്റെ മധുരഫലം തിന്നുകൊണ്ടിരുന്നു. ഹദ്റത്ത് ഹംസയ്ക്ക്(റ) ദുആകളിലുണ്ടായിരുന്ന വിശ്വാസത്തെ കുറിച്ചും ദൃഢജ്ഞാനത്തെക്കുറിച്ചുമുള്ള കാര്യങ്ങളും നിവേദനങ്ങളിൽനിന്ന് പ്രകടമാകുന്നുണ്ട്; എന്തുകൊണ്ടുണ്ടാകുകയില്ല. ആ ദുആകളുടെതന്നെ ബർക്കത്തുകൊണ്ടാണ് ബാഹ്യമായി എല്ലാം നഷ്ടപ്പെട്ട ആ മുഹാജറിന് അല്ലാഹു വീടും കുടുംബവും ആവശ്യമുള്ളതൊക്കെയും പ്രദാനം ചെയ്തത്. കുറച്ചുകാലത്തിനുശേഷം ഹദ്റത്ത് ഹംസ, നജ്ജാർ ഗോത്രത്തിലെ ഒരു അൻസ്വാരി സ്ത്രീ, ഖൗല ബിൻത് ഖയ്സിനെ വിവാഹം കഴിച്ചു. നബി(സ) തിരുമേനി അവരുടെ വീട്ടിൽ പോകാറുണ്ടായിരുന്നു. ഹദ്റത്ത് ഖൗല പിന്നീട് നബി(സ) തിരുമേനിയുടെ അക്കാലത്തെ സ്നേഹനിർഭരമായ കാര്യങ്ങൾ കേൾപ്പിക്കാറുണ്ടായിരുന്നു. പറയുമായിരുന്നു. ഒരിക്കൽ നബി(സ)തിരുമേനി ഞങ്ങളുടെ വീട്ടിൽ വന്നു. ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! ഖിയാമത്തുന്നാൾ അങ്ങയ്ക്ക് വിശാലമായ ഹൗളെ കൗഥർ നല്കപ്പെടുമെന്ന് എനിക്കറിയാൻ കഴിഞ്ഞു. നബി(സ) തിരുമേനി പറഞ്ഞു: അതെ! അത് സത്യമാണ്. ഇതും കേട്ടുകൊള്ളുക! എനിക്ക് സാധാരണക്കാരേക്കാൾ വളരെയധികം നിന്റെ ജനതയായ അൻസ്വാറിനെ ആ ഹൗളിൽനിന്ന് കുടിപ്പിക്കുന്നതാണ് ഇഷ്ടം (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാല്യം 8 പേജ് 822 ഹദീഥ് 27859 ബേറൂത്ത് 1998)

ചരിത്രത്തിൽ ബദ്ർ യുദ്ധത്തെ ഉദ്ധരിച്ച് ഒരു നിവേദനവും ലഭിക്കുന്നുണ്ട്. ഹിജ്റ രണ്ടാം വർഷം പ്രസിദ്ധമായ ബദ്ർ യുദ്ധം നടന്നു. യുദ്ധാവസരത്തിൽ അവിശ്വാസികളിൽപെട്ട വളരെ നീചനും വൃത്തികെട്ടവനുമായ അസ്വദുബ്നു അബ്ദിൽ അസദ് അൽമഖ്സൂമി മുന്നോട്ട് വരികയും താൻ നബിതിരുമേനിയുടെ ഹൗളിൽ(നീർക്കുഴിൽ)നിന്ന് വെള്ളം കുടിക്കുകയോ അല്ലെങ്കിൽ അത് നികത്തുകയോ തകർക്കുകയോ ചെയ്യുമെന്ന് സത്യം ചെയ്യുകയും ചെയ്തു. അതിനും കഴിഞ്ഞില്ലായെങ്കിൽ അതിനടുത്തു വെച്ച് മരിക്കുമെന്നും പ്രതിജ്ഞ ചെയ്തു. അയാൾ അങ്ങനെ ചെയ്യാൻ ഉദ്ദേശിച്ചു കൊണ്ട് മുന്നോട്ടു വന്നു. ഹദ്റത്ത് ഹംസത്തുബ്നു അബ്ദിൽ മുത്ത്വലിബാണ് അയാളെ നേരിടാൻ ഇറങ്ങിയത്. രണ്ടു പേരും നേർക്കുനേർ പോരിനായി നിന്നു. ഹദ്റത്ത് ഹംസ വാളുകൊണ്ട് വെട്ടി അയാളുടെ തണ്ടൻകാൽ പകുതി മുറിച്ചു. അത് ഹൗളിന്റെ അടുത്ത് വെച്ചായിരുന്നു. അയാൾ മലർന്നടിച്ചു വീണു. താൻ ചെയ്ത പ്രതിജ്ഞ പൂർത്തിയാക്കാൻ അയാൾ ഹൗളി(നീർക്കുഴി)ലേക്ക് നീങ്ങി. ഹദ്റത്ത് ഹംസ അയാളെ പിന്തുടർന്ന് മറ്റൊരുവെട്ടിന് അയാളുടെ കഥ കഴിച്ചു.(സീറത്ത് ഇബ്നു ഹിശാം, പേജ് 298–299, 2009)

അയാൾ ഹൗളിന്നടുത്ത് മരിച്ചു. എന്നാൽ, വെള്ളം കുടിക്കും അല്ലെങ്കിൽ നശിപ്പിക്കും എന്ന് പറഞ്ഞത് പാലിക്കാൻ കഴിഞ്ഞില്ല.

ഹദ്റത്ത് അലി(റ)ബദ്ർ യുദ്ധത്തെക്കുറിച്ച് വിവരിക്കുന്നു: അവിശ്വാസികൾ എണ്ണത്തിൽ മുസ്ലിംകളേക്കാൾ കൂടുതലായിരുന്നു. നബി(സ)തിരുമേനി രാത്രി മുഴുവൻ ദൈവസമക്ഷം പ്രാർഥിച്ചു വിലപിച്ചുകൊണ്ടിരുന്നു. അവിശ്വാസികളുടെ സൈന്യം ഞങ്ങളുടെ അടുത്തെത്തിയപ്പോൾ ഞങ്ങൾ അവരുടെ മുന്നിൽ അണിയണിയായി നിന്നു. അപ്രതീക്ഷിതമായി ഒരാളുടെമേൽ ദൃഷ്ടി പതിഞ്ഞു. അയാൾ ചെമന്ന ഒട്ടകത്തിനുമേൽ യാത്ര ചെയ്യുകയായിരുന്നു. ജനങ്ങളുടെ ഇടയിൽ അദ്ദേഹത്തിന്റെ വാഹനം നടക്കുകയായിരുന്നു. നബി(സ)തിരുമേനി പറഞ്ഞു: 'അലീ! അവിശ്വാസികളുടെ അടുത്താണ് ഹംസ നില്ക്കുന്നത്. ആ ചെമന്ന ഒട്ടകക്കാരൻ ആരാണെന്ന് അദ്ദേഹത്തെ വിളിച്ചു ചോദിക്കുക. എന്താണ് പറയുന്നതെന്നും?' എന്നിട്ട് നബി(സ) തിരുമേനി പറഞ്ഞു: 'നന്മ ഉപദേശിച്ചുകൊടുക്കാൻ പറ്റിയ ആൾ ആ ചെമന്ന ഒട്ടകക്കാരനാണ്.' ഈ വേളയിൽ ഹദ്റത്ത് ഹംസ(റ)യും വന്നു. ഉത്ബബിൻ റബീഅയാണ് അതെന്ന് അദ്ദേഹം പറഞ്ഞു; അദ്ദേഹം അവിശ്വാസികളെ യുദ്ധത്തിൽനിന്ന് തടയുകയാണ്. ഇതിന് മറുപടിയായി അബൂജഹ്ൽ അദ്ദേഹത്തോടു പറഞ്ഞു: 'നീ ഭീരുവാണ്; യുദ്ധത്തെ ഭയപ്പെടുന്നവനാണ്.' ഉത്ബ ദ്വേഷത്തോടെ പറഞ്ഞു: 'ആരണ് ഭീരുവെന്ന് നമുക്കിന്നു കാണാം.' (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാല്യം 1 പേജ് 338–339 ഹദീഥ് 948 ബേറൂത്ത് 1998)

ഹദ്റത്ത് അലി(റ) വിവരിക്കുന്നു: ഉത്ബ ബിൻ റബീഅയും അയാളുടെ പിന്നാലെ അയാളുടെ മകനും സഹോദരനും മുന്നോട്ടു വന്നു. ആരാണ് തങ്ങളെ നേരിടാൻ വരുന്നതെന്ന് അവർ ഉറക്കെ വിളിച്ചു ചോദിച്ചു. അതിന് അൻസ്വാറുകളിലെ പല യുവാക്കളും മറുപടി നല്കി. നിങ്ങളാരാണെന്ന് അവരോടു ഉത്ബ ചോദിച്ചു. തങ്ങൾ അൻസ്വാറുകളിൽപ്പെട്ടവരാണെന്ന് അവർ മറുപടി നല്കി. ഉത്ബ പറഞ്ഞു, 'ഞങ്ങൾ നിങ്ങളോടു എന്തെങ്കിലും വാങ്ങാനോ തരാനോ ഇല്ല. ഞങ്ങൾ ഞങ്ങളുടെ പിതൃവ്യന്റെ മക്കളുമായി മാത്രം പോരാടാനാണ് ഉദ്ദേശിക്കുന്നത്.' അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'ഏ ഹംസാ, ഏ അലി, ഏ ഉബയ്ദത്തുബ്നു ഹാരിഥ്! എഴുന്നേല്ക്കുക. മുന്നോട്ടുവരിക.' ഹംസ, ഉത്ബയുടെ നേരെ പോയി. ഹദ്റത്ത് അലി പറയുന്നു; ഞാൻ ശയ്ബയെ ലക്ഷ്യമാക്കി ചെന്നു. ഉബയ്ദത്തിനും വലീദിനുമിടയിൽ ദ്വന്ദയുദ്ധം നടന്നു. ഇരുവർക്കും ഗുരുതരമായ പരിക്കേറ്റു. പിന്നീട് ഞങ്ങൾ വലീദിലേക്ക് ശ്രദ്ധതിരിച്ചു. അയാളെ വധിച്ചു. ഉബയ്ദത്തിനെ ഞങ്ങൾ യുദ്ധമൈതാനിയിൽനിന്ന് പൊക്കിയെടുത്ത് കൊണ്ടുവന്നു.'(സുനൻ അബൂദാവൂദ്, കിതാബുൽ ജിഹാദ് ഹദീഥ് 2665) ഹദ്റത്ത് ഹംസയും അലിയും തങ്ങളുടെ എതിരാളികളെ വകവരുത്തിയിരുന്നു. 'ഏ ഹംസാ, ഏ അലി, ഏ ഉബയ്ദത്തുബ്നു ഹാരിഥ്! എഴുന്നേല്ക്കുക. മുന്നോട്ടുവരിക' എന്ന് നബി(സ)തിരുമേനി പറഞ്ഞപ്പോൾ അവർ മൂവരും ആ അവസരത്തിൽ എഴുന്നേറ്റുനിന്നു ഉത്ബയുടെ നേരെപോയി. ഉത്ബ പറഞ്ഞു:നിങ്ങളെന്തെങ്കിലും സംസാരിക്കുക, നിങ്ങളെ കുറിച്ച് അറിയണമല്ലോ. കാരണം അയാൾ പടത്തൊപ്പി അണിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ മുഖം മറച്ചിരുന്നു. ആ അവസരത്തിൽ ഹദ്റത്ത് ഹംസ പറഞ്ഞു: ഞാൻ ഹംസയാണ്. അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും സിംഹം! ഉത്ബ പറഞ്ഞു: പോരാടാൻ പറ്റിയ ആളാണ്.'(അത്ത്വബഖാത്തുൽ കുബ്റ ലിഇബ്നി സഅ്ദ് വാല്യം 2 പേജ് 12, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). യുദ്ധത്തിൽ ഹദ്റത്ത് ഹംസയുടെ ധീരതയെക്കുറിച്ചു പറയുമ്പോൾ അവിശ്വാസികളിൽ ഭീതി ജനിപ്പിക്കുന്നതിന് അദ്ദേഹം ഒട്ടകപ്പക്ഷിയുടെ ചിറക്ധരിച്ചിരുന്നു.

ഹദ്റത്ത് അബ്ദുർറഹ്മാനിബ്നു ഔഫ് നിവേദനം ചെയ്യുന്നു: ഖുറയ്ശി നേതാക്കളിൽ ഒരാളായിരുന്നു ഉമയ്യഃ ബിൻ ഖൽഫ്. മക്കയിൽവെച്ച് അയാൾ ഹദ്റത്ത് ബിലാലിനെ ഒരുപാട് പീഡിപ്പിച്ചിരുന്നു. ബദ്ർ യുദ്ധത്തിൽ അൻസ്വാറുകളുടെ കൈയാൽ അയാൾ വധിക്കപ്പെട്ടു. ഒട്ടകപ്പക്ഷിയുടെ ചിറക് നെഞ്ചിൽ ധരിച്ചിരിക്കുന്ന ആളാരാണെന്ന് അയാൾ എന്നോടു ചോദിച്ചപ്പോൾ അത് ഹംസത്തുബ്നു അബ്ദിൽ മുത്ത്വലിബാണെന്ന് ഞാൻ പറഞ്ഞു. അപ്പോൾ ഉമയ്യ പറഞ്ഞു:'ഇന്ന് ഞങ്ങൾക്ക് ഏറ്റവുമധികം നഷ്ടമുണ്ടാക്കിയത് അയാളാണ്.' (സീറത്ത് ഇബ്നു ഹിശാം പേജ് 302, 2009)

ഹദ്റത്ത് ഹംസയുടെ ബദ്ർ യുദ്ധത്തിലെ

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്മദിയായിത്തീരുന്നത്."**
**(ഖുത്ബ ജുമുഅ,2017 മെയ് 5.)**

**ത്വാലിബെ ദുആ:**
**സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ഏറ്റവും കൂടുതൽ 'വാഖ്ഫിനെ നൗ'യിനെ ജാമിഅ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)**

സജീവസാന്നിധ്യത്തെപ്പറ്റി പ്രശസ്ത ചരിത്രകാരൻ വില്യം മ്യൂയർ എഴുതുന്നു: 'ഒട്ടകപ്പക്ഷിയുടെ ചിറകു് ഉയർത്തി പറപ്പിച്ചുകൊണ്ട് ഹംസ എല്ലായിടത്തും വ്യക്തമായും കാണപ്പെട്ടിരുന്നു.'(The life of Muhammed by sir William Muir, heading the Prophet Insulted pg 260 Edition 1923)

മറ്റുപല നേതാക്കളെയും അദ്ദേഹം യുദ്ധത്തിൽ വധിച്ചിരുന്നു. ഉഹുദ് യുദ്ധത്തിലും അദ്ദേഹം തന്റെ ധീരതയുടെ മഹനീയ ഗുണങ്ങൾ പ്രകടമാക്കി. അദ്ദേഹത്തിന്റെ ധീരത മക്കയിലെ ഖുറയ്ശികളുടെ കണ്ണിലെ കരടായി മാറി. ഇതിന്റെ വിശദാംശം ബുഖാരിയിൽ ഇപ്രകാരം രേഖപ്പെട്ടു കിടക്കുന്നു: ഹദ്റത്ത് ജഅ്ഫർ ബിൻ അംറ് ബിൻ ഉമയ്യ ളുംരീ പറയുന്നു: ഞാനൊരിക്കൽ ഉബയ്ദുല്ലാഹിബ്നു അദിയ്യ്ബിൻ ഖയാറിന്റെ കൂടെ യാത്രപുറപ്പെട്ടു. ഹിംസിൽ എത്തിയപ്പോൾ എന്നോടു ഉബയ്ദുല്ലാ പറഞ്ഞു. അദ്ദേഹം ഒരിക്കൽ വഹ്ശിയോടു ചോദിച്ചു, ഹംസ(റ)യുടെ വധത്തെപ്പറ്റി നീ എനിക്ക് വിവരിച്ചുതരുമോ? അദ്ദേഹം പറഞ്ഞു. അതെ! ബദ്ർ യുദ്ധത്തിൽവെച്ച് ഹംസ തുഐമത്തിനെ വധിച്ചു. എന്റെ യജമാനൻ എന്നോടു പറഞ്ഞു: എന്റെ പിതൃവ്യന് (തുഐമത്തിന്) പകരമായ ഹംസയെ നീ വധിക്കുന്നപക്ഷം ആ സമയം മുതൽ നീ സ്വതന്ത്രനാണ്. പിന്നീട് ഉഹുദ് യുദ്ധത്തിലേക്ക് ജനങ്ങളോടൊപ്പം ഞാനും പുറപ്പെട്ടു. ഇരുപക്ഷവും യുദ്ധത്തിനായി അണിനിരന്നുകഴിഞ്ഞപ്പോൾ സിബാഅ് മുന്നോട്ടുവന്ന് പോർ വിളിച്ചു. യുദ്ധത്തിന്നിറങ്ങാൻ ആർക്കെങ്കിലും ഒരുക്കമുണ്ടോ? ഹംസ അവന്റെ നേരെ വന്നിട്ടു പറഞ്ഞു. സിബാഅ്! ഉമ്മുഅമ്മാറിന്റെ പുത്രാ! ശേഷം അവനെ പരിഹാസപൂർവ്വം അഭിസംബോധനം ചെയ്തിട്ട് അല്ലാഹുവിന്റേയും അവന്റെ ദൂതന്റേയും നേരെ നീ ശത്രുത പുലർത്തുകയാണോ? എന്ന് ചോദിച്ചു. അദ്ദേഹം അവന്റെ നേരെ ചാടി. അതോടെ അവന്റെ കഥയും കഴിഞ്ഞു. ഞാൻ ഒരു പാറക്കല്ലിൻകീഴിൽ ഹംസയെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു. എന്റെ അടുത്തെത്തിയപ്പോൾ അദ്ദേഹത്തെ എന്റെ കുന്തംകൊണ്ട് ഞാൻ കുത്തി. നാഭിയിലാണ് കുത്തിയത്. എന്നിട്ടത് രണ്ട് ചന്തിക്കിടയിൽകൂടി പുറത്തുകടന്നു. അങ്ങനെയാണ് ഹംസയുടെ പര്യവസാനം. അവസാനം ജനങ്ങൾ മടങ്ങിയപ്പോൾ ഞാനും മക്കയിലേക്ക് മടങ്ങി. ഇസ്‌ലാം സർവത്ര പ്രചരിക്കുംവരേക്കും അവിടെത്തന്നെ താമസിച്ചു. ശേഷം ഞാൻ താഇഫിലേക്ക് പോയി. താഇഫുകാർ നബി(സ) തിരുമേനിയുടെ അടുക്കലേക്ക് ദൂതനെ അയച്ചപ്പോൾ നബിദൂതന്മാരെ ദ്രോഹിക്കുകയില്ലെന്ന് എന്നോടു ആളുകൾ പറഞ്ഞു. ഞാനും അവരോടൊപ്പം ചേർന്നു നബിയുടെ അടുക്കലേക്ക് പോയി. എന്നെ കണ്ടപ്പോൾ നീയാണോ വഹ്ശീ എന്ന് നബി(സ) ചോദിച്ചു. അതെയെന്ന് ഞാൻ മറുപടി പറഞ്ഞു. അവിടന്ന് ചോദിച്ചു: 'നീയാണോ ഹംസയെ വധിച്ചത്?' ഞാൻ പറഞ്ഞു: 'അങ്ങ് അറിഞ്ഞ കാര്യം ശരിയാണ്.' അവിടന്ന് പറഞ്ഞു: 'നിനക്ക് കഴിയുമെങ്കിൽ എന്റെ മുമ്പിൽ വരാതിരിക്കുക.' വഹ്ശീ പറയുന്നു: ഇതുകേട്ട് ഞാൻ അവിടെനിന്ന് പുറപ്പെട്ടു. നബി(സ)തിരുമേനി വഫാത്താകുകയും മുസയ്‌ലിമത്തുൽകദ്ദാബ് രാജ്യദ്രോഹം ചെയ്യുകയും ചെയ്തപ്പോൾ ഞാൻ പറഞ്ഞു: ഞാൻ മുസയ്‌ലിമയുടെ അടുക്കൽ തീർച്ചയായും പോകും; എനിക്ക് അയാളെ വധിക്കാൻ കഴിഞ്ഞാലോ! അങ്ങനെ ഹദ്റത്ത് ഹംസയെ വധിച്ചതിന്റെ പ്രായശ്ചിത്തമായാലോ! അദ്ദേഹം പറയുന്നു: ഞാനും ആളുകളോടൊപ്പം യുദ്ധത്തിന് പുറപ്പെട്ടു. പിന്നെ യുദ്ധാവസ്ഥ ഉണ്ടായതൊക്കെ ഉണ്ടായി. ഒരാൾ ഭിത്തിയുടെ ഒരു വിടവിൽ നില്ക്കുന്നത് ഞാൻ കണ്ടു. ഗോതമ്പിന്റെ നിറമുള്ള ഒട്ടകമാണെന്ന് തോന്നി. തലമുടി അലക്ഷ്യമായികിടന്നിരുന്നു. വഹ്ശി പറയുന്നു: ഞാൻ എന്റെ കുന്തം കൊണ്ട് കുത്തി. അത് അയാളുടെ നെഞ്ചിന്റെ മധ്യത്തിൽ വന്നു. ശക്തമായി അമർത്തിയപ്പോൾ ഇരുതോളുകളുടേയും ഇടയിലൂടെ പുറത്തുകടന്നു. അതിനുശേഷം ഒരു അൻസ്വാരിയും അയാളുടെ കഴുത്തുമുറിച്ചു. പിന്നീട് ഈ പര്യവസാനമാണ് അയാൾക്കുണ്ടായത്. (സ്വഹീഹുൽ ബുഖാരി, കിതാബുൽ മഗാസി, ഹദീഥ് 4072)

ഉമയ്ർ ബിൻ ഇസ്ഹാഖിൽ നിന്ന് നിവേദനം: ഉഹുദ് യുദ്ധത്തിൽ ഹദ്റത്ത് ഹംസത്തുബ്നു അബ്ദിൽ മുത്ത്വലിബ് രണ്ടു വാളുകളുമേന്തി നബി(സ)തിരുമേനിയയുടെ മുമ്പിൽ 'ഞാൻ അല്ലാഹുവിന്റെ സിംഹമാണ്' എന്നു പറഞ്ഞ് യുദ്ധം ചെയ്യുകയായിരുന്നു. ചിലപ്പോൾ മുന്നോട്ടും ചിലപ്പോൾ പിന്നോട്ടും അങ്ങനെ നീങ്ങിക്കൊണ്ടിരിക്കെ പെട്ടെന്ന് അദ്ദേഹം വഴുതി മലർന്നടിച്ചു വീണു. വഹ്ശി അസ്‌വദ് അദ്ദേഹത്തെ കണ്ടു. അബൂ ഉസാമ പറഞ്ഞു: അയാൾ അദ്ദേഹത്തെ കുന്തം കൊണ്ട് ആഞ്ഞു കുത്തി കൊലപ്പെടുത്തി.(അത്ത്വബഖാത്തുൽ കുബ്റ ലിഇബ്നി സഅ്ദ് വാള്യം 3 പേജ് 8 ഹംസത്തുബ്നു അബ്ദിൽ മുത്ത്വലിബ്, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഹദ്റത്ത് ഹംസ ഹിജ്റയ്ക്കു ശേഷം മുപ്പത്തി രണ്ടാം മാസത്തിൽ ഉഹുദ് യുദ്ധത്തിൽ ശഹീദായി. അദ്ദേഹത്തിന് 59 വയസ്സായിരുന്നു. (അത്ത്വബഖാത്തുൽ കുബ്റ ലിഇബ്നി സഅ്ദ് വാള്യം 3 പേജ് 6 ഹംസത്തുബ്നു അബ്ദിൽ മുത്ത്വലിബ്, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). ഒരു നിവേദത്തിൽ പറയുന്നു: അബൂസുഫിയാന്റെ ഭാര്യ ഹിന്ദ് ഉഹുദ് യുദ്ധ ദിവസം തന്റെ പിതാവിനോടു ചെയ്തതിനു പകരം വീട്ടുന്നതിനുവേണ്ടി സൈന്യത്തിന്റെ കൂടെ വന്നു.-അയാൾ ബദ്റിൽ ഹംസയുമായി ഏറ്റുമുട്ടി വധിക്കപ്പെട്ടപ്പോൾ തനിക്ക് അവസരം കിട്ടിയാൽ ഹംസയുടെ കരൾ ചവയ്ക്കുമെന്ന് ഹിന്ദ് ശപഥം ചെയ്തിരുന്നു. ഇപ്പോൾ ഇങ്ങനെ ഒരു പരിതഃസ്ഥിതിയുണ്ടാകുകയും ഹദ്റത്ത് ഹംസാക്ക് വിപത്തുവരികയും മുശ്‌രിക്കുകൾ വധിക്കപ്പെട്ടവരുടെ മൃതദേഹങ്ങളുടെ അവയവങ്ങൾ ഛേദിച്ച് വികൃതമാക്കുകയും അവരുടെ രൂപങ്ങൾ വികലമാക്കുകയും ചെവിയും മൂക്കുമെല്ലാം അരിഞ്ഞെടുക്കുകയും ചെയ്തപ്പോൾ അവർ ഹംസയുടെ കരളിന്റെ ഒരു കഷണം കൊണ്ടുവന്നു. ഹിന്ദ് അത് വാങ്ങി. തിന്നുന്നതിനുവേണ്ടി ചവച്ചുകൊണ്ടിരുന്നു. അവർക്ക് അത് ഇറക്കാൻ കഴിയാതെ വന്നപ്പോൾ തുപ്പിക്കളഞ്ഞു. ഈ സംഭവം നബി(സ)തിരുമേനി അറിഞ്ഞു. അവിടന്ന് പറഞ്ഞു: 'അല്ലാഹു ഹംസയുടെ മാംസത്തിൽനിന്ന് എന്തെങ്കിലും തിന്നുന്നത് അഗ്നിക്ക് നിഷിദ്ധമാക്കിയിരിക്കുന്നു.'(അത്ത്വബഖാത്തുൽ കുബ്റ ലിഇബ്നി സഅ്ദ് വാള്യം 3 പേജ് 8 ഹംസത്തുബ്നു അബ്ദിൽ മുത്ത്വലിബ്, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

നബി(സ)തിരുമേനി ഹദ്റത്ത് ഹംസയുടെ മൃതശരീരത്തിന് സമീപം വന്ന് ഏതൊരു വികാരങ്ങളാണോ പ്രകടിപ്പിച്ചത് അദ്ദേഹത്തിന്റെ ഉന്നതമായ ഏതൊരു ഉന്നത പദവിയെ സംബന്ധിച്ചാണോ സുവാർത്ത അറയിച്ചത് അത് നിവേദനങ്ങളിൽ വന്നിട്ടുണ്ട്. നബി(സ)തിരുമേനി ഹദ്റത്ത് ഹംസ (റ)യുടെ മൃതശരീരം നോക്കിയപ്പോൾ അദ്ദേഹത്തിന്റെ കരളെടുത്ത് ചവച്ചിട്ടുള്ളത് കണ്ടു. ഇബ്നുഹിശാം പറയുന്നു, ചരിത്രത്തിൽ എഴുതിയിരിക്കുന്നു, നബി(സ) തിരുമേനി ആ അവസ്ഥയിൽ ഹദ്റത്ത് ഹംസയുടെ മൃതശരീരത്തിന്നടുത്ത് വന്ന് നിന്നുകൊണ്ടു പറഞ്ഞു: 'അല്ലയോ ഹംസാ! നിന്റെ വേർപാടുപോലെ മറ്റൊരു ദുരന്തം എനിക്ക് വരാനില്ല. ഇതിനേക്കാൾ വേദനാജനകമായ ദൃശ്യം ഞാൻ ഇന്നുവരെ കണ്ടിട്ടുമില്ല.' ശേഷം അവിടന്ന് പറഞ്ഞു: 'ഹംസത്തുബ്നു അബ്ദിൽ മുത്ത്വലിബ് അല്ലാഹുവിന്റേയും അവന്റെ ദൂതന്റേയും സിംഹമാണെന്ന് ഏഴ് ആകാശങ്ങളിലും എഴുതപ്പെട്ടിരിക്കുന്നുവെന്ന് ജിബ്‌രീൽ വന്ന് എന്നെ അറിയിച്ചിരിക്കുന്നു.'(സീറത്ത് ഇബ്നു ഹിശാം പേജ് 395, 2009)

ഹദ്റത്ത് സുബയ്ർ(റ)നിവേദനം: ഉഹുദ് യുദ്ധം അവസാനിക്കുന്ന ദിവസം ഒരു സ്ത്രീ മുന്നിലൂടെ വളരെ വേഗം നടന്നു വരുന്നത് കണ്ടു. ശഹീദായവരുടെ ശരീരങ്ങൾ നോക്കാൻ പോകുകയായിരുന്നു. ഏതെങ്കിലും സ്ത്രീ അവിടെ വരുന്നതും വികൃതമാക്കപ്പെട്ട മൃതശരീരങ്ങൾ കാണുന്നതും നബി(സ)തിരുമേനി ഇഷ്ടപ്പെട്ടിരുന്നില്ല. അതുകൊണ്ട് ആ സ്ത്രീയെ തടയാൻ അവിടന്ന് നിർദേശിച്ചു. അങ്ങനെ ഞാൻ അവരുടെ അടുക്കലേക്ക് ഓടിച്ചെന്നു. മൃതശരീരങ്ങളുടെ അടുത്ത് എത്തുന്നതിനു മുമ്പേ ഞാൻ അവരെ തടഞ്ഞു. അവർ എന്നെ കണ്ട്, എന്റെ നെഞ്ചത്തടിച്ച് പിന്നോട്ടു തള്ളി. അവർ നല്ല കരുത്തുള്ള ഒരു സ്ത്രീയായിരുന്നു. എന്നിട്ട് പറഞ്ഞു: 'മാറി നില്ക്കു, ഞാൻ നീ പറയുന്നതൊന്നും കേൾക്കുകയില്ല.' 'ഈ മൃതശരീരങ്ങൾ കാണുന്നതിൽനിന്ന് നിങ്ങളെ തടയാൻ നബി(സ)തിരുമേനിയാണ് നിർദേശിച്ചതെന്ന് ഞാൻ അവരോടു പറഞ്ഞു. ഇതുകേട്ടപാടെ അവർ അവിടെ നിന്നു. തന്റെ കൈയിലുണ്ടായിരുന്നു രണ്ടു തുണികൾ നീട്ടിക്കൊണ്ട് പറഞ്ഞു: 'ഈ രണ്ടു തുണികളും ഞാൻ എന്റെ സഹോദരൻ ഹംസയ്ക്കുവേണ്ടി കൊണ്ടുവന്നതാണ്. കാരണം അദ്ദേഹം ശഹീദായെന്ന വാർത്ത ഞാൻ കേട്ടുകഴിഞ്ഞിരിക്കുന്നു.'

ഇതായിരുന്നു അക്കാലത്തെ അനുസരണം. അതായത്, നബിതിരുമേനിയുടെ നിർദേശമാണ് എന്ന് കേട്ട മാത്രയിൽ ദുഃഖത്തിലും നിയന്ത്രിക്കാൻ കഴിയാത്ത അവസ്ഥയിലും ആയിട്ടുകൂടി ഉടനെത്തന്നെ തന്റെ വികാരാവേശത്തെ അവർ നിയന്ത്രിച്ചു. നബിതിരുമേനിയുടെ പേരു കേട്ടിടത്തുനിന്ന് അവർ അനങ്ങിയില്ല. ഇതാണ് സമ്പൂർണ അനുസരണം. അവർ പറഞ്ഞു: 'എന്റെ സഹോദരനുവേണ്ടി തുണികൊണ്ടുവന്നതാണ്. ശഹാദത്തിന്റെ വിവരം എനിക്കു കിട്ടിക്കഴിഞ്ഞിരിക്കുന്നു. നിങ്ങൾ ഈ തുണികളിൽ അദ്ദേഹത്തെ പൊതിയണം.' ഞങ്ങൾ ആ രണ്ടു തുണികളിൽ ഹദ്റത്ത് ഹംസായെ പൊതിയാൻ തുടങ്ങിയപ്പോൾ അദ്ദേഹത്തിന്റെ ഒരു വശത്ത് ഒരാൾ ശഹിദായി കിടക്കുന്നതുകണ്ടു. ഹംസ (റ)യോടു ചെയ്തതുപോലുള്ള ക്രൂരത അദ്ദേഹത്തോടും ശത്രുക്കൾ ചെയ്തിരുന്നു. ഹംസയെ രണ്ടു തുണികൊണ്ട് പൊതിയുന്നതും ഈ അൻസ്വാരിക്ക് ഒരു തുണിപോലും ഇല്ലാത്തതിലും ഞങ്ങൾ ലജ്ജിതരായി. അതുകൊണ്ട് ഒരു തുണിയിൽ ഹംസയേയും ഒരു തുണിയിൽ ഈ അൻസ്വാരി സഹോദരനേയും പൊതിയാൻ ഞങ്ങൾ തീരുമാനിച്ചു. അളന്നു നോക്കിയപ്പോൾ ആ രണ്ടുപേരിൽ ഒരാളുടെ നീളം കൂടുതലാണെന്ന് മനസ്സിലായി. ഞങ്ങൾ കുറിയിട്ടു. ആദ്യത്തെ തുണിയിൽ ആരുടെ പേരാണോ വീണത് അയാളെ അതിൽ പൊതിഞ്ഞു ഖബ്റടക്കി.(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 1

പേജ് 452, ഹദീഥ് 1418, മുസ്‌നദ് സുബയ്‌റുബ്‌നു ൽ അവാം ആലമുൽ കുതുബ് ബേറൂത്ത് 1998)

ഹദ്റത്ത് ഹംസയെ ഒരേയൊരു തുണിയിലാണ് കഫൻ ചെയ്തത്. അദ്ദേഹത്തിന്റെ തല മറയ്ക്കുമ്പോൾ കാലുകളിൽ നിന്നും കാലുകൾ മറയ്ക്കുമ്പോൾ മുഖത്തുനിന്നും തുണി നീങ്ങിപ്പോകുമായിരുന്നു. ആ സാഹചര്യത്തിൽ അദ്ദേഹത്തിന്റെ മുഖം മറയ്ക്കാനും കാലുകളിൽ ഹർമലിന്റേയോ ഇദ്ഹറിന്റേയോ പുല്ലുവെച്ച് മറയ്ക്കാനും നബി(സ)തിരുമേനി നിർദേശിച്ചു. ഹദ്റത്ത് ഹംസയേയും അവിടത്തെ സഹോദരീ പുത്രനേയും ഒരേ ഖബ്‌റിലാണ് അടക്കിയത്. നബി(സ)തിരുമേനി ഏറ്റവുമാദ്യം ഹദ്റത്ത് ഹംസയുടെ ജനാസ നമസ്കരിപ്പിച്ചു. (അത്ത്വബഖാത്തുൽ കുബ്റ ലിഇബ്‌നി സഅ്ദ് വാള്യം 3 പേജ് 6-7 ഹംസത്തുബ്‌നു അബ്ദിൽ മുത്ത്വലിബ്, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഹദ്റത്ത് അബ്ദുല്ലാഹിബ്‌നു മസ്ഊദ്(റ) നിവേദനം: 'നബി(സ)തിരുമേനി ഹദ്റത്ത് ഹംസയുടെ ജനാസ മുന്നിൽവെച്ചുകൊണ്ട് അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചു. ഒരു അൻസ്വാരി സ്വഹാബിയുടെ ജനാസ അദ്ദേഹത്തിന്റെ ഒരു വശത്തുവച്ചു. അവിടന്ന് അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചു. പിന്നീട് ആ അൻസ്വാരി സ്വഹാബിയുടെ ജനാസ എടുക്കുകയും ഹദ്റത്ത് ഹംസയുടെ ജനാസ അവിടെത്തന്നെ വെക്കുകയും ചെയ്തു. എത്രത്തോളമെന്നാൽ, ഈ രീതിയിൽ നബി(സ)തിരുമേനി ആ ദിവസം ഹദ്റത്ത് ഹംസയുടെ ജനാസ നമസ്കാരം മറ്റു ശുഹദാക്കളോടൊപ്പം എഴുപത് പ്രാവശ്യം നമസ്കരിപ്പിച്ചു. ഓരോ തവണയും ഹദ്റത്ത് ഹംസയുടെ ജനാസ അവിടെത്തന്നെ ഉണ്ടായിരുന്നു.' (അത്ത്വബഖാത്തുൽ കുബ്റ ലിഇബ്‌നി സഅ്ദ് വാള്യം 3 പേജ് 11 ഹംസത്തുബ്‌നു അബ്ദിൽ മുത്ത്വലിബ്, ദാറുൽ കുതുബുൽ യ്യ ബേറൂത്ത് 1990).

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. ഹദ്റത്ത് ഹംസ ബന്ധുക്കളോടു നല്ലരീതിയിൽ പെരുമാറുകയും എല്ലാ നല്ല പ്രവൃത്തികളിലും എപ്പോഴും മുൻപന്തിയിൽ നില്ക്കുകയും ചെയ്യുമായിരുന്നു. ശഹാദത്തിനുശേഷം നബി(സ)തിരുമേനി ഹദ്റത്ത് ഹംസായുടെ മൃതശരീരത്തെ സംബോധനചെയ്തു പറഞ്ഞു: 'അല്ലാഹുവിന്റെ കാരുണ്യം നിന്റെമേൽ വർഷിക്കുമാറാകട്ടെ. ഇന്നേയ്ക്കുശേഷം താങ്കളിൽ ഒരു വേദനയുമില്ല.' (അത്ത്വബഖാത്തുൽ കുബ്റ ലിഇബ്‌നി സഅ്ദ് വാള്യം 3 പേജ് 9 ഹംസത്തുബ്‌നു അബ്ദിൽ മുത്ത്വലിബ്, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).നബി(സ)തിരുമേനിയുടെ പിതൃവ്യനും മുസ്‌ലീംകളുടെ ധീരനായ നേതാവുമായ ഹദ്റത്ത് ഹംസയുടെ മരണാനന്തര ക്രിയകൾ എത്രമാത്രം നിസഹായതയോടും നിരാലംബതയോടും കൂടിയാണ് നടന്നത്. സ്വഹാബാക്കൾ വളരെ വിഷമത്തോടുകൂടി അത് പറയുമായിരുന്നു. പിന്നീട് ഐശ്വര്യത്തിന്റെ കാലത്ത് ഹദ്റത്ത് ഖബ്ബാബ്(റ) ആ ഞെരുക്കത്തിന്റെ കാലം ഓർത്തുകൊണ്ടു പറയാറുണ്ടായിരുന്നു: ഹദ്റത്ത് ഹംസയുടെ കഫൻ പുടവ ഒരു പുതപ്പായിരുന്നു. അതും എത്തുമായിരുന്നില്ല. അങ്ങനെ തല തുണികൊണ്ടു മറയ്ക്കുകയും കാലിൽ പുല്ലിടുകയുമാണ് ചെയ്തത്. (മുസ്‌നദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 7 പേജ് 71-72 ഹദീഥ് 21387 മുസനദ് ഖബ്ബാബ്നുൽ അർത്ത്, ആലമുൽ കുതുബ് ബേറൂത്ത് 1998)

ഇപ്രകാരംതന്നെ അബ്ദുർറഹ്മാനിബ്‌നി ഔഫിന്റേയും ഇത്തരം സംഭവമുണ്ട്. ഒരു ദിവസം നോമ്പായിരുന്നു. നോമ്പു തുറക്കുന്ന നേരത്ത് വിഭവസമൃദ്ധമായ ഭക്ഷണം കൊണ്ടവന്നു വെച്ചു. അദ്ദേഹത്തിന് പട്ടിണിയുടെ കാലം ഓർമ വന്നു. അദ്ദേഹം പറഞ്ഞു: ഹംസയും ശഹീദായി. അദ്ദേഹം എന്നെക്കാൾ ശ്രേഷ്ഠനായിരുന്നു. അദ്ദേഹത്തേയും കഫൻചെയ്യാൻ ഒരു പുതപ്പിന്റെ കഷണം മാത്രമാണ് ലഭിച്ചത്. പിന്നീട് നമുക്ക് ഇഹലോക ഐശ്വര്യമുണ്ടായി. നമ്മുടെ കർമഫലം ഈ ഭൗതികജീവിതത്തിൽത്തന്നെ ധിറുതിപ്പെട്ട് ലഭിക്കുകപ്പെടുകയാണോ എന്ന് ഭയപ്പെടുന്നു. പിന്നീട് അദ്ദേഹം കരയാൻ തുടങ്ങി. എത്രമാത്രം കരഞ്ഞുവെന്നാൽ ഭക്ഷണം ഉപേക്ഷിച്ചു.(സ്വഹീഹ് ബുഖാരി, കിതാബുൽ മഗാസി, ബാബ് ഗസ്‌വ ഉഹുദ് ഹദീഥ് 4045)

അല്ലാഹു ഇഷ്ടപ്പെട്ടവരും അല്ലാഹുവിനെ ഇഷ്ടപ്പെട്ടവരുമായ കൂട്ടരാണിവർ. ഐശ്വര്യ കാലത്ത് അവർ തങ്ങളുടെ സഹോദരന്മാരെ ഓർക്കുന്നവരായിരുന്നു. അവരുടെ ഗതകാല വസ്ഥകളെ മുന്നിൽ വെയ്ക്കുന്നവരായിരുന്നു. അവിടന്ന് പറഞ്ഞു: അല്ലാഹു ഇവർക്ക് സ്വർഗങ്ങളുടെ സുവാർത്തകൾ നല്കി. അല്ലാഹു മഗ്ഫിറത്തോടുകൂടി ഇവരോടു പെരുമാറട്ടെ. ഇവരുടെ ദർജകൾ ഉയർത്തിക്കൊണ്ടേ പോകുമാറാകട്ടെ. നബി(സ)തിരുമേനി ഉഹുദിൽനിന്ന് മടങ്ങിയപ്പോൾ അൻസ്വാരിലെ സ്ത്രീകൾ തങ്ങളുടെ ഭർത്താക്കന്മാരുടെ വേർപാടിൽ നിലവിളിക്കുന്നുവെന്നും വിലപിക്കുന്നുവെന്നും കേട്ടു. നബി(സ)തിരുമേനി പറഞ്ഞു: എന്താണ് കാര്യം! ഹംസയ്ക്കുവേണ്ടി കരയാൻ ആരുമില്ലേ? അൻസ്വാരിലെ സ്ത്രീകൾ അറിഞ്ഞപ്പോൾ അവർ ഹംസയുടെ ശഹാദത്തിൽ വിലപിക്കാൻ ഒരുമിച്ചു കൂടി. പിന്നീട് നബി(സ)തിരുമേനി മയങ്ങിപ്പോയി. കണ്ണുതുറന്നപ്പോൾ ആ സ്ത്രീകൾ അപ്പോഴും കരയുകയായിരുന്നു. നബി(സ)തിരുമേനി പറഞ്ഞു: ഇന്ന് ഹംസയുടെ പേരുപറഞ്ഞു അവർ കരഞ്ഞുകൊണ്ടേയിരിക്കും. തിരിച്ചുപോകാൻ അവരോടു പറയുക. നബി(സ)തിരുമേനി നിർദേശിച്ചു: 'അവർ വീടുകളിലേക്ക് മടങ്ങിപ്പോകുക. ഇന്നേക്കുശേഷം മരിക്കുന്ന ആർക്കുവേണ്ടിയും അലമുറയിട്ടു കരയുകയോ വിലപിക്കുകയോ ചെയ്യരുത്.'(മുസ്‌നദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 2 പേജ് 418-419 ഹദീഥ് 5563 മുസനദ് അബ്ദുല്ലാഹ് ബിൻ അംറ്, ആലമുൽ കുതുബ് ബേറൂത്ത് 1998)

ഇപ്രകാരം അവിടന്ന് മരിച്ചവരുടെമേൽ അലമുറയിട്ടു കരയുന്നത് നിഷിദ്ധമാണെന്ന് പറഞ്ഞു. എല്ലാത്തരത്തിലുള്ള അലമുറയിടലും വിലാപവും അവസാനിപ്പിച്ചു. വളരെ യുക്തിപൂർവം നബി(സ)തിരുമേനി അൻസ്വാറുകളിലെ സ്ത്രീകളുടെ വികാരങ്ങൾ ശ്രദ്ധിച്ചു. അവരെ തങ്ങളുടെ ഭർത്താക്കന്മാരുടേയും സഹോദരങ്ങളുടേയും വേർപാടിൽ അലമുറയിട്ടു കരയുന്നത് തടയുന്നതിന് പകരം ആദ്യം അവരുടെ കരച്ചിൽ ഹംസയിലേക്ക് തിരിച്ചുവിട്ടു. വലിയ ദേശീയ ദുഃഖത്തിലേക്ക് ശ്രദ്ധ കൊണ്ടുവന്നു. അത് നബി(സ)തിരുമേനിയുടെ ഏറ്റവും വലിയ ദുഃഖമായിരുന്നു. പിന്നീട് ഹംസയുടെ വേർപാടിൽ വിലപിക്കരുതെന്ന് ഉപദേശിച്ചുകൊണ്ട് തന്റെ മാതൃക കാണിച്ചു. അവരോടു ക്ഷമിക്കാൻ പറഞ്ഞു. ആ ഉപദേശം സ്വാധീനമുണ്ടാക്കുന്നതായിരുന്നു. ഹംസയുടെ വേർപാട് നബി(സ)തിരുമേനിയിൽ ഉണ്ടാക്കിയ ദുഃഖം അവസാനംവരെ നബി(സ)തിരുമേനിക്കുണ്ടായിരുന്നു.

ഹദ്റത്ത് ഹംസയുടെ ശഹാദത്തിൽ കഅ്ബുബ്‌നു മാലിക് തന്റെ ഒരു വിലാപ കാവ്യത്തിൽ ഇപ്രകാരം പറഞ്ഞു:

'എന്റെ നയനങ്ങൾ കണ്ണീരൊഴുക്കുന്നു; ഹംസയുടെ മരണത്തിൽ കരയാനുള്ള അവകാശവും അവയ്ക്കുണ്ടല്ലോ; ദൈവത്തിന്റെ സിംഹമായ ആ മഹാത്മാവിന്റെ മരണത്തിൽ കരഞ്ഞു വിലപിച്ചിട്ടെന്തു കിട്ടാനാണ്? ദൈവത്തിന്റെ സിംഹമായ ഹംസ ശഹീദായ ദിവസം അദ്ദേഹം ധീരനായ യോധാവെന്ന് ലോകം വിളിച്ചു പറഞ്ഞു.'(അസ്ദുൽഗാബ, വാള്യം 2 പേജ് 69, ഹംസത്തുബ്‌നു അബ്ദിൽ മുത്ത്വലിബ്, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1996)

അല്ലാഹു ഈ സ്വഹാബാക്കളുടെ പദവികൾ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ. അവർ നിലനിറുത്തിയ ത്യാഗങ്ങളെ മുസ്‌ലിംകൾ ലോകം നിലനില്ക്കുവോളം സ്മരിക്കുമാറാകട്ടെ. അവർ സ്ഥാപിച്ച നന്മകളുടെ മാതൃകകളെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരാനുള്ള തൗഫീഖ് നമുക്ക് ലഭിക്കുമാറാകട്ടെ.

✧✧✧

## ബയ്അത്തിന്റെ യാഥാർഥ്യം:

"ഓർമിക്കുക! വെറും ബയ്അത്തും കൈയുടെമേൽ കൈ വെക്കലും ഒരു പ്രയോജനവും ചെയ്യുകയില്ല. വെള്ളം കിട്ടാതെ ദാഹംകൊണ്ട് മരണത്തോട് അടുക്കുന്ന ഒരുവനെ, അല്ലെങ്കിൽ കഠിനമായ വിശപ്പുകൊണ്ട് മരിക്കാൻ പോകുന്ന ഒരുവനെ ഒരിറ്റു വെള്ളമോ ഒരു ധാന്യമണിയോ മരണത്തിൽനിന്ന് രക്ഷിക്കുമോ? ഒരിക്കലുമില്ല. എപ്രകാരം ഈ ശരീരത്തെ രക്ഷിക്കുന്നതിന് മതിയാവോളം ഭക്ഷണവും മതിയാവോളം വെള്ളവും ലഭിക്കുന്നില്ലെങ്കിൽ ഹാനികരമാകുന്നുവോ അതേപ്രകാരം മുഴുനരകത്തിൽനിന്നും അല്പമാത്രമായ നന്മകൊണ്ട് നിങ്ങൾക്ക് രക്ഷപ്പെടാൻ സാധിക്കുകയില്ല. ഞങ്ങൾ കൈയുടെമേൽ കൈവച്ചിരിക്കുന്നു, ഇനി ഞങ്ങൾക്ക് വിഷമിക്കാൻ ഒന്നുമില്ല എന്ന വഞ്ചനയിൽ ഇരിക്കരുത്. സന്മാർഗവും ഒരു മരണമാണ്. ആരാണോ ഈ മരണം സ്വയം വരിക്കുന്നത് അവന് പുതിയൊരു ജീവിതം നല്കപ്പെടുന്നു. പുണ്യാത്മാക്കളുടെ വിശ്വാസവും ഇതുതന്നെയാണ്. അല്ലാഹുവും ഇതേ പ്രാരംഭാവസ്ഥയെക്കുറിച്ചു പറഞ്ഞു, *യാ അയ്യുഹല്ലദീന ആമനൂ അലയ്ക്കും അൻഫുസക്കും* അതായത് ആദ്യം തന്നത്താൻ നന്നാകുക. സ്വന്തം രോഗങ്ങൾ അകറ്റുക. മറ്റുള്ളവരെ കുറിച്ച് ചിന്തിക്കാതിരിക്കുക. അതേ. രാത്രിയിൽ തന്നത്താൻ നന്നാക്കുക. പകൽ മറ്റുള്ളവർക്കും കുറച്ച് നേർവഴി കാണിച്ചുകൊടുക്കുക. അല്ലാഹു നിങ്ങൾക്കു പൊറുത്തുതരുമാറാകട്ടെ. നിങ്ങളുടെ പാപങ്ങളിൽനിന്ന് നിങ്ങൾക്ക് മുക്തി നല്കുമാറാകട്ടെ. നിങ്ങളുടെ ബലഹീനതകളെ നിങ്ങളിൽനിന്ന് അകറ്റുമാറാകട്ടെ. സൽകർമങ്ങളിലും നന്മയിലും അഭിവൃദ്ധിപ്പെടാൻ നിങ്ങൾക്കു തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ. **(തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്(അ) വാള്യം 2, പേജ് 55)**


**കലാമുൽ ഇമാം:-**

**"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്‌വ അത്യാവശ്യമായ മൂലധനമാണ്." (മൽഫൂദാത്ത്, വാള്യം 5, പേജ് 121)**

**ത്വാലിബെ ദുആ:**

കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)

**കലാമുൽ ഇമാം:-**

**"ഇസ്‌ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു."(മൽഫൂദാത്ത്, വാള്യം 4, പേജ് 344).**

**ത്വാലിബെ ദുആ:**

അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)

# 2017 യൂ കെ ജൽസ സാലാനയുടെ അവസരത്തിൽ സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ തിരക്കുകൾ

**ഇസ്‌ലാം അവസാനത്തേതും അനശ്വരവുമായ മതമാണ്.**
**എല്ലാ മതങ്ങളും അവസാനം ഇസ്‌ലാമിൽ പ്രവേശിക്കുന്നതായിരിക്കും. ഇതുമാത്രമായിരിക്കും മതം.**

● അവസാന കാലഘട്ടത്തിൽ ഒരു പരിഷ്കർത്താവ് വരുമെന്നും അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ വാളുകൊണ്ടുള്ള ജിഹാദ് നിറുത്തലാക്കപ്പെടുമെന്നും നബി(സ)തിരുമേനി ദീർഘദർശനം നൽകിയിരുന്നു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപകർ ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)ദീർഘദർശനമനുസരിച്ച് നിയോഗിതരായ പരിഷ്കർത്താവാണ്. ഇനി വാളുകൊണ്ടുള്ള ജിഹാദില്ലെന്നുംഇക്കാലഘട്ടം തൂലികകൊണ്ടുള്ള ജിഹാദിന്റേതാണെന്നും അദ്ദേഹം പ്രഖ്യാപിച്ചു.

● സ്പെയിനിൽ ഇസ്‌ലാം 700 വർഷംവരെ നിലനിന്നു. പിന്നീട് ക്രിസ്തു മതത്തിന്റെ കാലഘട്ടം വീണ്ടും വന്നു. ഇനി വീണ്ടും അവരുടെ ഹൃദയം ജയിച്ചടക്കി അവരെ ഇസ്‌ലാമിൽ പ്രവേശിപ്പിക്കും. ഇസ്‌ലാം ഏതെങ്കിലും യുദ്ധങ്ങളുടെ ഫലമായല്ല വ്യാപിക്കുക. മറിച്ച്,അതിന്റെ യഥാർഥ അധ്യാപനമായ സ്നേഹാനുകമ്പയിലൂടെയാണ് വ്യാപിക്കുക.

**കൂടിക്കാഴ്ചയ്ക്കുവന്ന അതിഥികൾക്ക് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ ഇസ്‌ലാമിന്റെ യാഥാർഥ്യാധിഷ്ഠിത സന്ദേശം.**

☆ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനെ സംബന്ധിച്ച് എന്നെ ഏറ്റവുമധികം സ്വാധീനിച്ച വിഷയം സമാധാന സ്ഥാപനത്തിനുവേണ്ടിയുള്ള അതിന്റെ ആവേശവും ശ്രമങ്ങളുമാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ സമാപന പ്രഭാഷണം അഹ്മദികൾക്കും മറ്റു സമുദായങ്ങൾക്കും ഒരുപോലെ അനിവാര്യമാണ്.(ബൊളീവിയൻ ജേർണലിസ്റ്റ് Carlos Jamie സാഹിബ്.)

☆ ഖീഫത്തുൽ മസീഹിന്റെ സത്യസന്ദേശം മുസ്‌ലീംകൾക്ക് മാത്രമല്ല മുഴുലോകത്തിനും വേണ്ടിയുള്ളതാണ്. ലോകം മുഴുവനുമുള്ള ജനങ്ങളെ കണ്ടിട്ട് ഞാൻ വിസ്മയിച്ചു പോയി. വിവിധ സമൂഹങ്ങളിൽപ്പെട്ട വിവിധ വർണ്ണ വർഗ്ഗങ്ങളിൽ നിന്നുള്ള വ്യക്തികളുമായി കാണാൻ സാധിച്ചു. അവരുടെ ജീവിത രീതികൾ തികച്ചും വ്യത്യസ്തമായിരുന്നു. എങ്കിലും സ്നേഹ വിശ്വാസ സമാധാന കോട്ടയിൽ അല്ലാഹുവിന്റെ പേരിൽ അവരെല്ലാം ഒന്നായിരുന്നു. ലോകമെമ്പാടുമുള്ള സകലജനതയും സ്നേഹത്തിന്റേയും സമാധാനത്തിന്റേയും ഈ ജമാഅത്തിനെ തിരിച്ചറിയാൻ ഉന്നതനായ ദൈവം തുണക്കട്ടെ.(പരാഗ്വേ (Paraguay)നവ അഹ്മദി സ്നേഹിതന്റെ അനുഭവ പ്രകടനം)

☆ ജൽസാ ഗാഹിൽ സേവന നിരതരായ കുട്ടികളുടെ മുഖത്തു ദൃശ്യമായ സന്തോഷ സംതൃപ്തിയുടെ വികാരങ്ങൾ കണ്ടപ്പോൾത്തന്നെ ഇവിടെ എല്ലായിടത്തും ഉന്നതനായ ദൈവത്തിന്റെ സാന്നിദ്ധ്യമുണ്ടെന്ന് തിരിച്ചറിയാൻ എനിക്ക് കൂടുതൽ സമയം വേണ്ടിവന്നില്ല. മുഴുലോകത്തിനും ഇന്ന് അനിവാര്യമായ സമാധാനത്തിന്റേയും സ്നേഹത്തിന്റേയും പ്രഭാഷണം ഓരോ പ്രസംഗകരും നൽകിക്കൊണ്ടേയിരുന്നു. ഭാവിയിലും ഇത്തരം സമ്മേളനങ്ങളിൽ പങ്കെടുക്കണമെന്ന് ഞാൻ തീരുമാനിച്ചു കഴിഞ്ഞു.(കോംഗോ കിൻഷാസ(Congo Kinshasa)സംസ്ഥാന മന്ത്രി Mbakata സാഹിബ്.)

☆ ജൽസാ ഒരുക്കങ്ങൾ വളരെ ആകർഷിച്ചു. വിവിധ രാജ്യങ്ങളിൽനിന്നുള്ള വിവിധ വർണക്കാരുടേയും ജാതികളുടേയും സംഗമമായിരുന്നു ജൽസ. എങ്കിലും അവരെ വളരെയടുത്ത ബന്ധുക്കളെപോലെയായിരുന്നു തോന്നിയിരുന്നത്. പരസ്പരം എല്ലാവരും വളരെ സ്നേഹം പുലർത്തിയിരുന്നു. ഇക്കാര്യം എവിടേയും കാണുക സാധ്യമല്ല. ആഗോള ബയ്അത്തിന്റെ ദൃശ്യം വളരെ ആകർഷണം ഉളവാക്കുന്നതായിരുന്നു. ഇത്തരത്തിലുള്ള ദൃശ്യം എന്റെ ജീവിതത്തിൽ മുമ്പേയൊരിക്കലും കണ്ടിട്ടില്ല. അല്ലാഹുവിന്റെ മുമ്പിൽ വിനീതരും നമ്രശിരസ്കരുമായി വിതുമ്പുന്നത് വളരെ അത്ഭുതപ്പെടുത്തുന്ന ദൃശ്യമായിരുന്നു. (കമ്പോഡിയ(Cambodia) നാഷണൽ ടി.വി പ്രതിനിധി, Nhim Chany)

**ജൽസയിൽ പങ്കെടുത്ത അതിഥികളുടെ വിശ്വാസവർധന നൽകുന്ന അനുഭവ വിവരണം.**

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

പരിഭാഷ:മൗലവി അമീൻ മുഹമ്മദ്, മാത്ര

**(2017 ആഗസ്റ്റ് 5, ശനിയാഴ്ച)**

ഇന്ന് പരിപാടി അനുസരിച്ച് ബൊളീവിയ (Bolivia), പരാഗ്വേ (Paraguay),കോംഗോ കിൻഷാസ (Congo Kinshasa), കമ്പോഡിയ(Cambodia), ഇറ്റലി (Italy), ഗാംബിയ(Gambia), ഈജിപ്ത് (Egypt), യുഗാണ്ട(Uganda), സിംബാബ്‌വെ (Zimbabwe), ഘാന(Ghana) തുടങ്ങിയ 10 രാഷ്ട്രങ്ങളിൽനിന്നുള്ള പ്രതിനിധികളുടെ കൂടിക്കാഴ്ചയായിരുന്നു ഹുദൂറുമായി നടന്നത്. ഈ പരിപാടി രാവിലെ 11 മണിക്ക് ആരംഭിച്ചു.

**ബൊളീവിയ (Bolivia) സംഘം:**

പ്രസിദ്ധ ബൊളീവിയൻ പത്രമായ El Deber ന്റെ ചീഫ് എഡിറ്റർ Carlos Jamie Orias ജൽസയിൽ ഈ വർഷം പങ്കെടുത്തിരുന്നു. അദ്ദേഹത്തോടൊപ്പം ബൊളീവിയൻ മുബല്ലിഗ് അത്വാഉൽ ഗാലിബ് സാഹിബും ഉണ്ടായിരുന്നു. ജൽസയെ സംബന്ധിച്ച് ഹുദൂർ അന്വേഷിച്ചപ്പോൾ അദ്ദേഹം ഇപ്രകാരം പറഞ്ഞു: ജൽസയുടെ ഒരുക്കങ്ങളിൽ ഞാൻ വളരെ ആകൃഷ്ടനാണ്. എന്റെ ജീവിതത്തിലെ ആദ്യ അനുഭവമായിരുന്നു ഇത്. ഇത്രയധികം ആളുകൾ പങ്കെടുത്തിട്ടും ഒരു തരത്തിലുമുള്ള ഏറ്റുമുട്ടലോ കുഴപ്പമോ സംവിധാനപ്പിഴവോ ഇല്ലാതിരിക്കുന്നത് മുമ്പേയൊരിക്കലും എനിക്ക് കാണാൻ കഴിയാത്ത ഒരു കാര്യമാണ്.

പത്രപ്രവർത്തകൻ ഹുദൂറിന്റെ കുടുംബത്തെ കുറിച്ചന്വേഷിച്ചു. ഹുദൂർ പറഞ്ഞു: എന്റെ കുടുംബത്തിൽ എന്റെ ഭാര്യയും രണ്ടു കുട്ടികളുമുണ്ട്. രണ്ട് മക്കളുടേയും വിവാഹം കഴിഞ്ഞു. എനിക്ക് grand children നുമുണ്ട്. ഭക്ഷണാവസരത്തിലും ചായകുടിക്കുന്ന അവസരത്തിലും കാണാറുണ്ട്. രാത്രിയും കാണാറുണ്ട്. കുറച്ചു സമയം ഞാൻ കുടുംബത്തോടൊപ്പം ചെലവഴിക്കാറുണ്ട്.

സമാധാന സ്ഥാപനവുമായി ബന്ധപ്പെട്ടു പത്രപ്രവർത്തകനിൽ നിന്ന് ചോദ്യമുണ്ടായി.ഹുദൂർ പറഞ്ഞു: ഇതൊരു നീണ്ടതും തുടർന്നു കൊണ്ടിരിക്കുന്നതുമായ പരിപാടിയാണ്. ലോകത്തിലെ വിവിധ സ്റ്റേജുകളിൽ നൽകുന്ന പ്രഭാഷണങ്ങളിൽ നേതൃനിരയിലുള്ള നേതാക്കളുടെ ശ്രദ്ധയിലേക്ക് കാര്യങ്ങൾ എത്തിക്കാൻ ശ്രമിക്കുന്നു. അതുപോലെതന്നെ അധികാരസ്ഥാനങ്ങളിൽ ഇരിക്കുന്നവരേയും ചുമതലകൾ വഹിക്കുന്നവരേയും കണ്ട് അവരുടേയും ശ്രദ്ധയിൽ വിഷയങ്ങൾ കൊണ്ടു വരുന്നു. ഇതു സംബന്ധമായി വിവിധ രാഷ്ട്രത്തലവന്മാർക്ക് ഞാൻ കത്തുകളും എഴുതിയിരുന്നു. ജമാഅത്ത് എല്ലാ രംഗങ്ങളിലും പരിശ്രമിച്ചു വരുന്നു.

ഒരു ചോദ്യത്തിനു മറുപടി നൽകിക്കൊണ്ടു ഹുദൂർ അൻവർ പറഞ്ഞു: ഇസ്‌ലാം അവസാനത്തേതും സമ്പൂർണവുമായ ദീനാണ്. എല്ലാ മതങ്ങളും ഇസ്‌ലാമിന് എതിരാകാൻ ഒരു കാരണം അവസാനത്തേതും പൂർണവുമായ ദീനാണെന്ന അതിന്റെ പ്രഖ്യാപനമാണ്.എല്ലാ മതങ്ങളും ഒടുവിൽ ഇസ്‌ലാമിൽ പ്രവേശിക്കും, ഈ ഒരേയൊരു മതമായിരിക്കും അംഗീകരിക്കപ്പെടുക.

ജിഹാദിനെ സംബന്ധിച്ച് ഹുദൂർ പറഞ്ഞു: ഇസ്‌ലാമിന്നെതിരിൽ ഇപ്പോൾ ഒരു മതവും ആയുധമെടുക്കുന്നില്ല. നടന്നുകൊണ്ടിരിക്കുന്ന ഏറ്റുമുട്ടലുകൾ രാഷ്ട്രീയമാണ്. അവസാന കാലത്ത് ഒരു പരിഷ്കർത്താവു വരുമെന്നും അദ്ദേഹം വാളുകൊണ്ടുള്ള യുദ്ധം അവസാനിപ്പിക്കുമെന്നും മുഹമ്മദ് നബി(സ) ദീർഘദർശനം ചെയ്തിരുന്നു. മതപരമായ യുദ്ധങ്ങളുണ്ടാകുകയില്ല. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപകർ ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) ദീർഘദർശനമനുസരിച്ച് നിയോഗിതരായ പരിഷ്ക്കർത്താവാണ്. ഇനി വാളു കൊണ്ടുള്ള ജിഹാദില്ലെന്നും ഇക്കാലഘട്ടം തൂലികകൊണ്ടുള്ള ജിഹാദിന്റെ കാലഘട്ടമാണെന്നും അദ്ദേഹം പ്രഖ്യാപിച്ചു. ഇപ്പോൾ ഇസ്‌ലാമിനെതിരെ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു കൊണ്ടാണ് ആക്രമണങ്ങൾ നടത്തുന്നത്. ഇതിനു മറുപടിയും അതേ ആയുധങ്ങളാലാണ് അതായത് ഗ്രന്ഥപ്രസിദ്ധീകരണം വഴിയാണ് നടത്തേണ്ടത്. ഗ്രന്ഥപ്രസിദ്ധീകരണം മുഖേനയും ഇലക്ട്രോണിക് സോഷ്യൽ മീഡിയ മുഖേനയും അഹ്മദിയ്യാ ജമാഅത്ത് ഇസ്‌ലാമിന്റെ പേരിൽ ഉന്നയിക്കപ്പെടുന്ന വിമർശനങ്ങൾക്ക് മറുപടി നൽകി വരുന്നു.

അഹ്മദി മഹിളകളെ കുറിച്ചുള്ള ജേർണലിസ്റ്റി ന്റെ ചോദ്യത്തിന് ഹുദൂർ ഇപ്രകാരം മറുപടി ന ൽകി.

അഹ്മദീ മഹിളകൾ ഞങ്ങളിലെ പുരുഷന്മാരെ യപേക്ഷിച്ചു കൂടുതൽ വിദ്യാസമ്പന്നകളാണ്. എണ്ണത്തിന്റെയടിസ്ഥാനത്തിൽ പുരുഷന്മാരേക്കാ ൾ സ്ത്രീകൾ കൂടുതൽ പഠിച്ചവരാണ്.

ജേർണലിസ്റ്റ് Carlos Jamie സാഹിബ് തന്റെ പ്രതികരണങ്ങൾ ഇങ്ങനെ വെളിപ്പെടുത്തി:അഹ് മദിയ്യാ ജമാഅത്തിനെ സംബന്ധിച്ച് എന്നെ ഏറ്റ വും സ്വാധീനിച്ച വിഷയം സമാധാന സ്ഥാപന ത്തിനു വേണ്ടിയുള്ള ജമാഅത്തിന്റെ ആവേശ വും ശ്രമങ്ങളുമാണ്. ഇക്കാലഘട്ടത്തിൽ വളരെ സുപ്രധാനവും അനിവാര്യവുമായ സന്ദേശമാ ണിത്. വിവിധ ജനങ്ങളേയും സംസ്കാരങ്ങളേ യും ഉൾക്കൊള്ളുന്ന വ്യക്തികളെ ഇസ്ലാം മത ത്തിന്റെ യഥാർഥ അടിസ്ഥാനങ്ങളിൽ ഒരുമിച്ച് കൂട്ടാനുള്ള അഹ്മദിയ്യാ ജമാഅത്തിന്റെ ആഗ്രഹം വളരെ സുന്ദരമാണ്. കേവലം സന്നദ്ധസേവക രുടെ മാത്രം സഹായത്തോടെ ഇത്ര വിശാലവും പരന്നതുമായ സംവിധാനം ഒരുക്കിയെന്നുള്ളത് എന്നെ വളരെ വിസ്മയിപ്പിച്ച കാര്യമായിരുന്നു. ഏതൊരു ദുഷ്കരമായ പ്രവൃത്തിയും വിശ്വാസം, ആത്മാർഥത, നിസ്വാർഥത എന്നിവയിലൂടെ പ രിശ്രമിച്ചാൽ എളുപ്പം സാധ്യമാണെന്ന് ഇതി ലൂടെ എനിക്ക് മനസ്സിലായി. സ്ത്രീകളുടേയും പു രുഷൻമാരുടേയും അവകാശങ്ങളേയും കുറിച്ച് അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം നൽകിയ പ്രഭാ ഷണം മുഖേന എന്റെ ധാരാളം സംശയങ്ങൾക്ക് നിവാരണമായി. ഇസ്ലാമികാധ്യാപനത്തിന്റെ യു ക്തികളും ഈ വിഷയത്തിൽ എനിക്ക് കൂടുതൽ വ്യക്തമായി. വിദ്യാഭ്യാസ രംഗത്ത് അഹ്മദീ വനി തകളുടെ ഉന്നത വിജയങ്ങൾ സന്തോഷദായക മായ ഒരു കാര്യമാണ്. സ്ത്രീപുരുഷ കൂട്ടായ്മ ലോകത്ത് സമാധാന ശ്രമങ്ങൾക്ക് നിർബന്ധ മായും പങ്കാളിത്തം വഹിക്കണമെന്നും ഇതിലൂടെ സ്ഥാപിതമാകുന്നു; ആദ്യം കുടുംബ തലത്തിലും തുടർന്ന് സമൂഹതലത്തിലും ശേഷം രാഷ്ട്ര തലത്തിലും പിന്നെ അന്താരാഷ്ട്രതലത്തിലും. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ സമാപന പ്രഭാഷണം അഹ്മദികൾക്ക് മാത്രമല്ല അനിവാര്യ മായത്, അതേ അളവിൽത്തന്നെ ഇതര സമുദായ ത്തിനും അനിവാര്യമാണ്. ജിഹാദിന്റെ യഥാർഥ ഉദ്ദേശ്യത്തെ സംബന്ധിച്ച് അഹ്മദിയ്യാ ജമാഅ ത്ത് മനസ്സിലാക്കിത്തന്നു. കഠിനപരിശ്രമവും സം സ്കരണവും ചെയ്യുക എന്നതാണ് അതിന്റെ യഥാർഥ അർഥം. ലോകത്തെ നാശത്തിൽ നിന്ന് രക്ഷിക്കാനും യഥാർഥ സാഹോദര്യംസ്ഥാപിക്കു ന്നതിനും ഇതുതന്നെയാണ് അടിസ്ഥാന ഫലകം.

അദ്ദേഹം തുടരുന്നു: ഇസ്ലാം സ്ത്രീകളെ പി ന്നിൽ നിറുത്തിയിരിക്കുന്നുവെന്നും അവർക്ക് ഒരു സ്ഥാനവും നൽകുന്നില്ലെന്നും പാശ്ചാത്യർ അഭിപ്രായപ്പെടുന്നു. എന്നാൽ, അഹ്മദിയ്യാ ജമാ അത്തിന്റെ ഇമാം ഉന്നത വിജയം നേടിയ മഹിള കൾക്ക് ഉപഹാരങ്ങൾ നൽകുന്നു. ഓരോ മഹി ളയേയും വ്യക്തിഗതമായി വിളിക്കുന്നത് കണ്ട പ്പോൾ മടങ്ങിച്ചെന്ന് എന്റെ പത്രത്തിൽ ഇതു വിഷയമായി തീർച്ചയായും എഴുതണമെന്ന് എന്റെ മനസ്സിൽ ശക്തമായ ആഗ്രഹം ജനിച്ചു. ലോകത്ത് ഏതെങ്കിലും നേതാവ് സ്ത്രീകളെ മാത്രം അഭി മുഖീകരിച്ചു പ്രഭാഷണം നൽകിയിട്ടുണ്ടോ? ഇല്ല തന്നെ.

ഈ കൂടിക്കാഴ്ച 11 മണിവരെ നീണ്ടുനിന്നു. ഒ ടുവിൽ ബൊളീവിയൻ സംഘം ഹുദൂറുമൊത്തു ഫോട്ടോയെടുത്ത് സായൂജ്യമടഞ്ഞു.

**പരാഗ്വേ (Paraguay)സംഘവുമായുള്ള കൂടിക്കാഴ്ച:**

അഞ്ചു പേരടങ്ങുന്ന സംഘമായിരുന്നു പരാഗ്വേ യിൽ നിന്ന് വന്നത്. രണ്ട് പ്രശസ്ത പരാഗ്വേ പ ത്രങ്ങളുടെ എഡിറ്റർമാർ Aldo Antonio Benitz, Juan Perez Acosta ഒരു നവഅഹ്മദി Benjanmin Lopez എന്നിവർ ഈ സംഘത്തിലുണ്ടായിരുന്നു.

ഹുദൂർ അന്വേഷിച്ചപ്പോൾ സംഘാംഗങ്ങൾ പ റഞ്ഞു: ജൽസാ സംവിധാനങ്ങൾ വളരെ നല്ലതാ യിരുന്നു. വിശ്വാസത്തിൽ ജനങ്ങൾ എത്ര ശക്തരാ ണെന്ന് കണ്ടു. മൂന്ന് ദിവസവും ഒരു ആത്മീയ അന്തരീക്ഷമായിരുന്നു. ഞങ്ങൾ വൈകാരികമായ ധാരാളം ദൃശ്യങ്ങൾ കണ്ടു.

ഹുദൂർ പറഞ്ഞു: ജൽസയ്ക്കായി ഒരു താൽക്കാ ലിക Village ഉണ്ടാക്കപ്പെട്ടിരിക്കുകയാണ്. ഇപ്പോ ൾ നിങ്ങൾ അവിടെ പോയി നോക്കിയാൽ ആ സ്ഥലം കൃഷിഭൂമിയാണെന്ന് കാണാം. നമ്മുടെ സന്നദ്ധസേവകർ എല്ലാം തികച്ചും വൃത്തിയാക്കി കഴിഞ്ഞു.

ഹുദൂർ പരാഗ്വേ മിഷണറിക്ക് മാർഗനിർദേശം ന ൽകിക്കൊണ്ടു പറഞ്ഞു: സൗത്ത് അമേരിക്കയിലെ സ്പാനിഷ് രാഷ്ട്രങ്ങളിൽ പ്രവർത്തിക്കുന്നതിനു വേണ്ടി ഒരു ഹ്രസ്വ പരിപാടിയും ഒരു ദീർഘകാല പരിപാടിയും തയ്യാറാക്കുക.

സ്പെയിൻ സംബന്ധമായും സംസാരിച്ചു. ഇവി ടെ ഇപ്പോഴും ജനങ്ങളുടേയും സ്ഥലങ്ങളുടേയും നാമങ്ങൾ മുസ്ലിം നാമങ്ങൾ പോലെയാണ്.

☆ഹുദൂർ പറഞ്ഞു: ഇവിടെയാദ്യം ക്രിസ്തു മതം വന്നു. പിന്നീട് ഇസ്ലാം, ശേഷം വീണ്ടും ക്രിസ്തു മതം വന്നു. എന്നാൽ, അവയുടെ അടി സ്ഥാനങ്ങൾ പോലെതന്നെ മുസ്ലീംകളുടേതുപേ ാലെ നാമങ്ങളുള്ള പ്രദേശങ്ങളിൽ അങ്ങനെ തന്നെ നടന്നു വരുന്നു.

ഹുദൂർ പറഞ്ഞു: സ്പെയിനിൽ ഇസ്ലാം 700 വർഷംവരെ നിലനിന്നു. പിന്നീട് ക്രിസ്തുമതം വീണ്ടും വന്നു.ഇനി വീണ്ടും അവരുടെ ഹൃദയം ജയിച്ചടക്കി അവരെ ഇസ്ലാമിൽ പ്രവേശിപ്പി ക്കും. ഇസ്ലാം ഏതെങ്കിലും യുദ്ധങ്ങളുടെ ഫല മായല്ല വ്യാപിക്കുക. മറിച്ച്,അതിന്റെ യഥാർഥ അധ്യാപനങ്ങൾ സ്നേഹാനുകമ്പയിലൂടെയാണ് വ്യാപിക്കുക.

ജേർണലിസ്റ്റിന്റെ അടുത്ത ചോദ്യം സൗത്ത് അമേരിക്കൻ രാഷ്ട്രങ്ങളിൽ ജമാഅത്തിന്റെ പ്ര വർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കുമോ എന്നാ യിരുന്നു.

☆ഹുദൂർ പറഞ്ഞു:തീർച്ചയായും. ഈ പ്രവർത്ത നങ്ങൾ ഞങ്ങൾ കൂടുതൽ വർധിപ്പിക്കുന്നതാണ്. വ്യാപിപ്പിച്ച് കൊണ്ടേയിരിക്കുന്നതാണ്. ഇപ്പോൾ തുടക്കം മാത്രമാണ് ഈ രാഷ്ട്രങ്ങളിൽ നടന്നിരി ക്കുന്നത്.ഭാവിയിൽ ഞങ്ങൾ ഈ പ്രവൃത്തികൾക്ക് വമ്പിച്ച മുന്നേറ്റം നൽകുന്നതാണ്. കൂടുതൽ മുബ ല്ലിഗുമാരെ ലഭ്യമാകുന്നതിനനുസരിച്ച് അവിടേക്ക് അയച്ചു കൊണ്ടേയിരിക്കും. ഇസ്ലാമിന്റെ സുന്ദ രവും ശാന്തി സമാധാനത്തിലധിഷ്ഠിതവുമായ അധ്യാപനമാണ് ഞങ്ങൾക്ക് സമർപ്പിക്കാനുള്ളത്. നല്ല കാര്യങ്ങൾ സമർപ്പിച്ചാൽ അതിനെ ഇഷ്ടപ്പെ ടുന്നവർ സ്വീകരിക്കുന്നതാണ്. ഞങ്ങൾ ഇതിനെ സമർപ്പിക്കുക മാത്രമാണ് ചെയ്യുന്നത്. ഒരു തര ത്തിലുമുള്ള നിർബന്ധവും ചെലുത്താൻ പാടില്ല.

അപ്പോൾ ജേർണലിസ്റ്റ് പറഞ്ഞു: താങ്കളുടെ ജമാഅത്ത് സമർപ്പിക്കുന്ന സമാധാനനിർഭരമായ സന്ദേശം വളരെ നല്ലതാണ്.

ജേർണലിസ്റ്റ് തന്റെ പ്രതികരണങ്ങൾ ഇങ്ങനെ പ്രകടിപ്പിച്ചു. തികച്ചും സന്തോഷദായകമായ ഒര നുഭവമായിരുന്നു ഇത്. മതവുമായുള്ള അഹ്മദി കളുടെ താൽപര്യവും അവരുടെ വിശ്വാസദൃഢ തയും എന്നെ വളരെ ആകൃഷ്ടനാക്കി. ഇസ് ലാം സമാധാനം പഠിപ്പിക്കുന്നു എന്ന അറിവാണ് സർവ്വോപരി എനിക്ക് ലഭിച്ചത്. അയൽവാസി കളോടുള്ള സ്നേഹവും തീവ്രവാദത്തോടുള്ള വെറുപ്പും യഥാർഥ ഇസ്ലാം പഠിപ്പിക്കുന്നു.

സംഘത്തിലെ നവഅഹ്മദി തന്റെ അനുഭവ ങ്ങൾ പ്രകടിപ്പിച്ചു: ഖലീഫത്തുൽ മസീഹിന്റെ സത്യസന്ദേശം കേവലം മുസ്ലീംകൾക്ക് മാത്ര മുള്ളതല്ല; മുഴുലോകത്തിനും വേണ്ടിയുള്ളതാ ണ്. ലോകത്തിലെ നാനാ ഭാഗത്തുനിന്നും വന്ന വരെ കണ്ടിട്ടു ഞാൻ വിസ്മയ പരതന്ത്രനാണ്. വിവിധ സമൂഹങ്ങളിൽപ്പെട്ട വിവിധ വർണ്ണ വർഗ്ഗ ങ്ങളിൽ നിന്നുള്ള വ്യക്തികളുമായി കാണാൻ സാധിച്ചു. അവരുടെ ജീവിത രീതികൾ തികച്ചും വ്യത്യസ്തമായിരുന്നു. എങ്കിലും സ്നേഹ വിശ്വാ സ സമാധാന കോട്ടയിൽ അല്ലാഹുവിന്റെ പേരിൽ അവരെല്ലാം ഒന്നായിരുന്നു.ലോകത്തെ സർവ്വ ജന തയും സ്നേഹ സമാധാനത്തിന്റെ ഈ ജമാഅ ത്തിനെ തിരിച്ചറിയാൻ ഉന്നതനായ ദൈവം തുണ ക്കട്ടെ.

ഈ അഭിമുഖം 11.45 വരെ നീണ്ടു നിന്നു. ഒടു വിൽ ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അവർക്ക് ഭാഗ്യം കിട്ടി.

**കോംഗോ കിൻഷാസ(Congo Kinshasa) സംഘവുമായുള്ള കൂടിക്കാഴ്ച:**

3 പേരടങ്ങുന്ന കോംഗോ കിൻഷാസ സംഘ ത്തിൽ Kwango സംസ്ഥാനത്തിന്റെ ട്രാൻസ്പോ ർട്ട്, ചെറുകിട വ്യവസായ മന്ത്രി Soulyman Diana Kule സാഹിബും Jean Piera Ndumba സാഹി ബും ഉണ്ടായിരുന്നു.

ഹുദൂർ വിശേഷങ്ങൾ ചോദിച്ചപ്പോൾ അവരി രുവരും പറഞ്ഞു: ജൽസ സാലാനക്ക് വേണ്ടി ക്ഷണിച്ചതിൽ ഞങ്ങൾക്ക് കൃതാർഥതയുണ്ട്. ജൽസയുടെ ഓർമകൾ വളരെ ഗഹനീയമാണ്. ഞങ്ങൾക്കൊരിക്കലും അത് മറക്കാൻ കഴിയില്ല. ജൽസാ ഒരുക്കങ്ങൾ മികച്ചതായിരുന്നു. മുപ്പതിനാ യിരത്തിലധികം പേരുണ്ടായിരുന്നു. എല്ലാവരും പ രസ്പരം സ്നേഹാനുകമ്പയോടുകൂടി പെരുമാറു ന്നുണ്ടായിരുന്നു. ഏറ്റവും കൂടുതലായി ഞങ്ങളെ ആകർഷിച്ചത് കൊച്ചുകുട്ടികളായിരുന്നു. വളരെ സ്നേഹത്തോടും സന്തോഷത്തോടുംകൂടി ഞ ങ്ങളെ സേവിക്കുന്നുണ്ടായിരുന്നു. ഇതെല്ലാം ദർ ശിച്ചപ്പോൾ ഉന്നതനായ ദൈവം ഇവിടെയുണ്ട് എന്നാണ് ഞങ്ങൾക്ക് തോന്നിയത്.

മന്ത്രി പറഞ്ഞു: ഹുദൂർ അൻവർ മുസ്ലിം രാഷ്ട്രങ്ങളേയും സംബോധന ചെയ്ത് പ്രഭാ ഷണം നടത്തി. ഈ രാഷ്ട്രങ്ങളിൽ നിന്ന് ഇവി ടെ ജൽസയിൽ എന്തെങ്കിലും കുഴപ്പങ്ങൾ ഉണ്ടാ കുമോ എന്ന ഭയം എന്നെ പിടികൂടിയിരുന്നു

☆ ഹുദൂർ പറഞ്ഞു: സത്യമായ കാര്യം പറ യേണ്ടി വരുമ്പോൾ ധൈര്യം കാണിക്കേണ്ടി വരും. ഞങ്ങൾ എന്തായാലും സത്യമായ കാര്യം പറഞ്ഞു കൊണ്ടിരിക്കും.

മിനിസ്റ്റർ പറഞ്ഞു: ഞങ്ങളുടെ രാഷ്ട്രത്തിനു വേണ്ടിയും ദുആ ചെയ്താലും. അവിടേയും സമാ ധാനം വരട്ടെ. ഞങ്ങളുടെ ഭരണകർത്താക്കൾ തന്നെയാണ് കുഴപ്പങ്ങൾക്ക് ഉത്തരവാദികൾ. ജന ങ്ങൾക്ക് അവരുടെ മേൽ പ്രതീക്ഷ നഷ്ടപ്പെട്ടിരി ക്കുന്നു. ഹുദൂർ അവർക്കെന്തെങ്കിലും ഉപദേശം നൽകണമെന്ന് മിനിസ്റ്റർ അപേക്ഷിച്ചു.

☆ ഹുദൂർ പറഞ്ഞു: *സയ്യിദുൽ ഖൗമി ഖാദി മുഹും.* നീതിയുടെ തേട്ടങ്ങൾ പൂർത്തിയാക്കി ക്കൊണ്ട് പൊതുജനങ്ങളെ സേവിക്കുക. അവരുടെ കടമകൾ പൂർത്തിയാക്കുക. സ്വന്തത്തെക്കാൾ കൂടുതലായി ജനങ്ങളെ കുറിച്ചുള്ള ചിന്തയുണ്ടാ കുക.

സംസ്ഥാന മന്ത്രി MBAKATAസാഹിബ് തന്റെ അനുഭവങ്ങൾ വിവരിച്ചു: എല്ലാ രൂപേണയും ജൽസാ സംവിധാനം അത്യുത്തമമായിരുന്നു. എയർപോർട്ടിൽ നിന്ന് ജൽസാ ഗാഹ് വരെയുള്ള അനുകമ്പാപൂർണമായ സ്വീകരണം, ഭക്ഷണം, ട്രാൻസ്പോർട്ട്, ഇതര വിഭാഗങ്ങളുടെ ആതിഥ്യമ ര്യാദകൾ അതി സുന്ദരമായിരുന്നു. ജൽസക്ക് ശേ ഷവും അതിഥികൾ തിരിച്ചു പോകുന്നതുവരേയും അവർക്ക് പൂർണ ശ്രദ്ധയും ആദരവും ലഭിച്ചു കൊണ്ടേയിരുന്നു. ജൽസാ ഗാഹിൽ സേവന നിരതരായ കുട്ടികളുടെ മുഖത്തു ദൃശ്യമായ സന്തോഷ സംതൃപ്തിയുടെ വികാരങ്ങൾ കണ്ട പ്പോൾത്തന്നെ ഇവിടെ എല്ലായിടത്തും ഉന്നതനാ യ ദൈവത്തിന്റെ സാന്നിദ്ധ്യമുണ്ടെന്ന് തിരിച്ചറി യാൻ എനിക്ക് കൂടുതൽ സമയം വേണ്ടിവന്നില്ല. ഹുദൂർ അൻവറും ഇതര പ്രഭാഷകരും നൽകി

കൊണ്ടിരുന്ന ശാന്തി സമാധാന സന്ദേശത്തിന്റെ നല്ല സ്വാധീനം ജൽസയിൽ വന്നിരുന്ന ഓരോ വ്യക്തിയിലും പ്രകടമായിരുന്നു. മുഴുലോകത്തിനും ഇന്ന് അനിവാര്യമായ സമാധാനത്തിന്റേയും സ്നേഹത്തിന്റേയും പ്രഭാഷണം ഓരോ പ്രസംഗകരും നൽകിക്കൊണ്ടേയിരുന്നു. മടങ്ങിച്ചെന്ന് എന്റെ സംസ്ഥാനത്തിലും രാഷ്ട്രത്തിലും എനിക്ക് ഒരു ഉത്തരവാദിത്വം നിർവ്വഹിക്കേണ്ടതുണ്ടെന്ന് ഞാൻ തിരിച്ചറിഞ്ഞിരിക്കുന്നു. അല്ലാഹു ഇക്കാര്യത്തിൽ എന്നെ തുണയ്ക്കുമാറാകട്ടെ. ഭാവിയിലും ഇത്തരം സമ്മേളനങ്ങളിൽ പങ്കെടുക്കണമെന്ന് ഞാൻ തീരുമാനിച്ചു കഴിഞ്ഞു.

ഈ കൂടിക്കാഴ്ച 7.12 വരെ നീണ്ടു നിന്നു.ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അവർക്ക് ഭാഗ്യം കിട്ടി.

**കമ്പോഡിയ(Cambodia) സംഘവുമായുള്ള കൂടിക്കാഴ്ച:**

3 പേരാണ് കമ്പോഡിയ സംഘത്തിലുണ്ടായിരുന്നത്. കമ്പോഡിയ നാഷണൽ ടെലിവിഷൻ ചാനലിന്റെ പ്രതിനിധി Nhim Chany സാഹിബ് ഇതിലുണ്ടായിരുന്നു.

Nhim Chany സാഹിബ് പറയുന്നു: ജൽസാ സംവിധാനങ്ങൾ എന്നെ വളരെയാകർഷിച്ചു. മുപ്പതിനായിരത്തോളം പേരുണ്ടായിരുന്നു. രാവിലേയും വൈകുന്നേരവും എല്ലാവർക്കും ഭക്ഷണം നൽകപ്പെട്ടു. ഇത്ര വലിയ ജനാവലിക്ക് ഒരേ സമയം ഭക്ഷണം നല്കികൊണ്ടിരുന്നിട്ടും ഒരു വിധത്തിലുള്ള ബുദ്ധിമുട്ടും അനുഭവപ്പെട്ടില്ല. സുരക്ഷിതത്വത്തിന്റെ സംവിധാനവും മികച്ചതായിരുന്നു. പോലീസിന്റെ ആവശ്യമേ നേരിട്ടിട്ടില്ല.

ടി.വി പ്രതിനിധി തന്റെ അനുഭവങ്ങൾ ഇങ്ങനെ വെളിപ്പെടുത്തി: വിവിധ രാജ്യങ്ങളിൽ നിന്നുള്ള വിവിധവർഗവർണ ജനതകളുടെ സംഗമമായിരുന്നു ജൽസ. എങ്കിലും വളരെയടുത്ത ബന്ധുക്കളെ പോലെയായിരുന്നു അവർ പരസ്പരം തോന്നിയിരുന്നത്. പരസ്പരം എല്ലാവരും വളരെ സ്നേഹം പുലർത്തിയിരുന്നു. ഇക്കാര്യം എവിടേയും കാണുക സാധ്യമല്ല. ആഗോളബയ്അത്തിന്റെ ദൃശ്യം വളരെ ആകർഷണം ഉളവാക്കുന്നതായിരുന്നു. ഇത്തരത്തിലുള്ള ദൃശ്യം എന്റെ ജീവിതത്തിൽ മുമ്പേയൊരിക്കലും കണ്ടിട്ടില്ല. അല്ലാഹുവിന്റെ മുമ്പിൽ വിനീതരും നമ്രശിരസ്കരുമായി വിതുമ്പുന്നത് വളരെ വിസ്മയകരമായ ദൃശ്യമായിരുന്നു.

ഈ അഭിമുഖം 12.15 വരെ തുടർന്നു. ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അവർക്ക് ഭാഗ്യം കിട്ടി.

**ഇറ്റലി(Italy)യൻ സംഘവുമായുള്ള കൂടിക്കാഴ്ച:**

ഇറ്റലിയൻ സംഘത്തിൽ Manuel Olivares സാഹിബ് എന്ന നവഅഹ്മദിയും ഉണ്ടായിരുന്നു. അദ്ദേഹത്തിന് 2017 ജൂൺ 15 ന് ബയ്അത്ത് ചെയ്യാൻ ഭാഗ്യം കിട്ടി.

☆ഹുദൂർ അദ്ദേഹത്തോട് പറഞ്ഞു: താങ്കൾ ഇറ്റാലിയൻ ഭാഷയിൽ തർജ്ജമയുടെ ജോലി ചെയ്യുക. Pathway to Peace എന്ന പുസ്തകത്തിന്റെ പുതിയ എഡിഷനിൽ ഡച്ച്, ജപ്പാൻ പാർലമെന്റുകളിൽ ചെയ്ത പ്രഭാഷണങ്ങൾ കൂടി ചേർത്തിട്ടുണ്ട്. ഇതിന്റെ തർജമകളും വേണ്ടതാണ്.

ഇറ്റലി ജമാഅത്ത് സ്വദ്റിനോട് ഹുദൂർ ചോദിച്ചു: ഇറ്റാലിയൻ ഭാഷയിൽ ഇത് തർജമ ചെയ്യപ്പെടുകയാണെങ്കിൽ എത്ര ചെലവു വരും?

സ്വദ്ർ ജമാഅത്ത് പറഞ്ഞു: ഈ പുസ്തകത്തിന്റെ ആദ്യ എഡിഷൻ ജർമൻ ഭാഷയിൽ പ്രസിദ്ധീകൃതമായിരുന്നു.

☆ഹുദൂർ നവഅഹ്മദിയോടു പറഞ്ഞു: താങ്കൾ ബയ്അത്ത് ചെയ്തല്ലോ? ഇനി ഇസ്ലാമികാധ്യാപനങ്ങളെ കുറിച്ചു പഠിക്കുക. അത് ഹൃദിസ്തമാക്കുക. ഫാത്തിഹ സൂറത്ത് ഹൃദിസ്തമാക്കുക. സൂറ ഫാത്തിഹക്ക് 7 ആയത്തുണ്ട്. നബി(സ) തിരുമേനി പറഞ്ഞിരിക്കുന്നത് സൂറ ഫാത്തിഹ ഇല്ലാതെ നമസ്കാരമില്ലെന്നാണ്. അതുകൊണ്ട് അത് പഠിക്കുക.

തുടർന്ന് ഹുദൂർ അദ്ദേഹത്തിന് സൂറ ഫാത്തിഹയും കേൾപ്പിച്ചു കൊടുത്തു. ഇറ്റാലിയൻ സംഘവുമായുള്ള ഹുദൂറിന്റെ കൂടിക്കാഴ്ച 12.25 വരെ നീണ്ടു നിന്നു. ഒടുവിൽ ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അവർക്ക് ഭാഗ്യം കിട്ടി.

**ഗാംബിയ(Gambia)സംഘവുമായുള്ള കൂടിക്കാഴ്ച:**

ഗാംബിയ സംഘത്തിൽ സ്ത്രീ പുരുഷൻമാർ ഉൾപ്പെടെ 21 ആളുകൾ ഈ വർഷത്തെ ജൽസ യു.കെയിൽ പങ്കെടുത്തു. സംഘാംഗങ്ങൾ ഓരോരുത്തരായി സ്വയം പരിചയപ്പെടുത്തി. ഹുദൂറിന്റെ തിരുസമക്ഷത്തിൽ തങ്ങൾക്കുവേണ്ടിയും കുടുംബാംഗങ്ങൾക്കു വേണ്ടിയും ദുആക്കപേക്ഷിച്ചു. ജൽസാ സാലാനയിലെ എല്ലാ പ്രസംഗങ്ങളും തങ്ങളുടെ അറിവിൽ വളരെ വർധനയുണ്ടാക്കിയെന്നും വിശ്വാസത്തിൽ അഭിവൃദ്ധിയുണ്ടാകാനും വളരെ കാര്യങ്ങൾ പഠിക്കാൻ സാധിച്ചുവെന്നും അവർ പറഞ്ഞു.

☆ ഹുദൂർ പറയുന്നു: നിങ്ങൾ നിങ്ങളുടെ വഖ്ഫെ നൗ കുട്ടികളെ സമയത്തുതന്നെ സ്കൂളിൽ ചേർക്കാൻ ധിറുതികാണിക്കുക. അവർക്കിപ്രകാരം സെക്കണ്ടറി വിദ്യാഭ്യാസം പെട്ടെന്ന് പൂർത്തിയാക്കാൻ കഴിയും. ശേഷം ശരിയായ പ്രായത്തിൽത്തന്നെ ജാമിയായിൽ പ്രവേശനം നേടാൻ സാധിക്കുന്നതാണ്. നിങ്ങളുടെ നാട്ടിൽ കുട്ടികൾ വലിയ പ്രായത്തിലെത്തിയാണ് സെക്കണ്ടറി വിദ്യാഭ്യാസം പൂർത്തിയാക്കുന്നത്. രാജ്യത്തിന്റെ രാഷ്ട്രീയ സാഹചര്യങ്ങളെ കുറിച്ച് ചില കാര്യങ്ങൾ ഗാംബിയ ജമാഅത്ത് അമീറിനോടു ഹുദൂർ അന്വേഷിച്ചറിഞ്ഞു.

ഈ കൂടിക്കാഴ്ച 12.40–ന് അവസാനിച്ചു. ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അവർക്ക് ഭാഗ്യം കിട്ടി.

**ഈജിപ്ത്(Egypt)ഷ്യൻ സംഘത്തിന്റെ കൂടിക്കാഴ്ച:**

9 പേരടങ്ങുന്ന സംഘമാണ് ഈ വർഷം ഈജിപ്റ്റിൽ നിന്ന് വന്നത്. സംഘാംഗങ്ങൾ പറഞ്ഞു: ഞങ്ങൾ ജൽസയിൽ വരുമ്പോൾ ഓരോ തവണയും ആത്മീയതയിൽ അഭിവൃദ്ധിയുണ്ടാകുന്നു. ഞങ്ങളുടെ വിശ്വാസത്തിൽ പുരോഗതി കൈവരുന്നു. കാരണം ഖലീഫത്തുൽ മസീഹ് ഇവിടെയുണ്ട്. ജൽസയിൽ സേവനം ചെയ്ത എല്ലാവർക്കും ഞങ്ങൾ നന്ദി പറയുകയാണ്. ഈജിപ്റ്റിൽ നിന്നുള്ള ഞങ്ങൾ അഹ്മദിസഹോദരങ്ങൾ ഹുദൂറിനെ സ്നേഹിക്കുന്നു. ഈജിപ്റ്റിനു വേണ്ടി ഞങ്ങൾ ദുആക്കപേക്ഷിക്കുകയാണ്. ഉന്നതനായ ദൈവം ഞങ്ങളുടെ സാഹചര്യങ്ങളെ നന്നാക്കിത്തരുമാറാകട്ടെ. ഈജിപ്റ്റ് ഒരു ഹൃദയം പോലെയാണ്. ഹൃദയം നന്നായാൽ എല്ലാം നന്നാകുമെന്ന് ഹദീഥിൽ വന്നിട്ടുണ്ട്. അതുകൊണ്ട് ഈജിപ്റ്റിനുവേണ്ടി പ്രത്യേകം ദുആക്കപേക്ഷിക്കുന്നു.

അപ്പോൾ ഹുദൂർ ദുആ ചെയ്തു: 'അത്യുന്നതനായ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.'

☆ ഹുദൂർ തുടർന്നു പറഞ്ഞു: ഈജിപ്റ്റിൽ നിന്ന് മറ്റുള്ള സ്നേഹിതരേയും കൊണ്ടു വരിക. രണ്ടു വ്യക്തികളുടെ യാത്രാ ചെലവു ഞാൻ തരുന്നതാണ്.

അപ്പോൾ സംഘാംഗങ്ങൾ ഹുദൂറിനോട് പറഞ്ഞു: ഭരണകൂടം ഞങ്ങൾക്ക് വിസ നൽകാൻ ദുആക്കപേക്ഷിക്കുന്നു. വിസാ കിട്ടാത്ത കാരണത്താൽ ജനങ്ങൾ ദുഖിതരാണ്.

അപ്പോൾ ഹുദൂർ ദുആ ചെയ്തു: 'അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.'

12.15–ന് ഈ കൂടിക്കാഴ്ച അവസാനിച്ചു. അതിനുശേഷം ഹുദൂറുമൊത്ത് ഫോട്ടോയെടുക്കാനും അവർക്ക് ഭാഗ്യം കിട്ടി.

**യുഗാണ്ട(Uganda)സംഘത്തിന്റെ കൂടിക്കാഴ്ച:**

7 പേരടങ്ങുന്ന സംഘമാണ് ഈ വർഷം യുഗാണ്ടയിൽ നിന്ന് ഈ വർഷം വന്നത്. ഹുദൂർ യുഗാണ്ട അമീർ–മുബല്ലിഗ് ഇൻചാർജിനോടും സെക്രട്ടറി തബ്ലീഗിനോടും ജമാഅത്തിന്റെ സാഹചര്യങ്ങളെ കുറിച്ചും പ്രോഗ്രാമുകളെ കുറിച്ചും അന്വേഷിച്ചു.

യുഗാണ്ട അമീർ സാഹിബ് അസൈലം തേടി വന്ന ജമാഅത്തി സഹോദരങ്ങളെ കുറിച്ചുള്ള റിപ്പോർട്ട് സമർപ്പിച്ചു. വിവിധ പ്രശ്നങ്ങളെ കുറിച്ചു സൂചിപ്പിച്ചു ദുആക്കപേക്ഷിച്ചു.

അപ്പോൾ ഹുദൂർ ദുആ ചെയ്തു: 'അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ബുദ്ധിമുട്ടുകൾ മാറ്റിത്തരുമാറാകട്ടെ.'

തുടർന്ന് ഹുദൂർ അമീർ സാഹിബിനോടു പറഞ്ഞു: ഓഫീസ് സംബന്ധമായ വിഷയങ്ങളെ സംബന്ധിച്ച് താങ്കളുമായി വേറെ കൂടിക്കാഴ്ച ഉണ്ടായിരിക്കും.

1.05വരെ ഈ കൂടിക്കാഴ്ച നടന്നു. ഹുദൂറുമൊത്തു ഫോട്ടോയെടുക്കാനും അവർക്ക് ഭാഗ്യം കിട്ടി.

**സിംബാബ്വെ(Zimbabwe) സംഘവുമായുള്ള കൂടിക്കാഴ്ച:**

സിംബാബ്വെ സ്വദ്ർ ജമാഅത്ത് ആദരണീയനായ യൂസുഫ് അനൂബി സാഹിബിന് ഹുദൂറുമായി അഭിമുഖം നടത്താൻ ഭാഗ്യം കിട്ടി. അനൂബി സാഹിബ് ആദ്യമായാണ് യു.കെ ജൽസ സാലാനയിൽ പങ്കെടുക്കുന്നത്.

ഹുസൂർ അന്വേഷിച്ചപ്പോൾ യൂസുഫ് അനൂബി സാഹിബ് പറഞ്ഞു: സിംബാബ്വെയിൽ മെല്ലെ മെല്ലെ ജമാഅത്തിന്റെ എണ്ണം വർധിച്ചു വരുന്നുണ്ട്. ഞങ്ങളുടെ ആകെ എണ്ണം മൂവായിരമാണ്. അവരിൽ രണ്ടായിരം പേർ ഊർജ്ജസ്വലരാണ്.

വസിയ്യത്ത് വിഭാഗത്തെ കുറിച്ച് വിലയിരുത്തിയതിന്നു ശേഷം ഹുദൂർ പറഞ്ഞു: താങ്കൾ ആദ്യം സ്വയം വസിയ്യത്ത് ചെയ്യുക. ശേഷം മറ്റുള്ളവർ താങ്കളെ പിന്തുടരുന്നതാണ്.താങ്കൾ ഇവിടെ വന്നു ജമാഅത്തിന്റെ എല്ലാ വ്യവസ്ഥിതികളും സംവിധാനങ്ങളും കണ്ടു കഴിഞ്ഞു. ഇനി മടങ്ങിച്ചെന്ന് കഠിനമായി പരിശ്രമിക്കുക. അവിടേയും ഇവിടത്തെ പോലെ ജമാഅത്ത് വ്യവസ്ഥിതിയെ ഉറച്ച അടിത്തറയിൽ നാട്ടുക.

സിംബാബ്വെ സ്വദ്ർ സാഹിബ് തന്റെ അനുഭവങ്ങൾ ഇങ്ങനെ വിവരിച്ചു: ജൽസയിൽ പങ്കെടുത്തുകൊണ്ട് വളരെയധികം കാര്യങ്ങൾ പഠിക്കാൻ സാധിച്ചു. ആദ്യമായാണ് ജൽസയിൽ പങ്കെടുക്കുന്നത്. ജൽസയിലെ എണ്ണവും എല്ലാ

## ഹദീസുന്നബ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**

പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം
അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)

## ഹദീസുന്നബ്വി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക." (സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**

അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)

സംവിധാനങ്ങളും കണ്ടിട്ട് അമ്പരന്നുപോയി.

1.15 വരെ ഈ കൂടിക്കാഴ്ച നീണ്ടു നിന്നു. ഒടുവിൽ ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അദ്ദേഹത്തിനു ഭാഗ്യം കിട്ടി.

**ഘാന(Ghana) സംഘവുമായുള്ള കൂടിക്കാഴ്ച:**

അതുകഴിഞ്ഞ് ഹുദൂർ മഹ്മൂദ് ഹാളിൽ ഘാന സംഘവുമായി കൂടിക്കാഴ്ച നടത്താനെത്തി. 26 പേരടങ്ങുന്ന സംഘമായിരുന്നു ഈ വർഷം അവിടെനിന്ന് വന്നത്. ആദ്യമായി എല്ലാവരും തങ്ങളെ ഹുദൂറിനു പരിചയപ്പെടുത്തി.

ഹുസൂർ നിർദ്ദേശം നല്കിക്കൊണ്ടു പറഞ്ഞു: തജ്നീദ് പൂർത്തിയാക്കാൻ ഘാന സ്വദ്ർ ലജ്ന യോടു പറയുക. രാജ്യത്തിന്റെ എല്ലാ റീജ്യണിലേയും പ്രദേശങ്ങളിലേയും ലജ്നകളുടെ തജ്നീദ് പൂർത്തിയാക്കുക.

ഹുദൂർ ഘാനയുടെ വിവിധ ഭാഗങ്ങളിൽ നടന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് സംസാരിച്ചു.ചില ജമാഅത്തിലെ വ്യക്തികളെ കുറിച്ചും ഇതര വിഷയങ്ങളെ കുറിച്ചും അന്വേഷിച്ചു. ഒടുവിൽ ഹുദൂറുമൊത്ത് ഒറ്റയക്കൊറ്റയ്ക്ക് ഫോട്ടോ എടുക്കാനും എല്ലാവർക്കും ഭാഗ്യം കിട്ടി. ഹുദൂർ വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനകളും കുട്ടികൾക്ക് ചോക്ളേറ്റുകളും നൽകി. 1.35 വരെ ഈ കൂടിക്കാഴ്ച തുടർന്നു.

**ആഫ്രിക്കൻ അർറഖീം പ്രസ് പ്രതിനിധികളുമായുള്ള കൂടിക്കാഴ്ച:**

തുടർന്ന് ഹുദൂർ തന്റെ ഓഫീസിലെത്തി. ആഫ്രിക്കൻ രാഷ്ട്രങ്ങളിൽ പ്രവർത്തിക്കുന്ന അർറഖീം പ്രസിൽ സേവനം ചെയ്യുന്ന മുബല്ലിഗീംകളും പ്രവർത്തകരും അവിടെയുണ്ടായിരുന്നു. സംയുക്തമായി അവർ ഹുദൂറുമായി കൂടിക്കാഴ്ച നടത്തി.ഘാന, ഐവറി കോസ്റ്റ്, ബുർക്കിനോ ഫാസോ, ഗാംബിയ, സിയറ ലിയോൺ, കെനിയ, ടൻസാനിയ, ബെനിൻ എന്നീ രാഷ്ട്രങ്ങളിൽ നിന്നുള്ള അഹ്മദിയ്യ പ്രസ് പ്രതിനിധികൾ ഈ വർഷത്തെ ജൽസയിൽ പങ്കെടുത്തിരുന്നു. എല്ലാവരും അവരവരുടെ പ്രവർത്തന റിപ്പോർട്ട് സമർപ്പിച്ചു.

ഘാന പ്രതിനിധികൾ പറഞ്ഞു:

ഘാനയിലെ പ്രാദേശിക ഭാഷയിൽ ഈ വർഷം വിശുദ്ധ ഖുർആൻ തർജമ രണ്ടായിരംകോപ്പി പ്രസിദ്ധീകരിച്ചു. ഇതര രാഷ്ട്ര പ്രതിനിധികൾ അവരുടെ നാട്ടിൽ പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങളെ കുറിച്ചും മറ്റും റിപ്പോർട്ട് നൽകി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ റിവ്യൂ ഓഫ് റിലീജ്യൻസ് മാസികയുടെ ഫ്രഞ്ച് എഡിഷനും അത്തഖ്വാ മാസികയും ആഫ്രിക്കൻ രാജ്യങ്ങൾക്കുവേണ്ടിയുള്ള പ്രസുകളിൽ പ്രസിദ്ധീകരിച്ചു വരുന്നു. ചില രാജ്യങ്ങളിൽ പ്രസ് വിപുലീകരണത്തിനു വേണ്ടി കൂടുതൽ മെഷീനുകളുടെ ആവശ്യമുണ്ട് എന്നു സൂചിപ്പിച്ചപ്പോൾ ഹുദൂർ പറഞ്ഞു: സ്വന്തം ചെയ്യാൻ പറ്റുമെങ്കിൽ ചെയ്യുക. ഈ കൂടിക്കാഴ്ച 1.45 വരെ നീണ്ടു നിന്നു. 2 മണിക്ക് മസ്ജിദ് ഫള്ലിൽ ളുഹ്റും അസ്റും ഹുദൂർ ജംആക്കി നമസ്കരിപ്പിച്ചു.

**വിരുന്ന്**

ജൽസ സാലാനയിൽ പങ്കെടുക്കാൻ വന്ന കേന്ദ്ര പ്രതിനിധികളെ ആദരിച്ചുകൊണ്ട് യു.കെ അഹ്മദിയ്യാ ജമാഅത്ത് ഒരു വിരുന്ന് ഒരുക്കിയിരുന്നു. കേന്ദ്ര ഗസ്റ്റ് ഹൗസുകളുടെ പിന്നിൽ തയ്യാറാക്കിയ താൽക്കാലിക പന്തലിലാണ് ഇതിന് സംവിധാനം ഒരുക്കിയിരുന്നത്. ഖാദിയാൻ, റബ്വ പ്രതിനിധികൾ, വിവിധ രാഷ്ട്രങ്ങളിൽ നിന്നുള്ള അമീർമാർ, നാഷണൽ സ്വദ്ർമാർ, മുബല്ലിഗുമാർ, ഇതര ജമാഅത്തീ ഉദ്യോഗസ്ഥർ എന്നിവർ ഈ വിരുന്നിൽ പങ്കെടുത്തു.

നമസ്കാര ശേഷം ഹുദൂർ പന്തലിലെത്തി. പ്രതിനിധികളോടൊപ്പം വിരുന്നിൽ പങ്കെടുത്തു. ശേഷം ദുആ ചെയ്യിച്ചു. തുടർന്ന് താമസസ്ഥലത്തേക്ക് മടങ്ങി.

**കനഡയിൽ നിന്നുള്ള ഖുദ്ദാമുമായുള്ള കൂടിക്കാഴ്ച:**

4.45-ന് ഹുദൂർ മഹ്മൂദ് ഹാളിലെത്തി. കനഡയിൽ നിന്ന് വന്ന 365 ഖുദ്ദാമിനെ ഹുദൂർ ഹസ്തദാനംകൊണ്ട് അനുഗ്രഹിച്ചു. ഫോട്ടോ എടുക്കാനും അവർക്ക് ഭാഗ്യം കിട്ടി. കനഡ ഖുദ്ദാം സംഘം 2017 ജൂലൈ 25 മുതൽ ആഗസ്റ്റ് 6-വരെ യു.കെയിൽ തങ്ങിയിരുന്നു. അവർ ജൽസയിലും പങ്കെടുത്തു. ജൽസക്ക് ശേഷം വൈന്റപ്പ് ഡ്യൂട്ടിയും അവർ നിർവ്വഹിച്ചു. ഒരു ചാർട്ടേഡ് ഫ്ളൈറ്റിലാണ് ഈ ഖുദ്ദാം കനഡയിൽ നിന്ന് ലണ്ടനിലെത്തിയത്. 12 റീജ്യണായി വിഭജിക്കപ്പെട്ട ഒരു പ്രവിശാലമായ രാജ്യമാണ് കനഡ.എല്ലാ റീജ്യണിൽ നിന്നും ഖുദ്ദാം എത്തിയിരുന്നു. യാത്രാ വേളയിലും അവർക്ക് ജമാഅത്തായി നമസ്കരിക്കാനുള്ള അവസരം കിട്ടിക്കൊണ്ടിരുന്നു. ഇതിന്റെ വീഡിയോ ദൃശ്യങ്ങൾ വാട്ട്സപ്പ് വഴി ലക്ഷക്കണക്കിന് പേർ ദർശിക്കുകയുണ്ടായി.

**വ്യക്തിപരവും കുടുംബ പരവുമായ കൂടിക്കാഴ്ചകൾ:**

എല്ലാവരുമായുള്ള ഫോട്ടോകൾ എടുക്കുന്ന പരിപാടിക്ക് ശേഷം ഹുദൂർ ഓഫീസിൽ പോയി. അവിടെ 29 കുടുംബങ്ങളിൽ നിന്നുള്ള 145 ആളുകളും വ്യക്തിപരമായി 37 ആളുകളും ഉൾപ്പെടെ 182 പേർ ഹുസൂറുമായി കൂടക്കാഴ്ച നടത്തി. 28 രാജ്യങ്ങളിൽ നിന്നുള്ള കുടുംബങ്ങളാണ് ഇന്ന് കൂടിക്കാഴ്ചക്കെത്തിയത്. പാക്കിസ്താൻ, അമേരിക്ക, സ്പെയിൻ, കനഡ, സഊദി അറേബ്യ, ടൻസാനിയ, ഡെന്മാർക്ക്, നോർവെ, നൈജീരിയ, അബൂദാബി, യു.കെ, ഇന്ത്യ, ജർമനി, ഹോളണ്ട്, ഇറ്റലി, ബംഗ്ലാദേശ്, ഘാന, ഫിലിപ്പൈൻസ്, സ്വീഡൻ, ഇന്തൊനേഷ്യ, യുഗാണ്ട, റോം, ഖത്തർ, ഐവറി കോസ്റ്റ്, മൗറീഷ്യസ്, അയർലണ്ട്, ബെനിൻ എന്നിവയാണ് ആ രാഷ്ട്രങ്ങൾ.

എല്ലാവരും പ്രിയപ്പെട്ട ഹുദൂറിനോടൊപ്പം ഫോട്ടോ എടുത്ത് സായൂജ്യം നേടി. വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനയും കുട്ടികൾക്ക് ചോക്ലേറ്റും ഹുദൂർ നൽകി. 8.45 വരെ ഈ പരിപാടി തുടർന്നു. മഗ്രിബ് ഇശാഅ് നമസ്കാരം ഹുദൂർ മസ്ജിദ് ഫള്ലിൽ ജംആക്കി നമസ്കരിപ്പിച്ചു.

(ബാക്കി അടുത്തലക്കത്തിൽ)


**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെ ക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.


**( പേജ് 1ൽനിന്ന്)** പ്പെടുകയും ചെയ്യുന്നു. അതിനുശേഷം അവൻനിങ്ങളെ ജീവിപ്പിക്കുന്നതാണ്. അതിനാൽ നിങ്ങളെത്രയും വേഗം പരസ്പരം ഐക്യപ്പെടുകയും നിങ്ങളുടെ സഹോദരങ്ങളുടെ തെറ്റുകുറ്റങ്ങൾ പൊറുത്തുകൊടുക്കുകയും ചെയ്യുക. എന്തുകൊണ്ടെന്നാൽ, തന്റെ സഹോദരനുമായി ഐക്യത്തിനിഷ്ടപ്പെടാത്ത മനുഷ്യൻ ദുഷ്ടനാണ്. അവൻ മുറിച്ചുനീക്കപ്പെടും. കാരണം അവൻ ഭിന്നിപ്പുണ്ടാക്കുന്നു. നിങ്ങൾ നിങ്ങളുടെ ഇന്ദ്രിയാശകളെ എല്ലാ വശത്തൂടെയും ഉപേക്ഷിക്കുകയും പരസ്പരമുള്ള വെറുപ്പ് കൈവെടിയുകയും ചെയ്യുക. നിങ്ങൾ പൊറുക്കപ്പെടുന്നവരാകാൻസത്യവാനായിക്കൊണ്ട്വ്യാജനെപ്പോലെ വിനയം കൈക്കൊള്ളുക. ഏതൊരു വാതിലിലൂടെയാണോ നിങ്ങൾ വിളിക്കപ്പെടുന്നത് അതിലൂടെ കടക്കാൻ തടിച്ചവന് സാധ്യമല്ലാത്തതിനാൽ ശരീരേച്ഛകളുടെ തടി ഉപേക്ഷിക്കുക.

ദൈവത്തിന്റെ വായിൽനിന്ന് പുറപ്പെടുകയും ഞാൻ വിവരിക്കുകയും ചെയ്ത ഇക്കാര്യങ്ങളെ അംഗീകരിക്കാത്ത മനുഷ്യൻ എത്രമാത്രം നിർഭാഗ്യനാണ്. ഉപരിലോകത്ത് അല്ലാഹു നിങ്ങളെ തൃപ്തിപ്പെടണമെന്നാഗ്രഹിക്കുന്നെങ്കിൽ ഒരമ്മ പെറ്റ മക്കളെപ്പോലെ നിങ്ങൾ ഐക്യത്തിൽ വർത്തിക്കുവിൻ. സ്വന്തം സഹോദരന്റെ തെറ്റുകുറ്റങ്ങൾ അധികമായി പൊറുത്തുകൊടുക്കുന്നവനാണ് നിങ്ങളിലേറ്റവും ആദരണീയൻ. കടുംപിടിത്തം പിടിക്കുകയും പൊറുത്തുകൊടുക്കാതിരിക്കുകയും ചെയ്യുന്നവൻ അങ്ങേയറ്റം ഭാഗ്യം കെട്ടവനത്രെ. അതിനാൽ, അവനു ഞാനുമായി ഒരു ബന്ധവുമില്ല. ദൈവത്തിന്റെ ശാപത്തെതൊട്ടു വളരെ ഭയമുള്ളവരായിരിക്കുവിൻ! അവൻ പരിശുദ്ധനും അഭിമാനിയുമത്രെ. ദുർവൃത്തൻ ദൈവസാമീപ്യം ആർജിക്കുകയില്ല. അഹങ്കാരി ദൈവത്തിന്റെ സായൂജ്യം നേടുകയില്ല. അക്രമി അവന്റെ സാമീപ്യം സമ്പാദിക്കുകയില്ല. വഞ്ചകൻ അവന്റെയടുക്കൽ സ്ഥാനം കരസ്ഥമാക്കുകയില്ല. അവന്റെ നാമത്തിൽ അഭിമാനം കൊള്ളാത്തവരാരുംതന്നെ അവന്റെ സാമീപ്യം കൈവരിക്കുകയില്ല. ഭൗതികാഡംബരങ്ങളിലാകർഷനായിക്കൊണ്ട് ഈ പ്രപഞ്ചാനുരാഗത്തിലേക്ക് ശ്വാക്കളേയും ഉറുമ്പുകളേയും കഴുകന്മാരേയും പോലെ വീഴുന്നവരും ദൈവസാമീപ്യം കരസ്ഥമാക്കുകയില്ല. അവിശുദ്ധമായ എല്ലാ കണ്ണുകളും അവനിൽനിന്ന് അജ്ഞാതമാകുന്നു. അവനുവേണ്ടി അഗ്നിയിൽ വീഴുന്നവൻ അഗ്നിയിൽനിന്ന് രക്ഷിക്കപ്പെടും. അവനുവേണ്ടി കരയുന്നവൻ ചിരിക്കും. അവനുവേണ്ടി ദുൻയാവിനോടുള്ള ബന്ധം വിടുന്നവനു അത് ലഭിക്കും. നിങ്ങൾ സത്യഹൃദയത്തോടും പൂർണമായ വിശ്വസ്തതയോടും തീവ്രയത്നത്തോടുംകൂടി ദൈവത്തിന്റെ സ്നേഹിതരായിത്തീരുക. എന്നാൽ, അവൻ നിങ്ങളുടെ ചങ്ങാതിയായി മാറും. നിങ്ങൾ നിങ്ങളുടെ ആശ്രിതരോടും നിങ്ങളുടെ ഭാര്യമാരോടും നിങ്ങളുടെ പാവപ്പെട്ട സഹോദരങ്ങളോടും കാരുണ്യം കാട്ടുവിൻ! എന്നാൽ, ഉപരിലോകത്ത് നിങ്ങളോടും കരുണചെയ്യപ്പെടും. അവനും നിങ്ങളുടേതായിത്തീരുന്നതിനുവേണ്ടി നിങ്ങൾ തീർത്തും അവന്റേതായിത്തീരുവിൻ." **(റൂഹാനീ ഖസാഇൻ വാള്യം 19, കശ്തിയെ നൂഹ് പേജ് 11)**


**കലാമുൽ ഇമാം:-**

**"ദുഃഖമുണ്ടാകുമ്പോഴും വിപത്ത് വരുമ്പോഴും ക്ഷണത്തിൽ നമസ്കാരത്തിന് നിൽക്കുക എന്ന കുറിപ്പടി എപ്പോഴും ഓർത്തു കൊള്ളുകയും അതിൽനിന്ന് ഫലമെടുക്കുകയും ചെയ്തുകൊള്ളുക."**
**(മൽഫൂദാത്ത്, വാള്യം 5, പേജ് 96).**

**ത്വാലിബെ ദുആ:**
**റഹ്മാൻ ശക്കീറും കുടുബവും അഹ്മദിയ്യാ ജമാഅത്ത്, കരുളായി (കേരള)**

**കലാമുൽ ഇമാം:-**

**"ആരെയാണോ ഏതെങ്കിലും കച്ചവടമോ ക്രയവിക്രയമോ അല്ലാഹുവിനെ സ്മരിക്കുന്നതിൽനിന്ന് തടയാത്തത് അവരായിരിക്കണം നിങ്ങളുടെ മാതൃകയായിട്ടുള്ളവർ എന്ന് അല്ലാഹു പറയുന്നു."**
**(മൽഫൂദാത്ത്, വാള്യം 5, പേജ് 104)**

**ത്വാലിബെ ദുആ:**
**പരേതനായ അബ്ദുർറഹ്മാൻ തങ്ങൾ സാഹിബിന്റെ കുടുംബം അഹ്മദിയ്യാ ജമാഅത്ത് ചാവക്കാട് (കേരള)**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-3 Thursday 07 June 2018 Issue-23

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

# സ്വദഖത്തുൽ ഫിത്ർ

അൽഹംദുലില്ലാഹ് അനുഗൃഹീതമായ റമളാൻ മാസം മെയ് രണ്ടാമത്തെ ആഴ്ചമുതൽ ആരംഭിച്ചു കഴിഞ്ഞിരിക്കുകയാണ്. ഇസ്‌ലാമിൽ ഫിത്ർ സക്കാത്ത് കൊടുക്കുന്നതിന് ഒരു സ്വാഅ് ധാന്യമാണ് തോത് നിശ്ചയിച്ചിട്ടുള്ളത്; ഏകദേശം രണ്ടു കിലോ 750 ഗ്രാമിന് തുല്യം. ജമാഅത്തംഗങ്ങൾ പൂർണതോതോടുകൂടി റമളാൻ മാസത്തിന്റെ ആദ്യത്തേയോ രണ്ടാമത്തേയോ പത്തിന്റെ ഉള്ളിൽ ഫിത്ർ സക്കാത്ത് കൊടുക്കാൻ ശ്രമിക്കുക. ഇന്ത്യയിലെ സംസ്ഥാനങ്ങളിലെ (ഗോതമ്പ്, അരി)ധാന്യങ്ങളുടെ വില വ്യത്യസ്തമാണ്. അതുകൊണ്ട് നിങ്ങളുടെ തദ്ദേശവിലയുടെ അടിസ്ഥാനത്തിൽ നിശ്ചിത തോതനുസരിച്ച് ഫിത്ർ സക്കാത്ത് കൊടുത്തു വീട്ടുക.

പഞ്ചാബ് സംസ്ഥാനത്തേക്ക് ഈ വർഷം ഫിത്ർസക്കാത്ത് നിശ്ചയിച്ചിട്ടുള്ളത് ആളോഹരി 52 രൂപയാണ്. തദ്ദേശ ജമാഅത്തിൽ അർഹരായവരുണ്ടെങ്കിൽ ഫിത്ർസക്കാത്തിന്റെ മൊത്തം തുകയിൽനിന്ന് 90% വരെ മജ്‌ലിസെ ആമിലായുടെ കൂടിയാലോചനയ്ക്കും തീരുമാനത്തിനും ശേഷം വിതരണം ചെയ്യാവുന്നതാണ്. ബാക്കി തുക കേന്ദ്രത്തിലേക്ക് അയക്കേണ്ടതാണ്. ഇനി സക്കാത്തിന്നർഹരായവർ ആരും ജമാഅത്തിലില്ലെങ്കിൽ ആ ജമാഅത്തിൽ കിട്ടിയിട്ടുള്ള മുഴുവൻ തുകയും സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ ജമാഅത്ത് അക്കൗണ്ടിൽ വരേണ്ടതാണ്. ഫിത്ർസക്കാത്തിന്റെ തുക മസ്ജിദു തുടങ്ങിയ ആവശ്യങ്ങൾക്കുവേണ്ടി ചെലവഴിക്കാൻ അനുവാദമില്ലെന്ന കാര്യം ഓർക്കുക.

# ഈദു ഫണ്ട്

ഈ ചന്ദ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലംമുതലെ നിലവിലുള്ളതാണ്. ഈ ഫണ്ട് കൊണ്ടുള്ള ഉദ്ദേശ്യം സന്തോഷവേളകളിൽ മനുഷ്യൻ വ്യക്തപരമായ സന്തോഷത്തിനായി വസ്ത്രങ്ങൾക്കും ഭക്ഷണത്തിനും സൽക്കാരത്തിനും മറ്റുമായി പല രീതിയിലുള്ള ചെലവുകൾ നടത്തുമ്പോൾ, മറ്റുള്ളവർക്ക് ഉപഹാരങ്ങൾ നല്കുമ്പോൾ ദീനിന്റെ ഉദ്ദേശ്യങ്ങളും മറക്കാതിരിക്കുക എന്നതാണ്; ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്ന് അഹ്മദി സഹോദരങ്ങൾ ബയ്അത്തിൽ ഏറ്റുപറഞ്ഞിട്ടുമുണ്ട്. അതുകൊണ്ട് അഹ്മദീ സഹോദരങ്ങൾ സന്തോഷവേളകളിൽ ദീനീപരമായ ഉദ്ദേശ്യങ്ങൾ തീർച്ചയായും ഓർക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ ഉദ്ദേശ്യസാഫല്യത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ വരുമാനമുള്ള അഹ്മദീ സഹോദരങ്ങൾ ആളോഹരി ഒരു രൂപ എന്ന നിലയിൽ ഈദുഫണ്ട് കൊടുക്കാറുണ്ടായിരുന്നു. ഇപ്പോൾ ഒരു രൂപയ്ക്ക് ഒരു വിലയുമില്ല. അതുകൊണ്ട് അത് ഒരു രൂപയായി ചുരുക്കി നിറുത്താതെ കഴിവുള്ളടത്തോളം നല്കുക. സാധാരണ പെരുന്നാൾ ദിവസം എത്രത്തോളം ചെലവഴിക്കുന്നുവോ അതിന്റെ പകുതി കൊടുക്കുക എന്നതാണ് അഭിപ്രായം. പെരുന്നാളിനു മുമ്പേ ഏതു സമയത്തും ഈദു ഫണ്ട് നല്കാവുന്നതാണ്. ഇതു കേന്ദ്ര ചന്ദയാണ്. മുഴുവനും സ്വദ്ർ അഞ്ചുമൻ അഹ്മദിയായുടെ അക്കൗണ്ടിൽ അടയ്ക്കേണ്ടത് നിർബന്ധമാണ്. അതിൽനിന്ന് തദ്ദേശപരമായ നിലയിൽ ചെലവഴിക്കാൻ അനുവാദമില്ല.

**----- (നാളിർ ബയത്തുൽമാൽ ആമദ് ഖാദിയാൻ).**

**(പേജ് 2ൽ നിന്ന്)**

അതായത്, നമ്മൾ അത്യുത്തമ കർമങ്ങളാണ് അല്ലാഹുവിന്റെ സന്നിധിയിൽ സമർപിക്കാൻ കൊണ്ടുപോകുന്നത്. ഈ കർമങ്ങൾ സൂര്യപ്രകാശംപോലെ തിളങ്ങുന്നുണ്ട് എന്നൊക്കെ പറഞ്ഞ് അവർ മുന്നോട്ടുപോകുകയാണ്. അത് വളരെ ഭാരമേറിയതായിരുന്നു. എത്രത്തോളമെന്നാൽ മൂവായിരം മലക്കുകളാണ് അവ ചുമന്നിരുന്നത്. അവർ ഏഴാനാകാശത്തിന്റെ വാതിൽക്കലെത്തി. അപ്പോൾ അവിടെ കാവൽനിന്ന മലക്ക് അവരോടു പറഞ്ഞു: നിൽക്കൂ! നിങ്ങൾക്ക് മുന്നോട്ടു പോകാനനുവാദമില്ല. നിങ്ങൾ തിരിച്ചുപോവുക. ഈ കർമങ്ങൾ ഇതിന്റെ ഉടമസ്ഥന്റെ മുഖത്തെറിയുക. കാരണം അല്ലാഹുവിന്റെ തൃപ്തിമാത്രം കാംക്ഷിച്ചുകൊണ്ടുള്ള കപടതയില്ലാത്ത കർമങ്ങളല്ലാതെ ഇതുവഴി കടത്തിവിടരുതെന്ന് എനിക്ക് കല്പന ലഭിച്ചിരിക്കുന്നു. അല്ലാഹു അല്ലാത്തവർക്കുവേണ്ടിയാണ് അയാൾ ഈ കർമങ്ങളെല്ലാം ചെയ്തിട്ടുള്ളത്. *"അറാദബിഹീ റഫ്അത്തൻ ഇൻദൽഫുഖഹായി"* ഈ വ്യക്തി കർമശാസ്ത്ര പണ്ഡിതന്മാരുടെ സദസ്സിലിരുന്ന പൊങ്ങച്ചത്തോടെ കഴുത്തുയർത്തി തന്റെ പാണ്ഡിത്യത്തെപ്പറ്റിയും ഗവേഷണത്തെപ്പറ്റിയും വീമ്പിളക്കുമായിരുന്നു. അതുമൂലം തന്റേതായ ഉന്നതപദവിയും മഹത്ത്വവും വെളിപ്പെടുത്തുകയായിരുന്നു അയാളുടെ ലക്ഷ്യം. അല്ലാഹുവിന്റെ തൃപ്തിക്കു വേണ്ടിയല്ല അയാൾ ഈ കർമങ്ങൾ ചെയ്തത്. പ്രത്യുത പ്രകടനത്തിനു വേണ്ടിയായിരുന്നു. *'വ ദിക്റൻ ഇൻദൽഉലമാഇ വ സ്വീത്തൻ ഫിൽമദാഇനി'* ഈ ലോകത്ത് ഒരു മഹാത്മാവായി അറിയപ്പെടണമെന്നും ആലിംകളുടെ ഇടയിൽ താനൊരു ചർച്ചാവിഷയമാകണമെന്നും അയാൾ ആഗ്രഹിച്ചു.

*'അമാനീ റബ്ബീ അൻ അദഉ അമലഹൂ യുജാവിസ്നീ ഇലാഗയ്രി വ കുല്ല അമലിൻ ലം യകുനില്ലാഹുത്തആലാ ഖാലിസൻ ഫഹുവ രിയാഉൻ'* അല്ലാഹുവിനുവേണ്ടി പ്രത്യേകപ്പെടുത്തിയിട്ടില്ലാത്തതും, പ്രദർശനപരത കലർന്നിട്ടുള്ളതുമായ ആ കർമങ്ങൾ അല്ലാഹുവിന്റെ സന്നിധിയിൽ സ്വീകരിക്കപ്പെടുകയില്ല. അങ്ങനെയുള്ള കർമങ്ങൾ മുന്നോട്ടുകൊണ്ടുപോകാനനുവദിക്കരുതെന്ന് ഞാൻ കല്പിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ തിരിച്ചുചെന്ന് ഈ കർമങ്ങൾ ഇതിന്റെ ഉടമസ്ഥന്റെ മുഖത്തെറിയുക.

നബികരീം(സ) പറഞ്ഞു: വേറെ ചില മലക്കുകൾ പിന്നൊരാളുടെ കർമങ്ങളുമായി ആകാശങ്ങളിലേക്കുയർന്നു. ഏഴ് ആകാശങ്ങളുടേയും കാവൽക്കാരായ മലക്കുകൾ അവരെ പോകാനനുവദിച്ചു. ആ കർമങ്ങളോട് മലക്കുകൾക്ക് അതൃപ്തിയൊന്നുമുണ്ടായിരുന്നില്ല. ആ കർമങ്ങളിൽ സക്കാത്തും നോമ്പും നമസ്കാരവും ഹജ്ജും ഉംറയും സൽസ്വഭാവവും ദൈവസ്മരണയുമുണ്ടായിരുന്നു. അവ അല്ലാഹുവിന്റെ തിരുമുമ്പിൽ സമർപിക്കാനായി മലക്കുകൾ മുന്നോട്ടു നീങ്ങി. ആകാശങ്ങളിലെ മലക്കുകളും അവരോടൊപ്പം ചേർന്നു. കവാടങ്ങളെല്ലാം പിന്നിട്ട്, അവർ അല്ലാഹുവിന്റെ തിരുസന്നിധിയിലെത്തി. ആ മലക്കുകൾ അല്ലാഹുവിന്റെ സവിധത്തിൽ ഇപ്രകാരം ബോധിപ്പിച്ചു. "ഞങ്ങളുടെ നാഥാ, നിന്റെ ഈ ദാസൻ എപ്പോഴും നിന്റെ ആരാധനയിൽ മുഴുകിയിരുന്നു. അദ്ദേഹം വലിയ സൽക്കർമിയാണ്. തന്റെ വിലപ്പെട്ട സമയം മുഴുവനും നിന്റെ അനുസരണത്തിൽ ചെലവഴിച്ചു. അദ്ദേഹം വളരെ ആത്മാർഥതയുള്ള ദാസനാണ്. അദ്ദേഹത്തിൽ ന്യൂനതകളൊന്നും തന്നെയില്ല." ചുരുക്കിപ്പറഞ്ഞാൽ, അവർ അദ്ദേഹത്തെ മുക്തകണ്ഠം പ്രശംസിച്ചു. അല്ലാഹു പറഞ്ഞു: 'കർമങ്ങളെഴുതി ഭദ്രമായി സൂക്ഷിക്കുന്നതിനുവേണ്ടിയാണ് ഞാൻ നിങ്ങളെ നിയോഗിച്ചിട്ടുള്ളത്. മനുഷ്യന്റെ പ്രത്യക്ഷമായ കാര്യങ്ങൾ കാണുകയും അവ നിങ്ങൾ എഴുതിവയ്ക്കുകയും ചെയ്യുന്നു. *'വ അനർറഖീബു അലാ ഖൽബിഹീ'* ഞാനവന്റെ ഹൃദയത്തെ കാണുന്നു. *'ഇന്നഹു ലം യറവ്നീ ലിഹാദൽഅമലി'* ഈ കർമങ്ങൾകൊണ്ട് അവൻ എന്റെ തൃപ്തിയല്ല ആഗ്രഹിച്ചത്. യഥാർഥത്തിൽ അയാളുടെ ഉദ്ദേശ്യവും ലക്ഷ്യവും മറ്റൊന്നായിരുന്നു. *'അറാദബിഹീ ഗയ്രീ'* എനിക്കു പുറമെ മറ്റാരെയോ സംതൃപ്തനാക്കാൻ അയാൾ ആഗ്രഹിച്ചു. *'ഫഅലയ്ഹി ലഅനത്തീ'* അയാളുടെമേൽ എന്റെ ശാപമുണ്ട്.' അപ്പോൾ എല്ലാ മലക്കുകളും വിളിച്ചുപറയും. 'ഞങ്ങളുടെ നാഥാ, അയാളുടെമേൽ നിന്റെയും ഞങ്ങളുടെയും ശാപമുണ്ടാവട്ടെ.' അയാളുടെമേൽ ഏഴാകാശങ്ങളും അതിലുള്ള മുഴുവൻ സൃഷ്ടിജാലങ്ങളും ശാപം ചൊരിയാൻ തുടങ്ങും.

നബി(സ)തിരുമേനിയുടെ ഈ വസിയ്യത്ത് ഹദ്റത്ത് മുആദ്(റ) കേട്ടപ്പോൾ അദ്ദേഹത്തിന്റെ ഹൃദയം വിറകൊണ്ടു. അദ്ദേഹം ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, ഞങ്ങളുടെ കർമങ്ങളുടെ അവസ്ഥ ഇതാണെങ്കിൽ, എനിക്ക് എങ്ങനെയാണ് മോക്ഷം ലഭിക്കുക. അവിടന്ന് പറഞ്ഞു: *'ഇഖ്തദിബീ'* നീ എന്റെ സുന്നത്തനുസരിച്ച് പ്രവർത്തിക്കുക. അല്ലാഹുവിന്റെ ദാസൻ എത്ര നല്ല കർമം ചെയ്താലും അതിൽ ചില വീഴ്ചകൾ ഉണ്ടാകുമെന്ന് വിശ്വസിക്കുക. തന്മൂലം നീ നിന്റെ കർമങ്ങളിൽ ഊറ്റം കൊള്ളരുത്. രക്ഷിതാവായ അല്ലാഹു തന്റെ ദാസന്റെ കർമങ്ങളിലുള്ള ന്യൂനതകളെ മാപ്പു ചെയ്യുന്നവനാണെന്ന് ഉറച്ചുവിശ്വസിക്കുകയാണ് വേണ്ടത്. *'വ ഹാഫിള് അലാ ലിസാനിക്ക'* നിന്റെ നാവിനെ നീ നിയന്ത്രിക്കുക. ആരേയും അതുമുഖേന വിഷമിപ്പിക്കരുത്. തെറ്റായ കാര്യങ്ങൾ നിന്റെ നാവിലൂടെ പുറത്തുവരരുത്. നീ സ്വയം മറ്റുള്ളവരേക്കാൾ ഭക്തനും സാത്വികനുമാണെന്ന് മനസ്സിലാക്കാതിരിക്കുക. നിന്റെ മേന്മയെ നീ വിളംബരം ചെയ്യരുത്. *'വലാ തുദ്ഖിൽ അമലദുൻയാ ബി അമലിൽ ആഖിറത്തി'* അല്ലാഹുവിന്റെ പ്രീതിയാർജിക്കുന്നതിനും പരലോകജീവിതം ഗുണകരമാകുന്നതിനുമായി നീ ചെയ്യുന്ന കർമങ്ങളിൽ ലൗകിക സുഖം കൂട്ടിക്കലർത്താതിരിക്കുക. ജനങ്ങളിൽ കുഴപ്പവും ലഹളയും ഉണ്ടാക്കുന്നതിനും അവരെ ഭിന്നിപ്പിക്കുന്നതിനും ശ്രമിക്കരുത്. അങ്ങനെ നീ ചെയ്താൽ പുനരുഥാനനാളിൽ നരകത്തിലെ നായ നിന്നെ കടിച്ചുകീറുന്നതാണ്. ജനങ്ങളുടെ മുന്നിൽ അവരെ കാണിക്കാനായി നീ ഒന്നും പ്രവർത്തിക്കാതിരിക്കുക."

**(റൂഹുൽബയാൻ, വാള്യം 1, പേജ് 76,77)**

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

# ഇഅ്തികാഫ്

"ഇഅ്തികാഫിൽ എങ്ങോട്ടും നടക്കാതെ ഉള്ളിൽതന്നെ ഇരിക്കണമെന്ന് നിർബന്ധമില്ല. പള്ളിയുടെ മുകളിൽ വെയിലുണ്ടാകും അവിടെപ്പോയി ഇരിക്കാവുന്നതാണ്. ഇവിടെ താഴെ തണുപ്പ് കൂടുതലാണ്. ഒഴിച്ചുകൂടാനാവാത്ത കാര്യങ്ങൾ സംസാരിക്കുകയും ചെയ്യാം. പാലിക്കേണ്ടുന്ന കാര്യങ്ങൾ എപ്പോഴും ശ്രദ്ധയിലുണ്ടാവണം. സത്യവിശ്വാസിയുടെ എല്ലാ കാര്യങ്ങളും ഇബാദത്തു തന്നെയാണ്." (മൽഫൂദാത്ത് വാള്യം 4 പേജ് 288)

? ഇഅ്തികാഫിൽ ഭൗതിക ഇടപാടുകളെക്കുറിച്ചു സംസാരിക്കാമോ?

ഒഴിച്ചു കൂടാനാവാത്തതാണെങ്കിൽ സംസാരിക്കാവുന്നതാണ്. രോഗിയെ കാണുന്നതിനും നിർബന്ധ കാര്യത്തിനുംവേണ്ടി വെളിയിലിറങ്ങാവുന്നതാണ്. (മൽഫൂദാത്ത് വാള്യം 9 പേജ് 196)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin